# ജീവദീപ്തി

jeevadeepthi@gmail.com

February 2026 Book 02 Volume 16



## 40 വർഷത്തിന്റെ പാദ സ്പർശന സുഗന്ധം

# 1986–ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ വരാപ്പുഴ അതിരൂപതയിൽ നടത്തിയ പ്രസംഗത്തിന്റെ മലയാള പരിഭാഷ

*വരാപ്പുഴ അതിരൂപതയുടെ എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ സന്ദർശന വേളയിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നടത്തിയ പ്രഭാഷണം*

*കൊച്ചി ഇന്ത്യ*
*1986 ഫെബ്രുവരി 7, വെള്ളി*

*പ്രിയപ്പെട്ട ആർച്ച് ബിഷപ്പ് കേളന്തറ,*
*ക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരങ്ങളെ,*

*വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ നാമധേയത്തിലുള്ള ഈ കത്തീഡ്രൽ സന്ദർശിക്കാൻ സാധിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനാണ്; ഇത് എനിക്ക് ലഭിച്ച വലിയൊരു ബഹുമതിയായി ഞാൻ കരുതുന്നു. വരാപ്പുഴ അതിരൂപത അതിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വർഷം തന്നെ ഇവിടെ വരാൻ കഴിഞ്ഞതിൽ എനിക്ക് പ്രത്യേക സന്തോഷമുണ്ട്. നമ്മുടെ പൂർവ്വികർക്ക് ദൈവം നൽകിയ അനേകം അനുഗ്രഹങ്ങളെക്കുറിച്ചും, ദൈവവചനത്തിന്റെ ഫലസമൃദ്ധമായ വിളവെടുപ്പിനെക്കുറിച്ചും, എല്ലാ കാലഘട്ടങ്ങളിലും ദൈവിക പരിപാലന സഭയെ നയിച്ച രീതിയെക്കുറിച്ചും കൃതജ്ഞതയോടെ സ്മരിക്കാൻ ഈ സുപ്രധാന അവസരം നമ്മെ ക്ഷണിക്കുന്നു. ഈ മഹത്തായ സ്തുതിപ്പിലും കൃതജ്ഞതാ പ്രകാശനത്തിലും നിങ്ങളോടൊപ്പം ചേരുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.*

*വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു: 'നിങ്ങൾ ആത്മാവിനാൽ പൂരിതരാകുവിൻ. സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മീയ ഗാനങ്ങളാലും പരസ്പരം സംസാരിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനെ പാടി സ്തുതിക്കുവിൻ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാറ്റിനും എപ്പോഴും പിതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുവിൻ'.*

God Bless you all.



# ജീവദീപ്തി

JEEVADEEPTHI

February 2026 Vol 16 Book 02



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com


04






01

*1986-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ വരാപ്പുഴ അതിരൂപതയിൽ നടത്തിയ പ്രസംഗത്തിന്റെ മലയാള പരിഭാഷ*



## ആഘോഷിക്കപ്പെടുന്ന സ്നേഹം

ചുവന്ന റോസാപ്പൂക്കളും സമ്മാനപ്പൊതികളുമായി വീണ്ടുമൊരു വാലന്റൈൻസ് ഡേ കൂടി എത്തി



05

## ഒരു ഫോട്ടോ സെഷന്റെ ദീപ്തമായ സ്മരണ

***വി**ശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ ഭാരത സന്ദർശനത്തിന്റെ 40 ആണ്ടുകൾ പിന്നിടുകയാണ് ഒക്ടോബർ 8, 9*





## പ്രത്യാശയുടെ തീർഥാടകനൊപ്പം മഹാകൃപയുടെ 11 നാൾ

*ജോൺ പോൾ രണ്ടാമൻ പാപ്പാ 1986 ആദ്യപാദത്തിൽ ഇന്ത്യ സന്ദർശിക്കുമെന്ന് വത്തിക്കാനിൽ*

07


*വിശുദ്ധി പടരുന്ന ഓർമ്മകളിൽ........12*
*ദിസ് ഈസ് വിക്ടർ, മൈ ബോയ് ........16*
*വിശുദ്ധമായ സാമീപ്യ സ്മരണയിൽ ........19*
*നോമ്പും ഉപവാസവും ........22*
*പുത്തൻ അച്ചന്മാർ ........26*
*ലൂർദ്ദിലെ കൃപാസാഗരം: ........30*
*അതിരുകൾ ഭേദിക്കുന്ന ........32*
*ചരിത്രവിളക്ക് ........33*
*ഇരുളിൽ ഉദിച്ച പ്രഭാതം........35*
*വാർത്തകൾ........37*
*ബൈബിൾ വിചിന്തനം........38*
*പിൻമൊഴി........40*

എഡിറ്റോറിയൽ



ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

# Love is being together, always.”



**ചു**വന്ന റോസാപ്പൂക്കളും സമ്മാനപ്പൊതികളുമായി വീണ്ടുമൊരു വാലന്റൈൻസ് ഡേ കൂടി എത്തിയിരിക്കുകയാണ്. ലോകമെമ്പാടും പ്രണയവും സ്നേഹവും വലിയ ആഘോഷമാകുമ്പോൾ, നമ്മുടെ വീടുകളുടെ ഉള്ളറകളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് നന്നായിരിക്കും. പുറമേ സ്നേഹം ആഘോഷിക്കപ്പെടുമ്പോഴും, പല വീടുകളിലും ബന്ധങ്ങൾ  തകരുകയോ തളരുകയോ ചെയ്യുന്നു എന്നതാണ് ഇന്നത്തെ വലിയ സങ്കടം.

കുടുംബബന്ധങ്ങൾക്ക് വലിയ വില കൽപ്പിച്ചിരുന്ന കേരളത്തിൽ പോലും ഇന്ന് അവസ്ഥ മാറുകയാണ്. ത്യാഗത്തിലും വിശ്വസ്തതയിലും ഉറച്ച ക്രിസ്തീയ സ്നേഹസങ്കൽപ്പങ്ങൾ ഇന്ന് പലവിധ വെല്ലുവിളികൾ നേരിടുന്നു. ഈ വാലന്റൈൻസ് ദിനത്തിൽ, നമ്മുടെ കുടുംബങ്ങളിലെ സ്നേഹത്തിന്റെ ആഴം എത്രത്തോളമുണ്ടെന്ന് നമുക്കൊന്ന് പരിശോധിക്കാം.

പണ്ട് നമ്മുടെ വീടുകൾ പ്രാർത്ഥനയാലും ഒത്തുകൂടലുകളാലും സമ്പന്നമായിരുന്നു. എന്നാൽ ഇന്ന് ജോലി തേടിയുള്ള വിദേശയാത്രകളും സാമ്പത്തിക നെട്ടോട്ടങ്ങളും നമ്മെ പരസ്പരം അകറ്റി യിരിക്കുന്നു. ദമ്പതികൾ തമ്മിൽ സംസാരിക്കാൻ സമയമില്ലാത്ത അവസ്ഥ. മക്കൾ സ്ക്രീനുകളിലെ ലോകത്ത് തളച്ചിടപ്പെടുന്നു, മാതാപിതാക്കൾ ഒറ്റപ്പെടലിലും.

തർക്കങ്ങൾ കൊണ്ട് മാത്രമല്ല ബന്ധങ്ങൾ തകരുന്നത്; മറിച്ച് മിണ്ടാതിരിക്കുന്നത് കൊണ്ടും, പരസ്പരം ശ്രദ്ധിക്കാത്തതു കൊണ്ടും കൂടിയാണ്. സ്നേഹം എന്നത് ഒരു ചെടി പോലെയാണ്, അതിന് കരുതൽ നൽകിയില്ലെങ്കിൽ അത് വാടിപ്പോകും.

ഇന്നത്തെ കാലത്ത് സ്നേഹമെന്നാൽ വെറും വികാരമായിട്ടാണ് പലരും കാണുന്നത്. ഇഷ്ടം തോന്നുമ്പോൾ സ്നേഹിക്കുകയും, എന്തെങ്കിലും പിണക്കമുണ്ടാകുമ്പോൾ ബന്ധം ഉപേക്ഷിക്കുകയും ചെയ്യുന്ന രീതി കൂടിവരുന്നു. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ സ്നേഹം എന്നത് ഒരു വികാരമല്ല, മറിച്ച് ഒരു തീരുമാനമാണ്. സുഖത്തിലും ദുഃഖത്തിലും കൂടെയുണ്ടാകുമെന്ന് നൽകുന്ന വാക്ക് പാലിക്കലാണത്.

വാലന്റൈൻസ് ഡേയെ വെറുമൊരു ആഘോഷമായി കാണേണ്ടതില്ല. സ്നേഹിക്കപ്പെടാനും പരിഗണിക്കപ്പെടാനുമുള്ള മനുഷ്യന്റെ വലിയ ആഗ്രഹത്തെയാണ് ഈ ദിവസം കാണിക്കുന്നത്. പക്ഷേ, വർഷത്തിൽ ഒരിക്കൽ നൽകുന്ന സമ്മാനത്തേക്കാൾ പ്രധാനം ഓരോ ദിവസവും നാം നൽകുന്ന സ്നേഹമാണ്. നമ്മുടെ കുടുംബങ്ങളെ താങ്ങിനിർത്തിയിരുന്ന രണ്ട് കാര്യങ്ങളാണ് പ്രാർത്ഥനയും ഒത്തുകൂടലുകളും. ഇന്ന് മൊബൈൽ ഫോണുകൾ നമ്മുടെ സംഭാഷണങ്ങളെ കവർന്നു. ഒരുമിച്ചുള്ള പ്രാർത്ഥനകൾ ഇല്ലാതായി. ദൈവസാന്നിധ്യമില്ലാത്ത കുടുംബങ്ങളിൽ ക്ഷമയും വിട്ടുവീഴ്ചയും കുറയുന്നു.

**വാലന്റൈൻസ് ദിനത്തിലെ പൂക്കൾ നാളെ വാടിപ്പോകും. എന്നാൽ നമ്മുടെ കുടുംബങ്ങളിലെ സ്നേഹം വാടാൻ പാടില്ല. ലോകം എത്ര മാറിയാലും സ്നേഹത്തിന്റെ ഉറവിടം കുടുംബം തന്നെയാണ്. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, പരസ്പരം താങ്ങായി നിന്നാൽ ഏത് പ്രതിസന്ധിയെയും അതിജീവിക്കാൻ നമുക്ക് കഴിയും. നമുക്ക് സ്നേഹത്തെ ആഘോഷം മാത്രമാക്കാതിരിക്കാം, പകരം അതൊരു ജീവിതശൈലിയാക്കാം.**
സാമൂഹ്യമാധ്യമങ്ങളിൽ ഈയിടെ ശ്രദ്ധിച്ച  ഒരു വാലെന്റൈൻസ് ഡേ സന്ദേശം  ഇപ്രകാരമാണ്...

I want you
Not for fun
Not to hurt you
Not to use you
To make you feel
Happy,Loved  valued
Secured suppotef
Appreciated for ever

# ഒരു ഫോട്ടോ സെഷന്റെ ദീപ്തമായ സ്മരണ





ബിഷപ് ആന്റണി വാലുങ്കൽ

വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ ഭാരത സന്ദർശനത്തിന്റെ 40 ആണ്ടുകൾ പിന്നിടുകയാണ് ഫെബ്രുവരി 8, 9 തീയതികളിൽ. പാപ്പ വരാപ്പുഴ അതിരൂപതയിൽ 2 ദിനങ്ങൾ താമസിച്ച മുറിയിൽ 2 വർഷത്തോളമായി താമസിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയെന്ന നിലയിൽ പാപ്പയുടെ ഭാരത സന്ദർശനത്തിലെ ഹൃദയസ്പർശിയായ ഒരോർമ്മ പങ്കുവയ്ക്കട്ടെ.

പാപ്പയുടെ 1986-ൽ നടന്ന 10 ദിനങ്ങൾ നീണ്ടുനിന്ന കേരള സന്ദർശനത്തിലെ 2 ദിനങ്ങളിലാണ് പരിശുദ്ധ പിതാവ് എറണാകുളത്ത് ഉണ്ടായിരുന്നത്. പരിശുദ്ധ പിതാവിന്റെ വരവിന് മാസങ്ങൾക്കു മുമ്പു തന്നെ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ജോസഫ് കേളന്തറ പിതാവിന്റെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ തുടങ്ങി.

ഞാൻ അന്ന് കളമശ്ശേരി സെമിനാരിയിൽ രണ്ടാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നു. സെമിനാരി റെക്ടറായിരുന്ന മോൺസിഞ്ഞോർ ക്ലീറ്റസിന്റെ നേതൃത്വത്തിൽ സെമിനാരിയിലും ഉണ്ടായിരുന്നു ഒരുക്കങ്ങൾ. മഞ്ഞയും വെള്ളയും നിറത്തിലുള്ള പുഷ്പങ്ങൾ തുണികൊണ്ട് ഉണ്ടാക്കി അരമനയിലെ അങ്കണങ്ങൾ ബൊക്കെകൾ കൊണ്ടു നിറയ്ക്കുകയെന്നതായിരുന്നു ഞങ്ങളുടെ ഒരു ദൗത്യം. രണ്ടാമതായി സെമിനാരിയുടെ ടെറസിൽ പരിശുദ്ധ പിതാവ് കടന്നു പോകുമ്പോൾ കാണുമാറ് പുഷ്പങ്ങൾകൊണ്ട് 'വിവ ഇൽ പാപ്പ' യെന്ന് ടെറസിലെ തറയിൽ എഴുതിവയ്ക്കുക. കളമശ്ശേരി സെമിനാരിയിൽ വന്നിറങ്ങുന്നതു മുതലുള്ള കാഴ്ചകൾ കാണുവാൻ മെത്രാപ്പോലീത്തയുടെ അനുമതിയോടുകൂടി ഒരു ടി.വി. വാങ്ങി. റെക്ടറച്ചന്റെ മുറിയിൽ സൂക്ഷിച്ചിരുന്ന ടി.വി.യിൽ പാപ്പയുടെ ഭാരതസന്ദർശനത്തിന്റെ വിവിധ ഏടുകൾ കാണാൻ ഞങ്ങൾക്ക് സാധിച്ചു. സെമിനാരിയിൽ ടി.വി. കൊണ്ടുവന്നതും, അതു സെറ്റ് ചെയ്യുന്നതും, ഹർഷാരവത്തോടെ സ്വിച്ച് ഓൺ കർമം നിർവ്വഹിച്ചതും വലിയ ഓർമ്മയായി പച്ചപിടിച്ചു നില്ക്കുന്നു.

ആദ്യമായി പാപ്പയെ നേരിൽ കാണുന്നത് സെപ്റ്റംബർ 8-ന് പാപ്പ കളമശ്ശേരി എച്ച്.എം.റ്റി. ഗ്രൗണ്ടിൽ ബലിയർപ്പിച്ചപ്പോഴാണ്. അത് ദൂരക്കാഴ്ചയായിരുന്നെങ്കിൽ പിറ്റേദിനം രാവിലെ സെമിനാരിക്കാരായ ഞങ്ങൾക്ക് അടുത്തു കാണുവാനുള്ള സൗകര്യം റെക്ടറച്ചന്റെ അപേക്ഷയനുസരിച്ച് കേളന്തറ പിതാവ് വാങ്ങി നൽകി. നല്കിയ നിർദ്ദേശം ഇപ്രകാരമായിരുന്നു. പരിശുദ്ധ പിതാവ് പ്രഭാത പ്രാർത്ഥനയ്ക്കും മറ്റും ശേഷം മുറിയിൽ നിന്ന് ഇറങ്ങിവരുമ്പോൾ അരമനയിലെ അച്ചന്മാരെയും മറ്റ് സ്റ്റാഫിനെയും കാണും. തുടർന്ന് അരമന ചാപ്പലിന്റെ സമീപത്തുകൂടിയുള്ള മരക്കോവിണിയിലൂടെ ഇറങ്ങി മണിമുറിയിൽ വന്ന് ഞങ്ങളോടൊപ്പം ഒരു ഫോട്ടോ സെഷൻ.

ഫോട്ടോ എടുക്കുവാനുള്ള സൗകര്യത്തിനായി പല തട്ടുകളായി ബെഞ്ചിലും, ഡെസ്ക്കിലും ഒക്കെയായി ഞങ്ങളെ ക്രമീകരിച്ചു. നടുവിലായി പാപ്പയ്ക്കും, മെത്രാപ്പോലീത്തയ്ക്കും റെക്ടറച്ചന്മാർക്കും കസേരകൾ. പാപ്പ വരുമ്പോൾ 'ഗുഡ്മോണിംഗ് യുവർ ഹോളിനെസ്' എന്ന് അഭിവാദനം ചെയ്യണമെന്നും പ. പിതാവ് വന്നാൽപ്പിന്നെ ഒച്ചയും ബഹളവും കൂടാതെ അച്ചടക്കത്തോടെ പെരുമാറണമെന്നും പോലീസുകാർ വന്ന് നിർദ്ദേശം നൽകി.



***വരാപ്പുഴ അതിമെത്രാസനമന്ദിരത്തിൽ വിശുദ്ധ ജോൺപോൾ പാപ്പാ  താമസിച്ച മുറിയിൽ സ്ഥാപിച്ചിരിക്കുന്ന മുറിയിൽ ശിലാഫലകത്തിന് സമീപം ബിഷപ്പ്  ആന്റണി വാലുങ്കൽ***

ഞങ്ങളങ്ങനെ കാത്തുനിന്നപ്പോൾ ഒരു വെള്ള മാലാഖ കണക്കെ പരിശുദ്ധ പിതാവ് പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കരം ഉയർത്തിക്കൊണ്ട് വെൽക്കം, വെൽക്കം എന്ന രീതിയിൽ ഞങ്ങളോട് ആംഗ്യം കാണിച്ചു. ഇതു കണ്ട മാത്രയിൽ ബഞ്ചിലും ഡെസ്ക്കിലും ഇരുന്നവർ ചാടിയിറങ്ങി പരിശുദ്ധ പിതാവിനെ വളഞ്ഞു. ചിലർ കൈയിൽ തൂങ്ങി. ചിലരാകട്ടെ പരിശുദ്ധ പിതാവിന്റെ തോളിലും. ഇതുകണ്ട കേളന്തറ പിതാവ് അസ്വസ്ഥനായി. വെള്ള ഷർട്ടും വെള്ള മുണ്ടും ധരിച്ച 100 ൽ പരം സെമിനാരിക്കാരെ അടുത്ത് കണ്ടപ്പോൾ പരിശുദ്ധ പിതാവ് സന്തോഷചിത്തനായി കാണപ്പെട്ടു. മുൻപ് ക്രമീകരിച്ചതുപോലെയുള്ള ഒരു ഫോട്ടോ സെഷൻ നടന്നില്ലെങ്കിൽ ആർത്തു തള്ളുന്ന സന്തോഷത്തോടെ സെമിനാരിക്കാർ പരിശുദ്ധ പിതാവിനെ വളഞ്ഞ രംഗം എല്ലാ ക്യാമറ കണ്ണുകൾക്കും ഏറെ ആകർഷണം നൽകിയെന്നു മാത്രമല്ല പിറ്റേദിനത്തിലെ  വാർത്താ മാധ്യമങ്ങൾ മുൻനിരയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇപ്പോഴും വല്ലാത്തൊരു സന്തോഷ ഓർമ്മയായി ആ ഫോട്ടോ സെഷൻ മനസ്സിൽ സൂക്ഷിക്കുന്നതിനാലാണ് ഭയലേശമെന്യേ അദ്ദേഹം താമസിച്ച മുറിയിൽ താമസിക്കുവാനുള്ള ധൈര്യമുണ്ടാകുന്നത്.

**ചിന്താകവിത; കവിതാ ചിന്ത**

***ക്ലൈമാക്സ് മാറും!***

കണ്ണീരും കൈയുമായി ധ്യാനഗുരുവിനോട് അവൾ പറഞ്ഞൊപ്പിച്ചു: ഇതാണച്ചോ അവസ്ഥ. ഒന്നു പറഞ്ഞു രണ്ടാമത്തേതിന് അയാളെന്റെ കൊങ്ങയ്ക്കു പിടിക്കും. ശ്വാസംമുട്ടി ചാകാൻപോണ സ്ഥിതിയിലാകും ഞാൻ. മൂക്കിന്റെ തുമ്പത്താണ് അരിശം. എന്നാലോ, ആളു ഭയങ്കര പാവത്താനും പേടിത്തൂറിയുമാണ്.

ധ്യാനഗുരു ഉത്തേജിതനായി. പേടിത്തൂറിയാണ് നിന്റെ ഭർത്താവെങ്കിൽ ഒരു പ്ലാനുണ്ട്. അതങ്ങു പ്രയോഗിച്ചാൽ മതി. സംഗതി ക്ലീനാകും!

അദ്ദേഹം കാര്യങ്ങൾ വിശദീകരിച്ചു. അവൾക്കുമതു ബോധിച്ചു. ഓക്കെ, അച്ചാ.

അടുത്ത ദിവസവും വഴക്കുണ്ടായി. പതിവുപോലെ അയാൾ അവളുടെ കൊങ്ങയ്ക്കു പിടിച്ചു. അവൾ തത്ക്ഷണം ബോധംകെട്ട്, കുഴഞ്ഞുവീണ് ചത്തശവംപോലെ കിടന്നു.

പേടിത്തൂറി ആകെ വിരണ്ടുപോയി. അത്ര പ്രതീക്ഷിച്ചില്ല. സത്യത്തിൽ കടുപ്പത്തിലൊന്നും പിടിച്ചില്ല. ഒന്നു തൊട്ടതേയുള്ളൂ. അവൾ ദേ, കിടക്കുന്നു താഴെ!

കുലുക്കി വിളിച്ചു നോക്കി; അവൾ എഴുന്നേറ്റില്ല. വെള്ളം തളിച്ചു നോക്കി. അവൾ എഴുന്നേറ്റില്ല. കൃത്രിമ ശ്വാസോച്ഛ്വാസം കൊടുത്തു നോക്കി. അവൾ എഴുന്നേറ്റില്ല....

പേടിത്തൂറി മനസ്സാ കരഞ്ഞുപോയി. അവളെ വാരിയെടുത്ത്, കിട്ടിയ ഓട്ടോയിൽ കയറ്റി അടുത്ത ആസ്പത്രിയിലെത്തിച്ചു: രക്ഷിക്കണം ഡോക്ടർ. ഒരു കൈയബദ്ധം!

ഡോക്ടർ ഒരു മയവുമില്ലാതെ പറഞ്ഞു: ആളു പോയെടോ. തന്റെ കാര്യം പോക്കാ! എനിക്കിതു പോലീസിൽ റിപ്പോർട്ട് ചെയ്യാതെ പറ്റില്ല. കൊലപാതകമല്ലേ?

പേടിത്തൂറി ബോധംകെട്ടു വീഴാൻ തുടങ്ങുമ്പോൾ, മുറിയുടെ കർട്ടൻ മാറ്റി ധ്യാനഗുരു പ്രത്യക്ഷപ്പെട്ടു. ബോധംകെടാൻ വരട്ടെ. അവൾക്കൊരു കുഴപ്പവുമില്ല. തന്റെ ഈ അതിക്രമത്തിനു ഫുൾസ്റ്റോപ്പിടാൻ ഞാൻ രചനയും സംവിധാനവും നിർവഹിച്ച ഒരു നാടകമാടോ ഇത്. തന്റെ ഭാര്യയും എന്റെ സുഹൃത്തായ ഈ ഡോക്ടറും നന്നായി അഭിനയിച്ചു. ഇനി താൻ അവളുടെ കൊങ്ങയ്ക്ക് പിടിച്ചാൽ, പറഞ്ഞേക്കാം, ക്ലൈമാക്സ് ഇതായിരിക്കില്ല, ഓക്കേ?
പേടിത്തൂറി ഞരങ്ങി: ഓക്കേ!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# പ്രത്യാശയുടെ തീർഥാടകനൊപ്പം മഹാകൃപയുടെ 11 നാൾ



ജെക്കോബി



ജോൺ പോൾ രണ്ടാമൻ പാപ്പാ, ലേഖകൻ ജാക്കോബിക്കൊപ്പം

*ജോൺ പോൾ രണ്ടാമൻ പാപ്പാ 1986 ആദ്യപാദത്തിൽ ഇന്ത്യ സന്ദർശിക്കുമെന്ന് വത്തിക്കാനിൽ നിന്ന് സൂചന ലഭിച്ചപ്പോൾ ആറു മാസത്തേക്കുള്ള എമർജൻസി പാസ്പോർട്ടുമായി 1985 ഒക്ടോബറിൽ ആദ്യമായി റോമിൽ ചെന്നിറങ്ങുന്നത് മാധ്യമലോകത്തെ അതീവ രഹസ്യമായ ഒരു അസൈൻമെന്റിന്റെ പരിവേഷത്തിലായിരുന്നു. മലയാള മനോരമയ്ക്കും 'ദ്‌വീക്ക്' ഇംഗ്ലീഷ് വാരിക യ്ക്കും വേണ്ടി പേപ്പൽ ഫ്ളൈറ്റിൽ ഇടം കിട്ടുന്നതിന് വത്തിക്കാൻ പ്രസ്സ് ഓഫിസിൽ നിന്ന് അക്രെഡിറ്റേഷൻ ഉറപ്പാക്കുകയായിരുന്നു പ്രഥമ ദൗത്യം. മലയാളത്തിലെ മറ്റൊരു പത്രത്തിനും അവകാശപ്പെടാനാവാത്ത 'എക്സ്ക്ലൂസീവ്' വാർത്താസ്രോതസ് കണ്ടെത്തേണ്ടതുണ്ടായിരുന്നു.*

പരിശുദ്ധ സിംഹാസനത്തിന്റെ മാധ്യമകാര്യാലയത്തിൽ (സാലാ സ്താംപാ ദെല്ല സാന്ത സേദെ) നിന്ന് ഇറ്റാലിയൻ വാർത്താകുറിപ്പുകൾ കിട്ടാൻ ബുദ്ധിമുട്ടില്ലായിരുന്നു. എന്നാൽ അത് മലയാള വായനക്കാർക്ക് താല്പര്യമുണ്ടാകുംവണ്ണം വ്യാഖ്യാനിച്ച് നിശ്ചിത സമയത്തിനകം പ്രസിദ്ധീകരണത്തിന് എത്തിച്ചുകൊടുക്കുക എന്നത് ഒരു വെല്ലുവിളിയായിരുന്നു. റോമിൽ നിന്ന് ഇംഗ്ലീഷിൽ ടെലിഗ്രാം ആയി വാർത്ത എഴുതിവിടാനുള്ള സാങ്കേതിക തടസം മുന്നിൽ കണ്ട്, അന്ന് ഇന്ത്യ അടക്കമുള്ള മിഷൻ രാജ്യങ്ങളിൽ നിന്നുള്ള യൂണിവേഴ്സിറ്റി വിദ്യാർഥികളായ വൈദികർ താമസി ക്കുന്ന റോമിലെ കൊളേജൊ സാൻ പൗളോയിൽ വൈസ് റെക്ടർ ആയിരുന്ന മോൺ. ജോയി കളത്തിപ്പറമ്പിൽ (ഇപ്പോഴത്തെ നമ്മുടെ ആർച്ച്ബിഷപ്) ഒരു ഒലിവെത്തി പോർട്ടബിൾ ടൈപ്റൈറ്റർ വത്തിക്കാൻ ചത്വരത്തിനടുത്തുള്ള കടയിൽ നിന്ന് വാങ്ങിത്തന്നത് ഓർക്കുന്നു.

റോമിലെ ഉർബാനിയാന പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ റെക്ടർ മാഞ്ഞിഫിക്കുസ് എന്ന ഉന്നത പദവി വഹിച്ചിരുന്ന ഡോ. ഡാനിയൽ അച്ചാരുപറമ്പിലിനെ, ഇന്ത്യയിലേക്കുള്ള തന്റെ അപ്പസ്തോലിക തീർഥാടനത്തിന് ഒരുക്കമായി ഇന്ത്യയുടെ സാംസ്കാരിക, ആധ്യാത്മിക പാരമ്പര്യങ്ങളെയും, ഗാന്ധിദർശനത്തെയും കുറിച്ച് പഠിക്കുന്നതിനായി ജോൺ പോൾ പാപ്പാ അപ്പസ്തോലിക അരമന യിൽ അത്താഴത്തിനും സ്റ്റഡി ക്ലാസിനും മറ്റുമായി ക്ഷണിക്കുമായിരുന്നു. കപ്പൂച്ചീനോയും കാഫെ ലാത്തെയും വാങ്ങിത്തരുമെങ്കിലും അത്തരം വിശേഷമൊക്കെ പത്രത്തിൽ കൊടുക്കുന്ന

തിനോട് പാപ്പാ തന്റെ പ്രിയങ്കര നായ 'പ്രഫസർ' എന്നു വിളിച്ചി രുന്ന ഡോ. അച്ചാരു പറമ്പിൽ വിമുഖത പ്രകടിപ്പിക്കുകയാ ണുണ്ടായത്. കേരളത്തിലെ ജനങ്ങളെയും വിശ്വാസികളെയും അഭിസംബോധന ചെയ്യുന്നതിന് ഏതാനും മലയാളം വാക്യങ്ങ ളുടെ ഉച്ചാരണം അഭ്യസിക്കുന്ന തിനായി പാപ്പാ, വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടേറിയറ്റിലുണ്ടാ യിരുന്ന കോതമംഗലം സ്വദേശി മോൺ. ജോസഫ് ചേന്നോത്തിന്റെ സഹായം തേടിയിരുന്നു. അദ്ദേഹം കുറെക്കൂടി മീഡിയ ആഭിമുഖ്യം കാണിച്ചു.

ജനതകളുടെ സുവിശേഷവ ത്കരണത്തിനായുള്ള റോമൻ കോൺഗ്രിഗേഷന്റെ സെക്രട്ടറിയും പൊന്തിഫിക്കൽ ഉർബാനിയാന യൂണിവേഴ്സിറ്റി വൈസ് ചാൻസലറും പൊന്തിഫിക്കൽ മിഷനറി വർക്സ് പ്രസിഡന്റു മായിരുന്ന, തമിഴ്നാട്ടിൽ നിന്നുള്ള പ്രഥമ കർദിനാൾ ഡി. സൈമൺ ലൂർദുസാമി, പൗരസ്ത്യ സഭകൾ ക്കായുള്ള റോമൻ കാര്യാലയ ത്തിന്റെ പ്രീഫെക്റ്റായി തന്നെ നിയമിച്ചുകൊണ്ടുള്ള ജോൺ പോൾ പാപ്പായുടെ കല്പന കൈ പ്പറ്റുന്നേരം ഞാൻ അദ്ദേഹവുമായി അഭിമുഖസംഭാഷണം നടത്തുക യായിരുന്നു.

തിരുവെഴുത്ത് വായിച്ച് അദ്ദേഹം സ്തബ്ധനായി, കണ്ണുകൾ നിറഞ്ഞുതുളുമ്പി, വികാരവിക്ഷോ ഭം നിയന്ത്രിക്കാനാവാതെ അദ്ദേ ഹം പറഞ്ഞു, പൊന്തിഫിക്കൽ രഹസ്യം! നമുക്ക് പിന്നെ സംസാരിക്കാം..." അദ്ദേഹ ത്തോട് ഏറെ അടുപ്പമുണ്ടായി രുന്ന, റോമിലെ ഇന്ത്യൻ വൈദികരുടെ സംഘടനാ നേതാ വായിരുന്ന തിരുവനന്തപുരത്തു നിന്നുള്ള ഫാ. സി. ജോസഫി നൊപ്പം പിന്നീട് പലവട്ടം അദ്ദേഹ ത്തെ കണ്ടിരുന്നു.



### *ഇന്ത്യയുടെ ആത്മാവ് തേടി*

റോമിൽ വച്ച് പരിചയപ്പെട്ട മാധ്യ മപ്രവർത്തകരിൽ ചിലർ ഇന്ത്യയി ലെ രാഷ്ട്രീയ സ്ഥിതിഗതികളെ ക്കുറിച്ച് ആരായുന്ന കൂട്ടത്തിൽ പൊതുവെ മൂന്നു കാര്യങ്ങളെക്കുറിച്ചാണ് എന്നോടു ചോദിച്ചത്: പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ പത്നി സോണിയാ ഗാന്ധി ജോൺ പോൾ പാപ്പായുടെ മുമ്പാകെ മുട്ടുകുത്തി തന്റെ വിശ്വാസം പ്രകടിപ്പിക്കുമോ? കൽക്കട്ടയിൽ മദർ തെരേസയുമായുള്ള കൂടി ക്കാഴ്ചയിൽ പരിശുദ്ധ പിതാവ് ഇന്ത്യയുടെ ജനന നിയന്ത്രണ നയത്തിനെതിരെ തുറന്നു സംസാ രിക്കുമോ? പാപ്പായുടെ സന്ദർശ നത്തെ മതപരിവർത്തനത്തിന്റെ പേരിൽ എതിർക്കുന്നവരിൽ നിന്ന് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടോ?

"ദൈവത്തെ അന്വേഷിക്കുന്ന, പൂർണത തേടുന്ന, സമാധാനവും നീതിയും കെട്ടിപ്പടുക്കുന്നതിനായി സഹോദരങ്ങളെ സേവിക്കുന്ന എല്ലാവരെയും ഞാൻ ബഹുമാനി ക്കുകയും ആദരിക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. ഐക്യത്തിന്റെയും സമാധാനത്തിന്റെയും ശുശ്രൂഷക നായാണ് ഞാൻ ഇന്ത്യയിലേക്ക് വരുന്നത്. ഇന്ത്യൻ ജനതയോട് എനിക്കുള്ള ആദരവും സൗഹൃദവും കൂടുതൽ ആഴത്തിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എല്ലാ ദിവസവും എന്റെ പ്രാർഥനയിലു ണ്ടാകും. ദൈവം നിങ്ങളെ എല്ലാ വരെയും അനുഗ്രഹിക്കട്ടെ!" - ഇന്ത്യയിലേക്കു തിരിക്കുന്നതിന് മുൻപ് ഒരു സന്ദേശത്തിൽ പാപ്പാ പറഞ്ഞു.

### *ആഗമനം*

പേപ്പൽ ഫ്ളൈറ്റ് അലിറ്റാലിയ ബോയിങ് 747 ചെർവീനിയ 1986 ജനുവരി 31ന് രാത്രി 9.15ന് റോമി ലെ ഫ്യുമിച്ചീനോ വിമാനത്താവ ളത്തിൽ നിന്ന് ഡൽഹിയിലേക്കു പുറപ്പെടുമ്പോൾ ഇന്ത്യയിൽ നിന്ന് മൂന്ന് മാധ്യമപ്രതിനിധികളാണ് അതിലുണ്ടായിരുന്നത്: ദീപിക പത്രത്തിന്റെ ഫാ. അലക്സാണ്ടർ പൈകട ഡൽഹിയിൽ നിന്ന് മാതൃഭൂമി പത്രത്തിന്റെ റിപ്പോർട്ടർ വി.കെ. മാധവൻകുട്ടി, പിന്നെ സ്വ.ലേയും. ഇന്റർനാഷണൽ ന്യൂസ് ഏജൻസികളുടെയും പ്രധാന വിദേശ മാധ്യമങ്ങളുടെ യും വത്തിക്കാൻ പ്രതിനിധികൾ ഉൾപ്പെടെ 52 അംഗ മീഡിയ സംഘം. പത്തു ദിവസം, ഇന്ത്യ യിലെ 14 നഗരങ്ങളിലൂടെ 12,500 മൈൽ താണ്ടുന്ന ജോൺ പോൾ പാപ്പായുടെ 29-ാമത്തെ വിദേശയാ ത്രയിൽ ഉടനീളം അദ്ദേഹത്തെ അനുധാവനം ചെയ്ത് ഫെബ്രുവരി 10ന് അർധരാത്രി റോമിൽ തിരിച്ചെത്തുന്നതാണ് ഷെഡ്യൂൾ.

വത്തിക്കാൻ പ്രസ്സ് ഓഫിസിന്റെ പ്രഥമ അല്മായ ഡയറക്ടറായി ജോൺ പോൾ പാപ്പാ നിയമിച്ച സ് പെയിൻകാരനായ മാധ്യമപ്രവർ ത്തകനും മെഡിക്കൽ വിദഗ്ധനും ഓപ്പുസ് ദേയി കമ്യൂണിക്കേറ്റ

റുമായ ജൊവാകിം നവാറൊ വാൽസ്, ജോൺ പോൾ പാപ്പാ യുടെ വിദേശയാത്രയുടെ സംഘാടകനും വത്തിക്കാൻ റേഡിയോ ഡയറക്ടർ ജനറലുമായിരുന്ന ഇറ്റാലിയൻ ജസ്യൂറ്റ് വൈദികൻ റോബർത്തോ തുച്ചി, പാപ്പായുടെ പോളണ്ടുകാരനായ പ്രൈവറ്റ് സെക്രട്ടറി മോൺ. സ്റ്റാനിസ്ലാവ് ജീവിഷ് എന്നിവരാണ് വത്തിക്കാൻ സംഘത്തിൽ നിന്ന് മാധ്യമപ്രതിനിധികളുമായി ഇടപെട്ടത്.

ജോൺ പോൾ പാപ്പാ മാധ്യമ പ്രവർത്തകർക്ക് ഇന്റർവ്യൂ അനുവദിച്ചിരുന്നത് വിദേശ യാത്രാവേളയിൽ പേപ്പൽ ഫ്ളൈറ്റിൽ വച്ചാണ്. യാത്രയുടെ തുടക്കത്തിലാകും മിക്കവാറും പാപ്പാ ആ അപ്പസ്തോലിക തീർഥാടനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുക. ചിലപ്പോഴൊക്കെ മടക്കയാത്രയിലാകും നേരിട്ടുള്ള ഈ സംവാദം. പാപ്പാ ഓരോരുത്തരുടെയും അടുക്കലേക്കു വരും. ഒരു ചോദ്യം മാത്രമേ നവാറൊ വാൽസ് അനുവദിക്കൂ. ഡൽഹിയിലേക്കുള്ള യാത്രയ്ക്കിടെ പാപ്പായ്ക്ക് നേരിയ പനിയുള്ളതായി കണ്ടതിനാൽ അഭിമുഖസംഭാഷണം ഒഴിവാക്കി.

പേപ്പൽ ഫ്ളൈറ്റ് കടന്നുപോകുന്ന രാജ്യങ്ങളുടെ വ്യോമാതിർത്തിയിൽ നിന്ന് പാപ്പാ രാഷ്ട്രത്തലവന്മാരെ ടെലിഗ്രാം സന്ദേശത്തിലൂടെ അഭിവാദ്യം ചെയ്തു.

എട്ടുമണിക്കൂർ യാത്രയ്ക്കൊടുവിൽ ഫെബ്രുവരി ഒന്നിന് രാവിലെ പത്തുമണിക്ക് പേപ്പൽ വിമാനം ഡൽഹി വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോൾ, ഇന്ത്യൻ മണ്ണിൽ മുട്ടുകുത്തി നിലം ചുംബിച്ച പാപ്പായെ പ്രസിഡന്റ് ഗ്യാനി സെയിൽ സിങ്, പ്രധാനമന്ത്രി രാജീവ് ഗാന്ധി എന്നിവർക്കൊപ്പം ഇന്ത്യയിലെ അപ്പസ്തോലിക പ്രൊനുൺഷ്യോ ആർച്ച്ബിഷപ് അഗസ്തീനോ കാച്ചവിലൻ, ഡൽഹി ആർച്ച്ബിഷപ് ആഞ്ജലോ ഫെർണാണ്ടസ്, ബോംബെ



ആർച്ച്ബിഷപ്പും രാജ്യത്തെ എപ്പിസ്കോപ്പൽ കോൺഫറൻസ് പ്രസിഡന്റുമായ സൈമൺ പിമെന്റ എന്നിവർ ചേർന്ന് സ്വീകരിച്ചു.

വിമാനത്താവളത്തിലെ സ്വീകരണത്തിനുള്ള മറുപടി പ്രസംഗത്തിൽ പാപ്പാ, രവീന്ദ്രനാഥ ടഗോറിന്റെ ഗീതാഞ്ജലിയിൽ നിന്ന് 'ഭയമില്ലാത്ത മനസ്സും ഉയർന്നുനിൽക്കുന്ന ശിരസ്സുമായി...സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗത്തിലേക്ക് എന്റെ പിതാവേ, എന്റെ നാടിനെ ഉണർത്തണമേ' എന്ന വരികൾ ഉദ്ധരിച്ചു. അഹിംസ, സത്യാഗ്രഹം എന്നീ തത്ത്വങ്ങൾ മുറുകെപ്പിടിച്ച് സമാധാന മാർഗത്തിലൂടെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി പോരാടിയ ഗാന്ധിജിയെ അനുസ്മരിച്ചു.പിന്നീട് ഡൽഹി യമുനാതീരത്തെ രാജ്ഘട്ടിൽ ഗാന്ധിജിയുടെ സമാധിയിൽ നിഷ്പാദുകനായി പ്രണാമം അർപ്പിച്ച്, ഇന്ത്യയുടെ രാഷ്ട്രപിതാവിനെ അഹിംസയുടെ അപ്പസ്തോലൻ എന്നും മാനവരാശിയുടെ വീരനായകൻ എന്നും വിശേഷിപ്പിച്ചു കൊണ്ടാണ് തന്റെ 'സമാധാന തീർഥാടനം' ഇവിടെ നിന്ന് ആരംഭിക്കുന്നുവെന്നു പറഞ്ഞത്.

ഡൽഹി ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ ദിവ്യബലി അർപ്പിച്ച പാപ്പാ, അപ്പസ്തോലിക നുൺഷ്യേച്ചറിൽ ദലൈ ലാമയുമായി കൂടി ക്കാഴ്ച നടത്തി. ഡൽഹിയിൽ നിന്ന് റാഞ്ചി, കൽക്കട്ട, ഗുവാഹട്ടി, മദ്രാസ്, ഗോവ, മാംഗളൂർ, കൊച്ചി, തിരുവനന്തപുരം, ബോംബെ, പൂനെ, എന്നിവിടങ്ങളിലേക്ക് പാപ്പായ്ക്കു വേണ്ടി ബോയിങ് 747 പ്രസിഡൻഷ്യൽ വിമാനം ഇന്ത്യ ഗവൺമെന്റ് വിട്ടുനൽകിയിരുന്നു. മാധ്യമ പ്രതിനിധികൾക്കുവേണ്ടി ചാർട്ടർ ചെയ്ത വിമാനങ്ങൾ ഒരുക്കിയിരുന്നു. കൽക്കട്ടയിൽ നിന്ന് മേഘാലയയിലെ ഷില്ലോങ്ങിലേക്ക് വായുദൂത് റഗുലർ ഫ്ളൈറ്റും തിരിച്ച് ചാർട്ടർ ഫ്ളൈറ്റും ഏർപ്പാടു ചെയ്തിരുന്നു. കൊച്ചിയിൽ നിന്ന് തൃശൂരിലേക്കും കോട്ടയത്തേക്കും ബോംബെയിൽ നിന്ന് വസായിലേക്കും പരിശുദ്ധ പിതാവിന് ഹെലികോപ്റ്റർ ഒരുക്കിയപ്പോൾ മാധ്യമപ്രവർത്തകർ റോഡ് മാർഗം സഞ്ചരിക്കുകയായിരുന്നു.

## *പാപ്പാ കേരളത്തിൽ*

അപ്പസ്തോലിക സന്ദർശനത്തിന്റെ ഏഴാം നാളിൽ ഗോവയിൽ നിന്ന് കൊച്ചിയിൽ വില്ലിങ്ടൺ ഐലൻഡിലെ നേവൽ വിമാനത്താവളത്തിൽ എത്തിയ പരിശുദ്ധ പിതാവിന്റെ സാന്നിധ്യം രണ്ടു ദിവസം മലയാളക്കരയെ ആകമാനം ഇളക്കിമറിച്ചു. കൊച്ചിയിൽ നിന്ന് ഹെലികോപ്റ്ററിൽ തൃശൂരിലെത്തിയ പാപ്പായെ വരവേൽക്കാൻ വടക്കൻ കേരളത്തിൽ നിന്നുൾപ്പെടെ ലക്ഷക്കണക്കിന് ജനങ്ങളാണ് കാത്തുനിന്നിരു ന്നത്. കളമശേരി എച്ച്എംടി ഗ്രൗണ്ടിൽ ജോൺ പോൾ പാപ്പാ അർപ്പിച്ച ദിവ്യ ബലിയിൽ പങ്കെടുത്തത് നാലു ലക്ഷം പേരാണ്. വരാപ്പുഴ അതിരൂപതാ

ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി പരിശുദ്ധ പിതാവ് എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിലും തുടർന്ന് സമീപത്തായുള്ള സെന്റ് മേരീസ് ബസിലിക്കയിലും തിരുക്കർമങ്ങളിൽ പങ്കെടുത്തു. എറണാകുളത്ത് വരാപ്പുഴ ആർച്ച്ബിഷപ്സ് ഹൗസിലാണ് അന്ന് പാപ്പാ അന്തിയുറങ്ങിയത്.

കോട്ടയത്ത് മാർ ഏലിയാ കത്തീഡ്രലിൽ വച്ച് മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ മാർ ബസേലിയോസ് മാർതോമാ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയുമായും, എറണാകുളത്ത് സെന്റ് പീറ്റർ ആൻഡ് സെന്റ് പോൾ ദേവാലയത്തിൽ വച്ച് യാക്കോബായ സഭയുടെ മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുമായും പാപ്പാ കൂടിക്കാഴ്ച നടത്തി. കോട്ടയത്ത് ക്രിസ്തുരാജന്റെ നാമധേയത്തിലുള്ള സീറോ മലബാർ കത്തീഡ്രലിൽ ബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരിയും, വിജയപുരം രൂപതയുടെ നല്ല ഇടയൻ ഇടവക ദേവാലയത്തിൽ ബിഷപ് കൊർണേലിയസ് ഇലഞ്ഞിക്കലും, പരിശുദ്ധ പിതാവിനെ സ്വീകരിച്ചു. തിരുവനന്തപുരത്ത് പാളയത്തെ ലത്തീൻ രൂപതയുടെ സെന്റ് ജോസഫ് കത്തീഡ്രലിൽ ബിഷപ് ജേക്കബ് അച്ചാരുപറമ്പിലും സീറോ മലങ്കര അതിരൂപതയുടെ പട്ടത്തെ സെന്റ് മേരി കത്തീഡ്രലിൽ ആർച്ച്ബിഷപ് ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസും പാപ്പായെ സ്വീകരിച്ചു. തിരുവനന്തപുരം വിമാനത്താവളത്തിനു സമീപം ശംഖുമുഖത്ത് പ്രാർഥനാസമ്മേളനത്തിൽ പ്രഭാഷണം നടത്തി വൻ ജനാവലിയെ ആശീർവദിച്ചു. വരാപ്പുഴ ആർച്ച്ബിഷപ്സ് ഹൗസിൽ ക്രൈസ്തവ ഇതര മതപ്രതി നിധികളുമായി പാപ്പാ കൂടിക്കാഴ്ച നടത്തി.

---

***ബോംബെയിൽ പര്യവസാനം***

---

ഫെബ്രുവരി ഒൻപതിന് ബോംബെ സാന്തക്രൂസ് വിമാനത്താവളത്തിൽ നിന്ന് പാപ്പാ ഹെലികോപ്റ്ററിൽ വസായി സെന്റ് അഗസ്റ്റിൻ ഹൈസ്കൂളിൽ എത്തിച്ചേർന്നു; ഇന്ത്യയിലെ ആദ്യ വിശുദ്ധൻ ഗൊൺസാലോ ഗാർസിയയുടെ നാമത്തിൽ യൂണിവേഴ്സിറ്റി കോളജിന് ശില ആശീർവിച്ചു. ബോംബെ ബാന്ദ്രയിലെ ബസിലിക്ക ഓഫ് മൗണ്ട് മേരി, കത്തീഡ്രൽ ഓഫ് ദ് ഹോളി നെയിം ഓഫ് ജീസസ് എന്നിവ സന്ദർശിച്ച പാപ്പാ ബോംബെ ആർച്ച്ബിഷപ്സ് ഹൗസിൽ ആംഗ്ലിക്കൻ സഭയുടെ മേലധ്യക്ഷൻ കാന്റബറി ആർച്ച്ബിഷപ് റോബർട്ട് റൺസിയുമായി കൂടിക്കാഴ്ച നടത്തി. ബോംബെ ശിവാജി പാർക്കിൽ പൊന്തിഫിക്കൽ ദിവ്യബലി അർപ്പിച്ച പരിശുദ്ധ പിതാവ് ഇന്ത്യയെ പരിശുദ്ധ മാതാവിനു പ്രതിഷ്ഠിച്ചു.

---

***ആ രണ്ടു ചോദ്യങ്ങൾ***

---

ബോംബെ സാന്തക്രൂസ് വിമാനത്താവളത്തിൽ നിന്ന് എയർ ഇന്ത്യ ബോയിങ് 707 വിമാനത്തിലായിരുന്നു റോമിലേക്കുള്ള മടക്കയാത്ര. പൈലറ്റും ഫ്ളൈറ്റ് അറ്റൻഡർമാരും അടക്കം വിമാന ജോലിക്കാരിൽ ഏറിയ പങ്കും മലയാളികളും കത്തോലിക്കരും. അപ്പസ്തോലിക യാത്രയിൽ 11 ദിവസം തന്നെ അനുഗമിച്ച മാധ്യമപ്രവർത്തരുമായി പരിശുദ്ധ പിതാവ് 40 മിനിറ്റ് സംവദിക്കുമെന്ന് അറിയിപ്പുണ്ടായി.

***പാപ്പാ മാധ്യമപ്രവർത്തകർ ഇരിക്കുന്ന ഭാഗത്തേക്ക് ഇറങ്ങിവന്നു. ഒരൊറ്റ ചോദ്യത്തിനാണ് അനുമതി. ആദ്യ നിരയിലെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്കിൽ മറുപടി നൽകി പരിശുദ്ധ പിതാവ് എന്റെ അടുത്തേക്ക് നീങ്ങുമ്പോൾ കൈയിലെ ടേപ് റെക്കോർഡർ ഓണാക്കി ഐൽ സീറ്റിൽ നിന്ന് ഞാൻ എഴുന്നേറ്റു. ഏതാനും വരികൾ പാപ്പയെക്കൊണ്ട് പറയിക്കാൻ, പാപ്പായെ പിടിച്ചുനിർത്തുന്ന ചോദ്യം വേണം. പത്തു ദിവസം പാപ്പാ ഇന്ത്യയിലെ ജനങ്ങളോട് പറഞ്ഞതെല്ലാം കേട്ടതാണ്. ഇന്ത്യയിൽ നിന്ന് പാപ്പായ്ക്ക് ലഭിച്ചത് എന്താണ്? പാപ്പായ്ക്ക് എന്റെ ഇംഗ്ലീഷ് ആക്സന്റ് പിടികിട്ടുന്നതിന് ചെറിയ വാക്കുകളിൽ നിർത്തി നിർത്തി ഞാൻ ചോദ്യം ഉരുവിട്ടു: ഹോളി ഫാദർ, വാട്ട് ഡിഡ് ഇന്ത്യ ഗീവ് യൂ?***

പാപ്പായുടെ കണ്ണുകൾ തിളങ്ങി. അദ്ദേഹം വലതുകരം ഉയർത്തി എന്റെ ചുമലിൽ തൊട്ടു. ഉപനിഷത്തുകളെക്കുറിച്ചു പറഞ്ഞുതുടങ്ങി, ഭഗവത് ഗീതയിലൂടെ മഹാത്മാഗാന്ധിയിലെത്തിച്ചേർന്നു. ഇന്ത്യയിൽ നിന്ന് രണ്ടു കാര്യം പഠിച്ചു: മഹത്തായ സംസ്കാരം, മഹത്തായ ആധ്യാത്മികത. ഈ ആധ്യാത്മികത ഇന്നും സജീവമാണ്. സാധാരണക്കാരുടെ പെരുമാറ്റത്തിൽ അത് പുനർജനിച്ചു കൊണ്ടിരിക്കുന്നു. ദാരിദ്ര്യത്തിന്റെ പ്രശ്നമുണ്ട്. ബോംബെയിൽ മാത്രം 30 ലക്ഷം ജനങ്ങൾ ഭവനരഹിതരായുണ്ട്. എന്നാൽ ഇന്ത്യ സമാനതകളില്ലാത്ത മാനങ്ങളുടെ റിപ്പബ്ലിക്കാണ്. ജനാധിപത്യ തത്ത്വങ്ങൾ പാലിക്കപ്പെടുന്ന ലോക ത്തിലെ ഏറ്റവും വലിയ രാഷ്ട്രം. ഇന്ത്യയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സ്വേച്ഛാധിപത്യ സംവിധാനം അടിച്ചേൽപ്പിക്കാനുള്ള പ്രലോഭനം ഉണ്ടായേക്കാം. എന്നാൽ മനുഷ്യൻ സ്വതന്ത്രനാണെന്നും രാഷ്ട്രീയ രംഗത്ത് അവന് സ്വതന്ത്ര തിരഞ്ഞെടുപ്പ് നടത്താമെന്നും അവർ തീരുമാനിച്ചു. യൂറോപ്പിന് അവരിൽ നിന്ന് പഠിക്കാനുള്ള ഏറ്റവും വലിയ പാഠം ഇതാണ്. ഗാന്ധി ഇന്നും ജീവിക്കുന്നു.

***ചുറ്റുവട്ടത്തുള്ള ടേപ് റെക്കോർഡുകളും പതിവിലും നീണ്ട ഈ പ്രതികരണം പകർത്തുന്നുണ്ടായിരുന്നു. പിൻനിരകളിലേക്ക് പാപ്പാ നീങ്ങി. ഒടുവിൽ നവാറൊ വാൽസ് 'പോപ് സ്പെഷൽ' ലൗഞ്ച് ഏരിയയുള്ള ഫസ്റ്റ് ക്ലാസ് ഭാഗത്തേക്ക് പാപ്പായെ തിരിച്ചുകൊണ്ടുപോവുകയാണ്. നവാറൊ വാൽസിന്റെ വിലക്ക് ലംഘിച്ചുകൊണ്ട് മൂന്നാം നിരയിലെ ഐൽ സീറ്റിൽ നിന്ന് ഞാൻ ഉറക്കെ വിളിച്ചുചോദിച്ചു:***

***ഹോളി ഫാദർ, വുഡ് യു ലൈക് റ്റു കം ബാക്ക് എഗേൻ?***

***ഒരു നിമിഷം പാപ്പാ തിരിഞ്ഞു നിന്നു. ശബ്ദം കേട്ട ദിക്കിലേക്ക് നോക്കി.***

***"ഒഫ്കോഴ്സ് ഐ വുഡ് ലൈക് റ്റു കം ബാക്ക് എഗേൻ, ബിക്കോസ് ഐ ലൗവ് ഇന്ത്യ" പുഞ്ചിരി തൂകി പാപ്പാ തിരിഞ്ഞു***
.

***റോമിലേക്ക് സ്പെഷൽ ട്രെയിൻ***

പാതിരാത്രിയോടെ പേപ്പൽ ഫ്ളൈറ്റ് റോമിലെ ചാംപീനോ വിമാനത്താവളത്തിൽ ചെന്നിറങ്ങേണ്ടതായിരുന്നു. മിക്കവരും പാതിമയക്കത്തിലാണ്. ക്യാപ്റ്റന്റെ അറിയിപ്പു വന്നു: "നാം ഇപ്പോൾ റോമിനു മുകളിലാണ്. അസാധാരണ ഹിമപാതം മൂലം റോമിലെ രണ്ടു വിമാനത്താവളങ്ങളിലും ഇറങ്ങാൻ കഴിയുകയില്ല. എയർ ട്രാഫിക് കൺട്രോളർമാർ പേപ്പൽ ഫ്ളൈറ്റ് നേപ്പിൾസിലേക്കു തിരിച്ചുവിടുകയാണ്."

നേപ്പിൾസ്-കപോദിചീനോ വിമാനത്താവളത്തിൽ പുലർച്ചെ 1.45ന് പേപ്പൽ ഫ്ളൈറ്റ് ചെന്നിറങ്ങി. പാപ്പായുടെ സുരക്ഷ ഉറപ്പാക്കാൻ ഫോർത്സെ സ്പെചാലീ ഇറ്റാലിയാനെ കമാൻഡോ വ്യൂഹം വിമാനത്തിനു ചുറ്റും നിരന്നിരുന്നു. പാപ്പായെ പ്രത്യേക സുരക്ഷിത കേന്ദ്രത്തിലേക്കു കൊണ്ടുപോയി, മാധ്യമസംഘം അറൈവൽ ഹാളിൽ തന്നെ തങ്ങി.

ഏതാണ്ട് ഒരു മണിക്കൂർ നീണ്ട അനിശ്ചിതത്വത്തിനൊടുവിൽ ഞങ്ങളെ ഷട്ടിൽ ബസിൽ കയറ്റി എയർപോർട്ടിനോടു ചേർന്ന ട്രെയിൻ സ്റ്റേഷനിലേക്കു കൊണ്ടുപോയി. അവിടെ നീണ്ട മൂന്നു കാര്യേജ് മാത്രമുള്ള ഒരു സ്പെഷൽ ട്രെയിൻ പാപ്പായ്ക്കും സംഘത്തിനുമായി ഒരുക്കി നിർത്തിയിരിക്കയാണ്.

അങ്ങനെ പേപ്പൽ ഫ്ളൈറ്റിൽ മാത്രമല്ല, നേപ്പിൾസിൽ നിന്ന് റോമിലേക്ക് സ്പെഷൽ ട്രെയിനിലും വിശുദ്ധ ജോൺ പോൾ പാപ്പായോടൊപ്പം യാത്ര ചെയ്യാനുള്ള അസുലഭ അവസരം ഞങ്ങൾക്കു കൈവന്നു. രാവിലെ 8.25ന് ട്രെയിൻ റോമിലെ ത്രസ്തവേരെ സ്റ്റേഷനിൽ ചെന്നെത്തുന്നതിനു മുൻപ്, ട്രെയിൻ കാര്യേജിലെ ഇടനാഴിയിലൂടെ മൂന്നോട്ടു നടന്നപ്പോൾ, കണ്ണാടിച്ചുമരുള്ള കുപ്പെയിലെ നിറഞ്ഞ പ്രകാശത്തിൽ ഒരു പുസ്തകം വായിച്ചിരിക്കുന്ന പരിശുദ്ധ പിതാവിനെ കണ്ടു. അദ്ദേഹത്തിന്റെ മുന്നിലെ മേശപ്പുറത്ത് ഗാന്ധിജിയുടെ ചിത്രം പുറംചട്ടയായുള്ള മറ്റൊരു പുസ്തകം. 'നിശ്ചയമായും ഇനിയും ഞാൻ ഇന്ത്യയിലേക്കു വരും. കാരണം, ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നു' എന്ന പാപ്പായുടെ വാക്കുകളാണ് ഇന്ത്യയിൽ നിന്ന് പുറപ്പെട്ട് 17 മണിക്കൂറുകൾക്കുശേഷം റോമിലെ ത്രസ്തവേരെ ട്രെയിൻ സ്റ്റേഷനിൽ ചെന്നിറങ്ങുമ്പോൾ മനസ്സിൽ തെളിഞ്ഞത്.

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.സെന്റ്. ഫിലോമിനാസ് ചർച്ച് &
സെന്റ്. കുര്യാക്കോസ് ഏലിയാസ് ചാവറ ഫ്രൈഷൻ, കൂനമ്മാവ്-55000*
*2.ഹോളി ഫാമിലി ചർച്ച്, സൗത്ത് ചിറ്റൂർ -15000*
*3.ഡിവൈൻ മേഴ്സി ഫെല്ലോഷിപ്പ് -10000*
*4.ഹോളി ഫാമിലി ചർച്ച്, പെരുമ്പിള്ളി -9000*
*5.ശ്രീ. ജെറാർഡ് കെ. ജോൺ -10000*
*6.ഇൻഫന്റ് ജീസസ് ചർച്ച്, എറണാകുളം -51000*
*7.ഇൻഫന്റ് ജീസസ് ചർച്ച്, തുണ്ടത്തുംകടവ് -10000*
*8.O'CARM സിസ്റ്റേഴ്സ് -10000*
*9.സേക്രട്ട് ഹാർട്ട് ചർച്ച്, മാനാട്ടുപറമ്പ് -25000*
*10.ഹോളി ഫാമിലി മൊണസ്ട്രി ചർച്ച്, സെമിത്തേരി മുക്ക് -10000*
*11.സെന്റ് ജോസഫ് ചർച്ച് & സെന്റ് ജൂഡ് ഫ്രൈഷൻ, തേവര-25000*
*12.വിന്നി വല്ലാർപാടം - 2000*
*13.ഫാത്തിമ മാതാ ചർച്ച്, ഇടയാർ - 10000*
*14.നിത്യസഹായമാതാ ചർച്ച്, ചേരാനെല്ലൂർ - 10000*
*15.OCD മഞ്ഞുമ്മൽ - 10000*

.

***മഹാജൂബിലി വർഷത്തിൽ മാലിപ്പുറം സെന്റ് ജോസഫ് ദേവാലയ നിർമ്മാണ ഫണ്ടിലേക്ക് സംഭാവന ചെയ്തവർ***

*1.ഔർ ലേഡി ഓഫ് ഇമ്മാക്കുലേറ്റ് ചർച്ച്, നെട്ടൂർ 1,00,000 രൂപ*
*2.എം.സി. ജോസ് നെടുമ്പറമ്പിൽ,
ഔർ ലേഡി ഓഫ് ഇമ്മാക്കുലേറ്റ് ചർച്ച്, നെട്ടൂർ : 25,000 രൂപ*
*3.വിമലാലയം കോൺവെന്റ് കച്ചേരിപ്പടി:15,000 രൂപ*

# വിശുദ്ധി പടരുന്ന ഓർമ്മകളിൽ... 'വിവാ ഇൽ പാപ്പാ'



ലൂയിസ് തണ്ണിക്കോട്ട്



**വി**ശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ കേരള സന്ദർശന ഓർമ്മകൾക്ക് നാല് പതിറ്റാണ്ട് തികയുന്നു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പാദസ്പർശനത്താലും സാമീപ്യത്താലും വരാപ്പുഴ അതിരൂപത ആസ്ഥാന മന്ദിരവും, വിശുദ്ധ ഫ്രാൻസിസ് അസ്സിസി കത്തീഡ്രലും, കളമശ്ശേരി എച്ച്എംടി ഗ്രൗണ്ടും പുളകിതമായ നാളുകൾ ആയിരുന്നു, 1986 ഫെബ്രുവരി 7–8.

കാലങ്ങളേറെയായി വി: പത്രോസിന്റെ പിൻഗാമികളായ പരിശുദ്ധ പിതാക്കന്മാരുടെ സന്ദർശനത്തിന് കേരള കത്തോലിക്കാ സഭ കണ്ണും കാതും കൂർപ്പിച്ച് കാത്തിരുന്നു. വരാപ്പുഴ അതിരൂപതയും ആ കാത്തിരിപ്പിന്റെ തപസ്സിലായിരുന്നു. ഈ കാത്തിരിപ്പിന്റെ നാളുകളിലാണ് ജോസ് തോമസ് കാനപ്പിള്ളി, പി.എ. ഫെലിക്സ്, അമ്പാട്ട്, കെ.പി. ആന്റണി, ഷെവ: പ്രിമൂസ് പെരിഞ്ചേരി മുതലായവർ പങ്കെടുത്ത ഒരു ചെറിയ യോഗത്തിൽ അഭിവന്ദ്യ കേളന്തറ പിതാവ് പറയുന്നത്, പരിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ നമ്മുടെ അതിരൂപതയുടെ ശതാബ്ദിയുമായി ബന്ധപ്പെട്ടേ എത്താൻ സാധ്യതയുള്ളൂ. കേട്ടിരുന്നവരിൽ പലരും ആ സൂചനയ്ക്ക് പ്രത്യേക പ്രാധാന്യം കൊടുത്തില്ലെങ്കിലും കേളന്തറ പിതാവിന്റെ വാക്കുകൾ ദീർഘവീക്ഷണത്തിന്റെ പ്രതീക്ഷയായിരുന്നു.

പരിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ സന്ദർശനത്തോടനുബന്ധിച്ച് കേളന്തറ പിതാവിന്റെ മുന്നൊരുക്കങ്ങൾ എല്ലാവരെയും ചേർത്ത് പിടിച്ചുകൊണ്ടായിരുന്നു. പരിശുദ്ധ പാപ്പായുടെ സന്ദർശനത്തിന്റെ ആപ്തവാക്യം 'ഐക്യത്തിലേക്കുള്ള നാഥന്റെ വിളി' എന്ന ആപ്ത വാക്യത്തിന്റെ അർത്ഥവും ആഴവും കേളന്തറ പിതാവിന്റെ സമീപനങ്ങളിൽ പ്രകടനമായിരുന്നു.

സന്ദർശന ദിനത്തിന് ആഴ്ചകൾക്ക് മുന്നേ, ഒരു വശത്ത് ജോൺ പോൾ രണ്ടാമൻ പാപ്പായും മറുവശത്ത് ഇന്ത്യയുടെ ഭൂപടവും മുദ്രണം ചെയ്തിരുന്ന കീ ചെയിൻ അന്നത്തെ യുവജന - അല്മായ സംഘടനാ നേതാക്കൾക്ക് നൽകി. സന്ദർശനത്തിനായുള്ള

വിവിധ കമ്മറ്റികൾ ഉണ്ടാക്കുകയും മോൺ: മാത്യു ചക്കാലക്കൽ വരാപ്പുഴ അതിരൂപതയുടെ ജനറൽ കൺവീനറായി കമ്മിറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സംയുക്ത കമ്മിറ്റിയിലും മോൺ: ചക്കാലക്കൽ കൺവീനറായിരുന്നു.

മുന്നൊരുക്കത്തിന്റെ ഭാഗമായി സുരക്ഷ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ബിഷപ്പ് ഹൗസിലെ പഴയ ടൈൽസ് മാറ്റി പുതിയവ ഇടുകയും ഫാനുകളുടെ റെഗുലേറ്ററുകൾ എല്ലാം മാറ്റി സ്ഥാപിക്കുകയും ചെയ്തു. പാപ്പായുടെ സന്ദർശനത്തിനോട് അനുബന്ധിച്ച് പുതിയ ലിഫ്റ്റ് ക്രമീകരിച്ചു. ശ്രദ്ധേയമായത് പാപ്പയ്ക്ക് വിശ്രമിക്കാനുള്ള കട്ടിലിന്റെ അന്വേഷണങ്ങൾ ദിവസങ്ങളോളം നീണ്ടു എന്നതാണ്. ഏഴ് അടി നീളമുള്ള കട്ടിലാണ് പരി: പാപ്പായ്ക്ക് വേണ്ടത്. പലവഴിയിലുള്ള അന്വേഷണം ബോൾഗാട്ടി പാലസിൽ വരെ എത്തിച്ചേർന്നു. എന്നാൽ അത്തരം ഒരു കട്ടിൽ വേണ്ടെന്നായിരുന്നു കേളന്തറ പിതാവിന്റെ തീരുമാനം. പിന്നിട് ഏഴ് അടി നീളമുള്ള പുതിയൊരു കട്ടിൽ പണിത് ഒരുക്കുകയായിരുന്നു.
തുടർന്ന്, എല്ലാ ഭാഗത്തുനിന്നുമുള്ള മുന്നൊരുക്കങ്ങൾക്ക് വിരാമിട്ടുകൊണ്ട് ആ ദിവസം പിറന്നു. 1986 ഫെബ്രുവരി ഏഴ്. കേളന്തറ പിതാവിന്റെ നേതൃത്വത്തിൽ ബില്ലിംഗ് ഐലൻഡിലെ എയർപോർട്ടിൽ പാപ്പായെ സ്വീകരിച്ചു. മാർ ആന്റണി പടിയറ പിതാവ്, മുഖ്യമന്ത്രി കെ കരുണാകരൻ, ജില്ലാ കളക്ടർ, തുടങ്ങിയവർ പാപ്പായെ സ്വീകരിക്കാൻ എത്തിച്ചേർന്നു.

***ക്രിസ്തു ശിഷ്യനായ വിശുദ്ധ തോമാശ്ലീഹായുടെ പുണ്യപാദ സ്പർശമേറ്റ പവിത്രമായ മലയാള മണ്ണിലേക്ക് വിശുദ്ധ പത്രോസിന്റെ താക്കോൽ സൂക്ഷിപ്പുകാരനായ പാപ്പ ആദ്യമായി കടന്നുവന്ന ദിനങ്ങൾ കേരള നാട് മറക്കില്ല. കേരളം കണ്ട ഏറ്റവും വലിയ മനുഷ്യക്കടൽ ആണ് കൊച്ചിയിലും സമീപദേശത്തും കണ്ടത്. പരിശുദ്ധ പാപ്പ ദിവ്യബലി അർപ്പി ച്ച കളമശ്ശേരി HMT ഗ്രൗണ്ട് സത്യത്തിൽ ജനസമുദ്രം ആയിരുന്നു. പാപ്പായെ കാണാനും അനുഗ്രഹത്തിനുമായി ആ പൊരിവെയിലിൽ ആയിരങ്ങളാണ് കാത്തുനിന്നത്.***



ജനസഹസ്രങ്ങൾ രാവിലെ മുതൽ കളമശ്ശേരി എച്ച്എംടി ഗ്രൗണ്ടിലേക്ക് ഒഴുകി. ഉച്ചയ്ക്ക് ശേഷം മൂന്നര മണി കഴിഞ്ഞപ്പോൾ ജനസാഗരത്തിന്റെ കാത്തിരിപ്പിന്റെ ആവേശം, മഞ്ഞയും വെള്ളയും കലർന്ന പേപ്പൽ പതാക വീശി പ്രകടിപ്പിച്ചുകൊണ്ടിരുന്നു. കാത്തിരിപ്പിന് വിരാമം ഇട്ടുകൊണ്ട് പരിശുദ്ധ പപ്പായെ വഹിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ എച്ച്എംടി ഗ്രൗണ്ടിന്റെ കിഴക്ക് ഭാഗത്ത് പ്രത്യക്ഷപ്പെട്ടപ്പോൾ, അണപൊട്ടി ഒഴുകിയ വെള്ളപ്പാച്ചിൽ പോലെ ഓരോ മനുഷ്യന്റെയും കണ്ഠനാളത്തിൽ നിന്ന് 'വിവാ ഇൽ പാപ്പാ' - 'പാപ്പാ നീണാൾ വാഴട്ടെ' എന്ന ശാന്തിമന്ത്രം ആരവമായി ആവേശമായി അലയടിച്ചുയർന്നു...! ജനക്കൂട്ടത്തെ അനുഗ്രഹിച്ച് - ആശീർവദിച്ചു കൊണ്ട് പാപ്പ വാഹനത്തിൽ നിന്നും ഇറങ്ങി ജനസാഗരത്തിനു നടുവിലൂടെ ജോൺപോൾ രണ്ടാമൻ പാപ്പാ ബലി വേദിയിലേക്ക്.

***സ്വീകരണ കമ്മിറ്റിയുടെ വരാപ്പുഴ അതിരൂപത ജനറൽ കൺവീനർ ആയിരുന്ന മോൺ. മാത്യു ചക്കാലക്കൽ, അന്നാളിൽ എന്റെ ഇടവക വികാരി ആയിരുന്നതുകൊണ്ട്, 25 ഓളം പേരെ വളണ്ടിയർ ആയി കളമശ്ശേരിയിൽ നിയമിച്ചിരുന്നു. ജീവിതഭാഗ്യം എന്ന അനുഗ്രഹം പോലെ വിഐപി സെക്ടറുകളിൽ ഒന്നിലായിരുന്നു എന്റെ സേവന നിയോഗം. അതുകൊണ്ടുതന്നെ ജനസമുദ്രത്തിൽ ഒരാളായി മാറിയപ്പോഴും സൂര്യതേജസ്സോടെ തിളങ്ങിയ ആ തിരുമുഖം തൊട്ടടുത്ത് കാണുന്നതിനും വണങ്ങുന്നതിനും സാധിച്ചു. ജീവിതത്തിൽ ഒരിക്കൽ മാത്രം കൈവന്ന ആനന്ദാനുഭൂതി ഞാൻ ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നു. എന്നെപ്പോലെ കേരളത്തിലെ അനേക ലക്ഷങ്ങൾക്ക് ദിവ്യമായ ആ ഓർമ്മയും കാഴ്ച അനുഭവും വിശുദ്ധിയുടെ സാമീപ്യമാണ്.***

ദിവ്യബലി ആരംഭിക്കുന്നതിന് മുൻപ് പരിശുദ്ധ പാപ്പ വേദിയിൽ സജ്ജമാക്കിയിരുന്ന ദീപം തെളിയിച്ചു. ഈ സമയത്ത് ഗായിക ജെൻസി വേദിയിൽ പരിശുദ്ധ പിതാവിന് സമീപം നിന്ന് 'അസതോ മാ സദ്ഗമയാ, തമസോമാ ജോതിർഗമയാ......' എന്ന ഗീതകം പാടി. തുടർന്നാണ് ദിവ്യബലി

ആരംഭിച്ചത്. ദിവ്യബലിക്കായി അന്ന് പരിശുദ്ധ പിതാവിനോടൊപ്പം ജോസഫ് കേളന്തറ പിതാവ് സഹകാർമികനായിരുന്നു. കേളന്തറ പിതാവിന്റെ സെക്രട്ടറി എന്ന നിലയിൽ ചാൾസ് പടത്തുരുത്തിലച്ചൻ പ്രത്യേക സഹായിയായിരുന്നു. രണ്ട് ഡീക്കന്മാർക്കാണ് ബലിവേദിയിൽ പരിശുദ്ധ പാപ്പയോട് അടുത്തു നിൽക്കാനും തിരുകർമ്മങ്ങളിൽ സഹായിക്കാനും അവസരം ഉണ്ടായിരുന്നത്. ദിവ്യബലിയിൽ വിശുദ്ധ സുവിശേഷം വായിച്ചുകൊണ്ട് സഹായിയായിരുന്ന ഒരാൾ, ഇപ്പോൾ തൃപ്പൂണിത്തുറ സെൻറ് ജോസഫ് പള്ളി വികാരിയായ ഫാ: ഫ്രാൻസിസ് സേവ്യർ തന്നിക്കാപറമ്പിലാണ്. മറ്റൊരാൾ റവ: ഫാ: ഡോ: വിൻസൻറ് കുണ്ടുകുളം. ഫ്രാൻസിസ് സേവ്യർ അച്ചന് വൈദിക പഠനകാലത്ത് കൈവന്ന, വലിയൊരു ഭാഗ്യം കൂടിയാണ് കളമശ്ശേരിയിലെ ദിവ്യബലി മദ്ധ്യേ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയോട് ചേർന്ന് നിന്നുമുള്ള സുവിശേഷവായന.

ദിവ്യബലിക്ക് ഗാനങ്ങൾ ആലപിച്ചത് മോൺ: മൈക്കിൾ പനക്കലച്ചൻ നേതൃത്വം കൊടുത്ത CAC ക്വയർ ആയിരുന്നു. ഫ്രെഡി പള്ളനും, ജെൻസിയുമായിരുന്നു പ്രധാന ഗായകർ. ക്വയർ കണ്ടക്റ്റ് ചെയ്തത് ജെറി അമൽദേവായിരുന്നു. ആഴ്ചകളോളം ഗായകസംഘത്തെ പരിശീലിപ്പിച്ചത് ഉൾപ്പെടെയുള്ള ഉത്തരവാദിത്തം ജോർജ്ജ് പള്ളത്താനയ്ക്കും (ജോബ് & ജോർജ്) മാനുവലിനും ആയിരുന്നു. (കോട്ടയത്ത് ക്വയറിന്റെ നേതൃത്വം ജോബ് മാഷിനായിരുന്നു.)

മാനുവൽ, ലിപ്സൺ, രാജേന്ദ്രൻ, ഫ്രാൻസിസ്, ഹെറാൾഡ് .... തുടങ്ങിയവർ സംഗീതോപകരണങ്ങൾ വായിച്ചു. ഏതാണ്ട് നൂറോളം പേരാണ് ഗായക സംഘത്തിലെ അംഗങ്ങൾ. ദിവ്യബലിക്ക് ശേഷം ഗായകസംഘത്തിലെ പ്രധാനപ്പെട്ടവർക്ക് പരിശുദ്ധ പാപ്പ കൊന്ത സമ്മാനമായി നൽകി.

കത്തുന്ന വെയിലിലും, എച്ച്എംടി ഗ്രൗണ്ടിൽ തലയിൽ തോർത്തുമുണ്ടും, തൊപ്പിയും വച്ച് പരിശുദ്ധ പിതാവിന്റെ ബലി അർപ്പണത്തിൽ പങ്കു കൊള്ളാനുള്ള ആയിരങ്ങളുടെ കാത്തിരിപ്പ് ക്രിസ്തു വിശ്വാസത്തെ സധൈര്യം പ്രഘോഷിക്കുന്ന കേരള ക്രൈസ്തവ ജനതയുടെ നേർ അനുഭവമായിരുന്നു. കളമശ്ശേരി ദിവ്യബലി അർപ്പണം ആ അനുഭവത്തിന്റെ ജീവിക്കുന്ന സാക്ഷ്യവും. പരിശുദ്ധ പിതാവ് ബലിയർപ്പിച്ച് ചരിത്രത്തിൽ ഇടം നേടിയ 'ആ ബലിപീഠം' കാലങ്ങൾക്ക് ശേഷം അത് സൂക്ഷിച്ചിരിക്കുന്നവരിൽ ഒരുവിഭാഗം, വികലമായ വിശ്വാസത്തിന് ഇരയാക്കി എന്നതും ഏറെ ദുഃഖത്തോടെ കൂടി മാത്രമേ ഓർക്കാൻ കഴിയു...!



കളമശ്ശേരിയിലെ ദിവ്യബലിക്ക് ശേഷം ജോൺപോൾ പാപ്പാ ഹെലികോപ്റ്റർ മാർഗ്ഗം മറൈൻ ഡ്രൈവിലെ ഹെലിപാഡിൽ വന്നിറങ്ങി. തുടർന്ന് കത്തീഡ്രൽ ദേവാലയത്തിലേക്ക്. ദേവാലയ കവാടത്തിൽ വികാരി മോൺ : അലക്സാണ്ടർ വടക്കുംതല പരി: പിതാവിന് മെഴുകുതിരി കൊടുത്തു സ്വീകരിച്ചു. തുടർന്ന് വരാപ്പുഴ അതിരൂപതയുടെ ശതാബ്ദി ഉദ്ഘാടനം പാപ്പാ നിർവഹിച്ചു. അങ്ങനെ അതിരൂപത ശതാബ്ദിയോട് അനുബന്ധിച്ച് പരിശുദ്ധ പിതാവ് കേരളത്തിൽ വരും എന്ന ജോസഫ് കേളന്തറ പിതാവിന്റെ ദീർഘദർശനം സഫലമായി. ഉദ്ഘാടനത്തിന് ശേഷം, എഴുതി വായിച്ച പ്രസംഗത്തിൽ നിന്നും മാറി പരിശുദ്ധ പിതാവ് കത്തീഡ്രലിന്റെ നിർമ്മാണ വൈഭവത്തിലെ അത്ഭുതം പങ്കുവെച്ചു.

കത്തീഡ്രൽ പള്ളിയുടെ മാതൃക പരിശുദ്ധ പാപ്പായ്ക്ക് കേളന്തറ പിതാവ് സമ്മാനിച്ചു. തുടർന്ന് ഇടയൻ ആടുകൾക്കിടയിലേക്ക് എന്നതുപോലെ ആൾക്കൂട്ടത്തിലേക്ക് പരിശുദ്ധ പിതാവ് ഇറങ്ങി.

പരിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ കേരളത്തിൽ വന്നപ്പോൾ മാതൃഭാഷയായ മലയാളത്തിൽ അദ്ദേഹം കളമശ്ശേരി, കത്തീഡ്രൽ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ആശയവിനിമയം നടത്തി. പരിശുദ്ധ പിതാവിനെ അന്ന് മലയാളം പഠിപ്പിച്ചത് ഭാഗ്യസ്മരണാർഹനായ മുൻ ആർച്ച് ബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് ആയിരുന്നു എന്നത് നമുക്ക് കൂടുതൽ അഭിമാനിക്കാം. അടുത്ത കാലത്തായി പരിശുദ്ധ പാപ്പായെ മലയാളം പഠിപ്പിച്ചത് മറ്റു ചിലരാണ് എന്ന അവകാശവാദവും ഉണ്ടായിട്ടുണ്ട്.

***രണ്ടുദിവസത്തെ കേരള സന്ദർശനത്തിൽ ഒരു രാത്രി എറണാകുളം അതിരൂപതാ മന്ദിരത്തിലും അടുത്ത രാത്രി വരാപ്പുഴ അതിരൂപത മന്ദിരത്തിലും ആണ് പരിശുദ്ധ പിതാവ് വിശ്രമിച്ചത്. വരാപ്പുഴ അതിരൂപതയിലെ വിശ്രമദിന***



***ത്തിൽ, അന്നു രാത്രിയിലെ അനുഭവം കേളന്തറ പിതാവ് പങ്കുവെച്ചത് ഇങ്ങനെ. രാവേറെ ചെന്നു കേളന്തറ പിതാവിന് ഉറക്കം വരുന്നില്ല. നേരെ പരിശുദ്ധ പിതാവ് വിശ്രമിക്കുന്ന മുറിയുടെ വാതുക്കൽ എത്തി. അകത്ത് ചെറിയ വെളിച്ചം. സ്വിസ് ഗാർഡിനോട് പിതാവിന്റെ മുറിയിൽ വെളിച്ചം ഉണ്ടല്ലോ ഉറങ്ങിയില്ലേ എന്ന് ചോദിച്ചു. സ്വിസ്സ് ഗാർഡ് ചുണ്ടത്ത് വിരൽ വെച്ച് ആംഗ്യം കാണിച്ചു. കേളന്തറ പിതാവ് സ്വന്തം മുറിയിലേക്ക് തിരിച്ചുപോന്നു. ഉറക്കം വരാതെ സമയം തള്ളി നീക്കി. അഞ്ചു മണിയായപ്പോൾ പാപ്പായുടെ മുറിയുടെ മുന്നിലെത്തി. അല്പ സമയത്തിനു ശേഷം വാതിൽ തുറന്ന് പാപ്പ പ്രാർത്ഥന മുറിയിലേക്ക്. പരിശുദ്ധ പിതാവിനോടൊപ്പം കേളന്തറ പിതാവും മുട്ടുകുത്തി.പത്തു മിനിറ്റ് കഴിഞ്ഞപ്പോൾ ജോൺപോൾ പാപ്പ മുട്ടുകുത്തി നിന്ന നീലറിൽ നിന്നും മാറി, വെറും തറയിൽ മുട്ടുകുത്തി നിന്ന് പ്രാർത്ഥന തുടർന്നു. ഒരു മണിക്കൂറോളം വെറും തറയിൽ മുട്ടുകുത്തി കൊണ്ട് വിശുദ്ധ പത്രോസിന്റെ പിൻഗാമി പ്രാർത്ഥിക്കുന്നു. ഈ രംഗം കേളന്തറ പിതാവിന്റെ കണ്ണുകളിൽ ഈറനണിഞ്ഞു.***

പരിശുദ്ധ പിതാവിന്റെ സന്ദർശന ശേഷം കെ.സി.വൈ.എം ഭാരവാഹികളായിരുന്ന, ജോയ് ഗോതുരുത്ത് - പി.ആർ. അലോഷ്യസ് തുടങ്ങിയവരോട് കേളന്തറ പിതാവ് നേരിൽ പറഞ്ഞതാണ് ഈ സംഭവം.

പാപ്പായുടെ സന്ദർശനം പ്രമാണിച്ച് വരാപ്പുഴ അതിരൂപത പള്ളികളിലും പൊതുസ്ഥലങ്ങളിലും ഉയർത്തിയ പരസ്യങ്ങളിൽ തൊപ്പിയില്ലാത്ത കൈകൾ കൂപ്പി പിടിച്ച് നിൽക്കുന്ന ജോൺപോൾ രണ്ടാമൻ പാപ്പായായിരുന്നു. എന്നാൽ മറ്റുള്ളവർ തൊപ്പി ധരിച്ച് അധികാര മുദ്രയുള്ള പാപ്പയുടെ ചിത്രങ്ങൾ ആയിരുന്നു ക്രമീകരിച്ചിരുന്നത്, ഈ ചിത്രങ്ങൾ അക്കാലത്ത് പ്രത്യേകം ശ്രദ്ധേയമായിരുന്നു.

കേരളത്തിലെ റീത്ത് ഭേദമെന്യേ മൊത്തം രൂപതകളെ നാലായി തിരിച്ച് നാല് കേന്ദ്രങ്ങളിലാണ് പരിശുദ്ധ പാപ്പ ദിവ്യബലി അർപ്പിച്ചത്. തൃശ്ശൂർ, കളമശ്ശേരി, കോട്ടയം, തിരുവനന്തപുരം. അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവും മോൺ. മാത്യു ചക്കാലക്കൽ അച്ചനും എറണാകുളം (വരാപ്പുഴ അതിരൂപത) കേന്ദ്രീകരിച്ചു നടന്ന സന്ദർശന പരിപാടിക്ക് പഴുതില്ലാത്ത നേതൃത്വം നൽകി. സത്യത്തിൽ എല്ലാ വിഭാഗങ്ങളെയും യോജിപ്പിച്ചു കൊണ്ടുള്ള ഈ സന്ദർശന പരിപാടിയിൽ ലത്തീൻ വിഭാഗത്തിന്റെ ഒരു മേൽക്കൈ എല്ലായിടത്തും പ്രകടമായിരുന്നു. പുരോഹിതർ ഉൾപ്പെടെയുള്ള സമർപ്പിതരും... അത്മായരും ഒരു മാലയിൽ കോർത്ത പുഷ്പങ്ങൾ പോലെ, സഹകരണത്താലും പ്രവർത്തനത്താലും പരസ്പര സ്നേഹ ബഹുമാനങ്ങളുടെ പരിമളം പരത്തി,

പാപ്പയുടെ സന്ദർശനം വൻ വിജയമാക്കി. സത്യത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വരാപ്പുഴ അതിരൂപതയിലെ സന്ദർശന ദിനങ്ങളിലൂടെ, ജോസഫ് കേളന്തറ പിതാവ് ഒരു ചരിത്രത്തിന്റെ സൃഷ്ടാവ് കൂടി ആവുകയായിരുന്നു...!

***സഞ്ചരിക്കുന്ന പാപ്പാ എന്നറിയപ്പെട്ട പരിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 29-ാമത് വിദേശ യാത്രയായിരുന്നു 1986 ഫെബ്രുവരി 7- 8 തീയതികളിൽ കേരളത്തിൽ നടന്നത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ കേരളം സന്ദർശിച്ചശേഷം മറ്റൊരു പാപ്പ ഇതുവരെ കേരളത്തിൽ എത്തിയിട്ടില്ല. അതുകൊണ്ടുതന്നെ നാല് പതിറ്റാണ്ട് മുമ്പുള്ള വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ കേരള മണ്ണിലെ പാദസ്പർശനവും, സാമീപ്യവും, സ്പർശന ഇടങ്ങളും, ഇന്നും കേരളീയർക്ക് വേറിട്ടൊരു ദൈവാനുഭവം തന്നെയാണ്.***

ഇനിയും കുറിച്ചിടാൻ നിരവധി കാര്യങ്ങൾ... സംഭവങ്ങൾ ... സന്ദർഭങ്ങൾ... ഓർമ്മകൾ.... പക്ഷേ കുറിപ്പ് ചുരുക്കുന്നു.

1986 ഫെബ്രുവരി ഏഴിന് ലത്തീൻ സമുദായത്തിന്റെ ജിഹ്വയായിരുന്ന പ്രസിദ്ധീകരണം, നിലച്ചുപോയ 'കേരള ടൈംസ്'-ന്റെ മുൻ പേജിലെ ലീഡ് വാർത്തയുടെ തലക്കെട്ട് ഇതായിരുന്നു, 'വരിക അനുഗ്രഹിക്ക', അതേ, പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ നിന്നും ഇനിയും ഒരു പാപ്പ കേരള സഭയിലേക്ക്... ലത്തീൻ സഭയിലേക്ക്... വിശിഷ്യാ വരാപ്പുഴ അതിരൂപതയിലേക്ക് ... പരിശുദ്ധ പാപ്പായേ 'വരിക അനുഗ്രഹിക്ക...'

# ദിസ് ഈസ് വിക്ടർ, മൈ ബോയ്



സിബി ജോയ്

***ആഗോള കത്തോലിക്കാ സഭയുടെ പരമാചാര്യൻ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ  എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ ദേവാലത്തിൽ വിശ്വാസികൾക്ക് ആശീർവാദം നൽകിയ അവസര ത്തിൽ പാപ്പാ സ്വന്തം കൈകൊണ്ട് നേരിട്ട് നൽകിയ ജപമാല നെഞ്ചോട് ചേർത്ത് ഇന്നും പ്രാർത്ഥിക്കുന്ന ഒരാളുണ്ട്. വരാപ്പുഴ അരമന യിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സഹായിയായി സേവനം ചെയ്യുന്ന വിക്ടർ ജോസഫ്. ആൾക്കൂട്ടത്തിന്റെ ആരവങ്ങളും പ്രാർത്ഥനയുടെ നിശബ്ദതയും ഒരുമിച്ച് ചേർന്ന ആ പുണ്യദിനങ്ങളായിരുന്നു അത്. ജീവിത ത്തിൽ ഒരിക്കലും മറക്കാനാവാത്തതായിരുന്നു പരിശുദ്ധ പിതാവിന്റെ സന്ദർശന ദിനങ്ങളെന്ന് അക്കാലത്ത് അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവിന്റെ സഹായിയായിരുന്ന വിക്ടർ ഓർത്തെടുക്കുന്നു.***

1971–ലാണ് ഞാൻ അരമനയിൽ എത്തുന്നത്. കളമശ്ശേരി ലിറ്റിൽ ഫ്ളവർ ഇൻസ്റ്റിറ്റ്യൂട്ടിൽ നാലു വർഷത്തെ ടർണർ കോഴ്സ് പഠിക്കുന്ന സമയം. മൂന്നു വർഷം പൂർത്തിയാകുന്ന അവസരത്തിലാണ് ജോസഫ് കേളന്തറ പിതാവ് ഒരു സഹായിയെ അന്വേഷിക്കുന്നത്.
കളമശേരി ഹോളി ഏഞ്ചൽസ് ബോയ്സ് ഹോമിൽ താമസിച്ചിരുന്ന 200 വിദ്യാർത്ഥികളിൽ നിന്ന് എനിക്കാണ് നറുക്ക് വീണത്. അങ്ങനെ അന്ന് മുതൽ പിതാവിന്റ സഹായിയായി അരമനയിൽ താമസം തുടങ്ങി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ സന്ദർശനത്തെ കുറിച്ചുള്ള ചർച്ചകൾ നടക്കുന്നത് പലപ്പോഴും കേൾക്കുമായിരുന്നു. കേളന്തറ പിതാവ് അതിനു



മുന്നൊരുക്കമായുള്ള കാര്യങ്ങളെല്ലാം ഞങ്ങൾക്ക് പറഞ്ഞു തന്നിരുന്നു. എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികരും നമ്മുടെ രൂപതാംഗങ്ങളും ഒരുമിച്ചു ചേർന്നാണ് ഒരുക്കങ്ങൾ നടത്തിയത്. ആലപ്പുഴ രൂപതയുടെ വികാരി ജനറലായിരുന്ന മോൺ. വർഗീസ് പുത്തൻവീട്ടിലായിരുന്നു കമ്മിറ്റിയുടെ സെക്രട്ടറി. ഒരുപാട് ആകാംക്ഷയും ഉത്കണ്ഠകളും നിറഞ്ഞദിവസങ്ങളായിരുന്നു. ആദ്യമായാണ് കേരളത്തിലേക്ക് ഒരു പാപ്പ വരുന്നത്. എന്തൊക്കെ ചെയ്യണം, എങ്ങനെയൊക്കെ ഒരുങ്ങണം എന്നൊക്കെ ടെൻഷൻ ഉണ്ടായിരുന്നു. ജോൺപോൾ രണ്ടാമൻ പാപ്പായ്ക്ക് ദിവ്യബലി അർപ്പിക്കുന്നതിന് വേണ്ടി കേളന്തറ പിതാവും എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവും ഒരുപാട് യാത്ര ചെയ്തു കണ്ടെത്തിയ സ്ഥലമാണ് കളമശേരിയിലെ HMT ഗ്രൗണ്ട്.

ഫെബ്രുവരി 8, 9 തീയതികളിൽ ആണ് പാപ്പ നമ്മുടെ അരമനയിൽ താമസിച്ചിരുന്നത്. ആ രണ്ടു ദിവസവും ഞങ്ങൾ സ്റ്റാഫ് അംഗങ്ങളും  അരമനയിൽ തന്നെയാണ് താമസിച്ചത്. പുറത്തേക്ക് പോകാനുള്ള അനു വാദം ഉണ്ടായിരുന്നില്ല.



പാപ്പാ താമസിച്ചതിന്റെ ഓർമ്മയ്ക്ക് ആ മുറിയിൽ അക്കാര്യം രേഖപ്പെടു ത്തി വച്ചിട്ടുണ്ട്. അരമനയുടെ മുകളിലുള്ള മുറിയാണ് പാപ്പക്കായി ഒരുക്കാൻ പറഞ്ഞിരുന്നത്. (ഇന്ന് ആന്റണി വാലുങ്കൽ പിതാവ് ഉപയോഗിക്കുന്ന മുറി)

മുൻധാരണകൾ ഒന്നും ഇല്ലാതിരുന്നത് കൊണ്ട് ഞങ്ങൾ കൂടുതലും ചുവന്ന കളറാണ് മുറി ഭംഗിയാക്കാൻ ഉപയോഗിച്ചത്. ജനലിന്റെ കർട്ടനുകളും കാർപെറ്റും വിരികളും എല്ലാം ചുവപ്പു നിറത്തിൽ ഒരുക്കി. കേളന്തറ പിതാവിന് അത് കണ്ടപ്പോൾ എന്തോ അപാകത തോന്നി. പിതാവ് അന്നത്തെ പ്രഗൽഭനായിരുന്ന എൻജിനീയർ ജോസിയെ അരമനയിലേക്ക് വിളിപ്പിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് കാര്യങ്ങൾ ക്രമീകരിക്കാൻ ഞങ്ങളോട് പറഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ ലില്ലിയും സെന്റ് തെരേസാസ് കോൺവെന്റിലെ സിസ്റ്റർ ലിഗോരിയും കൂടെ ഉണ്ടായിരുന്നു. ജോസി സർ ആദ്യം ചെയ്തത് ഞങ്ങൾ ഒരുക്കിയിരുന്ന ചുവപ്പുനിറത്തിലുള്ള എല്ലാം മാറ്റുകയായിരുന്നു. പകരം പച്ച, വെള്ള, മഞ്ഞ നിറത്തിലുള്ള കർട്ടനുകൾ ഒരുക്കി. കിടക്ക വിരികളും വെള്ള നിറത്തിലാക്കി. കണ്ണാടിപോലെയുള്ള വസ്തുക്കൾ അവർ വീട്ടിൽ നിന്നും കൊണ്ടുവന്നു. പച്ചയും സ്നോ വൈറ്റും ആയിരുന്നു കാർപെറ്റിന്റെ കളർ. അപ്പോഴാണ് ആ മുറിക്ക് ഒരു രാജകീയ പ്രൗഡിയും ലാളിത്യവും ലഭിച്ചത്. രാവിലെ ചെന്നു നോക്കുമ്പോൾ കിടക്ക വിരിയൊക്കെ ഒരു ചുളിവു പോലുമില്ലാതെ കിടക്കുന്നത് കണ്ട് ഞങ്ങൾ അത്ഭുതപ്പെട്ടിരുന്നു.

അരമനയുടെ മുന്നിലുണ്ടായിരുന്ന തേക്ക് വെട്ടിയാണ് പാപ്പക്ക് കിടക്കാനുള്ള കട്ടിലും കസേരകളും പണിതത്. കട്ടിലിലും കസേരയിലും വത്തിക്കാൻ ലോഗോ പതിച്ചിരുന്നു. കുരുടീസ് കല്ലുകൊണ്ടാണ് നിർമിച്ചിരുന്ന അരമനയുടെ വരാന്തയുടെ തറ നിറം മങ്ങി പഴകിയതുകൊണ്ട് അതെല്ലാം മാറ്റി അവിടെയെല്ലാം മൊസൈക്ക് പാകി. പാപ്പ താമസിച്ചിരുന്ന മുറിയിൽ നിന്ന് താഴേക്ക് വരുന്നതിനുവേണ്ടി ലിഫ്റ്റും നിർമ്മിച്ചു.

തന്നെ കാണാൻ വരുന്ന ജനക്കൂട്ടത്തെ കാണുമ്പോൾ ജോൺ പോൾ രണ്ടാമൻ പാപ്പയ്ക്ക് വളരെ വലിയ സന്തോഷമായിരുന്നു. പാപ്പ വിമാനം ഇറങ്ങിയ കൊച്ചി എയർപോർട്ടിൽ നിന്ന് ദിവ്യബലി അർപ്പിച്ച കളമശേരി എച്ച്എംടി ഗ്രൗണ്ട് വരെയുള്ള റോഡിൽ പൊടി പറക്കാതിരിക്കാനായി കൊച്ചി കോർപ്പറേഷന്റെ നേതൃത്വത്തിൽ നിരന്തരം വെള്ളം നനച്ചിരുന്നു. പതിനായിരക്കണക്കിന് ജനങ്ങളാണ് പാപ്പായെ കാണാൻ റോഡിന് ഇരുവശങ്ങളിലുമായി കാത്തുനിന്നത്. പലപ്പോഴും സുരക്ഷാ സംവിധാനങ്ങളൊന്നും ഇല്ലാതെ പാപ്പ ജനങ്ങളുടെ ഇടയിലേക്ക് പോകുന്നത് കാണാമായിരുന്നു.

ആദ്യത്തെ ദിവസം കത്തീഡ്രൽ ദേവാലയത്തിൽ ജനങ്ങൾക്കൊപ്പമാണ് എനിക്ക് പാപ്പായെ കാണാൻ സാധിച്ചത്. പിറ്റേദിവസം എയർപോർട്ടിലേക്ക് പോകാനായി രാവിലെ മുറിയിൽ നിന്നിറങ്ങിയപ്പോൾ അരമനയിലെ വൈദികരെയും സ്റ്റാഫ് അംഗങ്ങളെയും കേളന്തറ പിതാവ് പാപ്പായ്ക്ക് പരിചയപ്പെടുത്തി. 32 സ്റ്റാഫാണ് അന്ന് അരമനയിൽ ഉണ്ടായിരുന്നത്. പലരും പലവിധ ജോലികളിലായിരുന്നുവെങ്കിലും കേളന്തറ പിതാവ് എല്ലാവരെയും നേരിട്ട് പരിചയപ്പെടുത്തി. വികാരി ജനറലായിരുന്ന മോൺ.ഇമ്മാനുവൽ ലോപസ്, പ്രൊക്യുറേറ്റർ മോൺ. ജോർജ് കൊമരോത്ത് ഹൗസ് പ്രൊക്യുറ്റർ ഫാ. ആന്റണി കുമ്പേയിൽ, ഹൗസ് പ്രൊക്യുറേറ്ററായി പ്രത്യേകം ചുമതലയുണ്ടായിരുന്ന ഫാ. ഫ്രാൻസീസ് കല്ലറക്കൽ (ആർച്ച് ബിഷപ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ), മോൺ. മാത്യു ചക്കാലക്കൽ, സെമിനാരി റെക്ടർ ഫാ. പോൾ തുണ്ടിയിൽ ഫാ. ചാൾസ് പടത്തുരുത്തി എന്നീ അച്ചന്മാരെ പരിചയപ്പെടുത്തി.

**അതിനുശേഷം കേളന്തറ പിതാവ് എന്നെ പരിചയപ്പെടുത്തിയത് ഇങ്ങനെയാണ്. ദിസ് ഈസ് വിക്ടർ, മൈ ബോയ്. അതു കേട്ടപ്പോൾ പരിശുദ്ധ പിതാവ് സന്തോഷത്തോടെ എന്റെ തോളിൽ പിടിച്ചു. അപ്പോളുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവാത്തതാണ്. ഞാൻ പാപ്പായുടെ മോതിരം മുത്തി, അനുഗ്രഹം വാങ്ങി. അത്രയും വലിയ ഭാഗ്യം ഉണ്ടാകുമെന്ന് കരുതിയതല്ല. ഒരു സാധാരണക്കാരന് കിട്ടുന്ന ഏറ്റവും വലിയ ഭാഗ്യമായി ഞാനിന്നും ആ നിമിഷത്തെ ഓർക്കുകയാണ്. ഇക്കാര്യം പുറത്തുള്ളവരെ അറിയിക്കാനായി എനിക്ക് വളരെ ആഗ്രഹമായിരുന്നു. മൊബൈൽ ഫോൺ ഇല്ലാത്ത കാലമായിരുന്നല്ലോ. സുരക്ഷ കാരണങ്ങളാൽ അന്ന് പുറത്തേക്ക് പോകാൻ അനുവാദമില്ലായിരുന്നു. പിന്നീട് പാപ്പായുടെ സന്ദർശനത്തിനു ശേഷമാണ് ഭാര്യയോടും മക്കളോടും സുഹൃത്തുക്കളോടുമൊക്കെ ഈ വലിയ ഭാഗ്യത്തെക്കുറിച്ച് പറയാനായി സമയം ലഭിച്ചത്. അവർക്കും ഒരുപാട് സന്തോഷമായി.** ഇന്ന് അരമനയിൽ അക്കൗണ്ട്സ് വിഭാഗത്തിൽ ജോലി ചെയ്യുന്ന പയസ് തോമസ്, ഇപ്പോഴത്തെ കോട്ടപ്പുറം പിതാവിന്റെ ഡ്രൈവർ എം.എൽ. ജോയ്, തണ്ണിക്കോട്ട് പിതാവിന്റെ ബോയ് ആയിരുന്ന പി.പി. തോമസ് എന്നിവരും

അക്കാലത്ത് സ്റ്റാഫ് അംഗങ്ങളായി ഉണ്ടായിരുന്നു.

***പ്രാർത്ഥിക്കാനായി അരമന ചാപ്പലിൽ നീലറൊക്കെ തയ്യാറാക്കിയിരുന്നുവെങ്കിലും പാപ്പ കാർപെറ്റിൽ മുട്ടുകുത്തിയാണ് പ്രാർത്ഥിച്ചിരുന്നത്. എത്രയൊക്കെ തിരക്കുണ്ടെങ്കിലും രാവിലെയും വൈകുന്നേരവും വ്യക്തിപരമായ പ്രാർത്ഥനയ്ക്കും ജപമാലക്കും പാപ്പ സമയം കണ്ടെത്തുമായിരുന്നു.*** താഴെയുള്ള പാർലറിൽ (മണിമുറി) വച്ചാണ് പാപ്പാ സെമിനാരി വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തിയിരുന്നത്. പാപ്പായെ കണ്ട സന്തോഷത്തിൽ അന്നത്തെ നൂറിലധികം വരുന്ന സെമിനാരി വിദ്യാർഥികൾ അദ്ദേഹത്തെ തൊടാനും അടുത്ത് ചെല്ലുവാനും തിരക്കുകൂട്ടി. അത് കണ്ട് കേളന്തറ പിതാവിന് അല്പം ദേഷ്യം വന്നെങ്കിലും പരിശുദ്ധ പിതാവ് വളരെ സന്തോഷത്തോടെയാണ് സെമിനാരി വിദ്യാർത്ഥികളോട് ഇടപഴകിയത്. അന്നത്തെ സിറ്റി പോലീസ് കമ്മീഷണറായിരുന്ന തോമസ് പാസ്കൽ ഉൾപ്പെടെയുള്ള നിരവധി പ്രമുഖ വ്യക്തികളുടെ കുടുംബങ്ങളുമായും കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിയിരുന്നു.

എറണാകുളത്തെ പ്രശസ്തമായ കാസിനോ ഹോട്ടലിന്റെ നേതൃത്വത്തിലായിരുന്നു പരിശുദ്ധ പിതാവിനും പ്രമുഖ വ്യക്തികൾക്കും അത്താഴം ഒരുക്കിയിരുന്നത്. പരിശുദ്ധ പിതാവിന് കുടിക്കാനുള്ള വെള്ളം മുതൽ എല്ലാ ഭക്ഷണവും അദ്ദേഹത്തോടൊപ്പമുള്ള ഡോക്ടർമാരുടെ സംഘം രുചിച്ചു നോക്കി ഉറപ്പുവരുത്തിയ ശേഷമാണ് പാപ്പയ്ക്ക് നൽകിയിരുന്നത്.

***സന്ദർശനത്തിന്റെ രണ്ടാം ദിവസം ആകസ്മികമായ ഒരു സംഭവമുണ്ടായി. പരിശുദ്ധ പിതാവ് പോപ് മൊബീലിൽ കയറാൻ അരമനയുടെ പുറത്തേക്ക് ഇറങ്ങുന്ന സമയത്ത് ഗാർഡ് ഓഫ് ഓണർ നൽകുന്ന പോലീസുകാരിൽ ഒരാൾ അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ തോക്ക് തോട്ടത്തിലേക്ക് വലിച്ചെറിഞ്ഞ് പരിശുദ്ധ പിതാവിന്റെ കാലിൽ വീണു. എല്ലാവരും ഒരു നിമിഷം സ്തംഭിച്ചു പോയി. വലിയ ഒരു സുരക്ഷാ വീഴ്ചയാണ്. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കാര്യം.***

***ഒരു ഹൈന്ദവനായ പോലീസ് ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. പാപ്പായോടുള്ള ആദരവും സ്നേഹവും കൊണ്ട് അറിയാതെ ചെയ്തു പോയതാണ്. ബഹളങ്ങളൊക്കെ ഒന്ന് അടങ്ങിയപ്പോൾ പാപ്പ ആദ്യം ആവശ്യപ്പെട്ടത് ഒന്നു മാത്രമാണ്. ആ പോലീസുകാരന്റെ ജോലി കളയരുത്. അത്രമാത്രം എളിമയുള്ള ഒരു മഹാ വ്യക്തിത്വത്തിന് ഉടമയായിരുന്നു പരിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ.***

ജോൺപോൾ രണ്ടാമൻ പാപ്പായുടെ സന്ദർശനം അതിമനോഹരമായി പൂർത്തിയാക്കാൻ സാധിച്ചത് ജോസഫ് കേളന്തറ പിതാവിന്റെ ക്രാന്തദർശന പരമായ നിർദേശങ്ങളും ആസൂത്രണങ്ങളും ഒന്നുകൊണ്ടുമാത്രമാണ്. പാപ്പാ എത്തുമെന്ന് അറിയിപ്പ് ലഭിച്ചത് മുതൽ കൊച്ചി എയർപോർട്ടിൽ നിന്ന് പറന്ന് ഉയർന്നത് വരെ വിശ്രമമില്ലാത്ത ദിനരാത്രങ്ങൾ ആയിരുന്നു അദ്ദേഹത്തിന്റേത്.

പരിശുദ്ധ പിതാവിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പിരിച്ചുവിടുന്നതിനായി എല്ലാവരേയും ക്ഷണിച്ചിരുന്ന ദിവസമാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത് എന്നത് വളരെ ആകസ്മികമായ ഒരു കാര്യമാണ്. അതുകൊണ്ട് അങ്ങനെയൊരു മീറ്റിംഗ് കൂടാൻ സാധിച്ചില്ല. ഒരു വിശുദ്ധന്റെ കരസ്പർശമേറ്റ വിലമതിക്കാനാവാത്ത ആ നിമിഷങ്ങൾ എനിക്ക് സമ്മാനിച്ച ദൈവത്തിന് നന്ദി പറയുന്നു.



**ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ**

ഒരു ഡീക്കനായിരുന്ന എന്നെ സംബന്ധിച്ചിടത്തോളം ഒരിക്കലും മറക്കാനാവാത്ത ദൈവകൃപയുടെ അഭിഷേക ദിനമായിരുന്നു 1986 ഫെബ്രുവരി 17. ആലുവ മംഗലപ്പുഴ സെമിനാരിയിലെ ജനറൽ പ്രീഫെക്ട് ആയിരുന്ന ഡീക്കൻ വിൻസെന്റ് കുണ്ടുകുളവും പൾസേറ്ററായിരുന്ന ഞാനും കളമശ്ശേരി എച്ച്.എം.റ്റി ഗ്രൗണ്ടിൽ ജോൺപോൾ രണ്ടാമൻ പാപ്പ അർപ്പിച്ച ദിവ്യബലിയ്ക്ക് ലത്തീൻ ആരാധന ക്രമമനുസരിച്ച് ശുശ്രൂഷകരായി ആവശ്യമായിരുന്ന രണ്ടു ഡീക്കന്മാരായി തിരഞ്ഞെടുക്കപ്പെട്ടു എന്നത് ഇന്നും ഞാൻ ഓർക്കുമ്പോൾ ദൈവത്തിന്റെ കാരുണ്യം എന്നല്ലാതെ എന്താണ് പറയുക.

ആ പൊരിവെയിലത്ത് ലക്ഷക്കണക്കിനു മനുഷ്യർ, കുട്ടികൾ തുടങ്ങി പ്രായമായവർ വരെ കാൽനടയായി ഗ്രൗണ്ടിലേയ്ക്ക് ഒഴുകിയെത്തിക്കൊണ്ടിരുന്നത് ഇന്നും ഓർമ്മയിൽ പച്ചയായുണ്ട്. ആഗോള സഭയുടെ ദൃശ്യമായ കൂട്ടായ്മ കളമശ്ശേരിയിൽ ദർശിക്കാനായി. പാപ്പയെ കാണാനായതും അദ്ദേഹത്തിന്റെ ആശീർവാദം ലഭിക്കാനായതും ജീവിതത്തിലൊരിക്കൽ ലഭിച്ച കൃപയുടെ അനുഭവമായി ഇന്നും അനേകർ അനുസ്മരിക്കുന്നുണ്ട്.

"ഐക്യത്തിലേക്കുള്ള നാഥന്റെ വിളി" എന്ന ആപ്തവാക്യവുമായിട്ടാണ് പാപ്പ ഇന്ത്യയിലു

# വിശുദ്ധമായ സാമീപ്യ സ്മരണയിൽ

ടനീളം സഞ്ചരിച്ചത്. പത്രോസിന്റെ പിൻഗാമിയുടെ ചാരത്തുനിന്ന് കുർബാന മധ്യേ സുവിശേഷ പ്രഘോഷണം നടത്താൻ നിയോഗിക്കപ്പെട്ട ശുശ്രൂഷകനായിരുന്നു എളിയവനായ ഞാൻ. സഭയെ ഏല്പിച്ച വചനം ഡീക്കൻ എന്ന ശുശ്രൂഷകനിലൂടെ പ്രഘോഷിക്കപ്പെട്ടപ്പോൾ സഭയുടെ ശബ്ദമാണ് അന്ന് എന്നിലൂടെ ആ മഹാജനം ശ്രവിച്ചത്.

ദിവ്യബലിയുടെ ആരംഭത്തിൽ പാപ്പ മലയാളത്തിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റയും നാമത്തിൽ എന്ന് വാക്കുകൾ മുറിച്ചുകൊണ്ട് ഇംഗ്ലീഷ് ഭാഷയിലേതുപോലെ പലയിടത്തും ഊന്നൽ നല്കിക്കൊണ്ട് പറഞ്ഞപ്പോൾ ജനങ്ങൾ മലയാള ഭാഷയിൽ പാപ്പ സംസാരിച്ചു കേട്ടതിന്റെ ആവേശത്തിൽ കൈകളടിച്ച് സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് 'ആമ്മേൻ' എന്ന് പ്രത്യുത്തരിക്കുകയായിരുന്നു.

പരിശുദ്ധ ബലിമദ്ധ്യേ ഗായകസംഘത്തെ നയിച്ചത് ശ്രീ. ജെറി അമൽദേവായിരുന്നു. സഹായികളായി ശ്രീ ബേണി ഇഗ്നേഷ്യസും ലിപ്സനും. പാപ്പ ഗ്രൗണ്ടിന്റെ സമീപമെത്തിയപ്പോൾത്തന്നെ ആവേശകരമായ വരവേല്പ് അദ്ദേഹത്തിനു നല്കിക്കൊണ്ട് പാടിയ Viva-Viva il Pappa ദൈവജനത്തെ ഇളക്കിമറിച്ചു. ഫാ. മൈക്കിൾ പനച്ചിക്കൽ എഴുതി ശ്രീ. ജോബ് & ജോർജ്ജ് സംഗീതം നല്കിയ പാട്ടായിരുന്നു അത്. ഫാ. ചെറിയാൻ കുനിയന്തോടത്തച്ചന്റെ രണ്ടു പാട്ടുകളുണ്ടായിരുന്നു. എം.ഇ. മാനുവൽ സംഗീതം നിർവഹിച്ച '*സ്വർണ്ണനാളങ്ങൾ മിന്നിനില്ക്കുമീ*' എന്നു തുടങ്ങുന്ന പ്രവേശന ഗാനവും ജെറി അമൽദേവ് സംഗീതം ചെയ്ത '*ജീവിതാർച്ചനാവേളയായിതാ*' എന്ന കാഴ്ചവയ്പ് ഗാനവും ഫാ. ജോസഫ് മനക്കിൽ എഴുതിയ 'ഞാനും എനിക്കുള്ളതെല്ലാം' എന്ന ഗാനം സംഗീതം ചെയ്തത് സംഗീത സഹോദരന്മാരായ ബേണി-ഇഗ്നേഷ്യസാണ്. ഡോ. പ്രീമൂസ് പെരിഞ്ചേരിയുടെ 'നാഥാ നീയണഞ്ഞീടുക' എന്ന ദിവ്യകാരുണ്യ ഗീതത്തിന് സംഗീതം നിർവ്വഹിച്ചത് എം.ഇ. മാനുവലാണ്. ഏതായാലും ക്രൈസ്തവ വിശ്വാസത്തിനും കൂട്ടായ്മയ്ക്കും സാക്ഷ്യമേകിയ ഒരു മഹാസംഗമത്തിന്റെ കണ്ണിനും കുളിർമ്മയ്ക്കും ഹൃദയത്തിന് ആനന്ദവും നല്കിയ ആ അനുഭവം ഒരിക്കലും എനിക്ക് മറക്കാനാവില്ല.



# വലിയ നോമ്പ്: ദിനങ്ങളിലെ ആത്മീയ നവീകരണം



യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളെയും മരണത്തെയും ഉയിർപ്പിനെയും അനുസ്മരിക്കുന്ന പവിത്രമായ കാലയളവാണല്ലോ വലിയനോമ്പ്. നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കാനും ദൈവത്തോടും സഹോദരങ്ങളോടും കൂടുതൽ അടുക്കാനും ഈ ദിനങ്ങൾ പ്രയോജനപ്പെടുത്താം. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നീ മൂന്ന് തൂണുകളിൽ അധിഷ്ഠിതമായ ഒരു ആത്മീയ ജീവിതം കെട്ടിപ്പടുക്കാൻ സഹായിക്കുന്ന 47 ലളിതമായ കാര്യങ്ങൾ താഴെ നൽകുന്നു. ഓരോ ദിവസവും ഓരോ ചെറിയ ചുവടുവെപ്പിലൂടെ നമുക്ക് ക്രിസ്തുവിനോട് കൂടുതൽ ചേരാം.

## ആദ്യ വാരം: ഒരുക്കത്തിന്റെയും അനുതാപത്തിന്റെയും ദിനങ്ങൾ

**ദിനം 1 : ഫെബ്രുവരി 18 വിഭൂതി ബുധൻ :** കുമ്പസാരത്തിലൂടെ ഹൃദയം ശുദ്ധീകരിക്കുക. വിനയത്തോടെ ദൈവത്തിലേക്ക് മടങ്ങുക.

ദിനം 2 : ഫെബ്രുവരി 19 വ്യാഴം : ആഭരണങ്ങളും ആഡംബരങ്ങളും ഒഴിവാക്കി ബാഹ്യമായ ലാളിത്യം പാലിക്കുക.

ദിനം 3 : ഫെബ്രുവരി 20 വെള്ളി: ഒരു നേരം ഉപവസിക്കുക. ആ ഭക്ഷണം ആവശ്യമുള്ള ഒരാൾക്ക് നൽകുക.

ദിനം 4 : ഫെബ്രുവരി 21 ശനി: സങ്കീർത്തനം 51 വായിച്ച് ധ്യാനിക്കുക. പശ്ചാത്താപത്തിന്റെ പ്രാർത്ഥനയാണിത്.

ദിനം 5 : ഫെബ്രുവരി 22 ആദ്യ ഞായർ: നിങ്ങളെ വേദനിപ്പിച്ചവരോട് പൂർണ്ണമായി ക്ഷമിക്കുക. വിദ്വേഷം വെടിയുക.

## രണ്ടാം വാരം: നിയന്ത്രണത്തിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങൾ

ദിനം 6 : ഫെബ്രുവരി 23 തിങ്കൾ: മൊബൈൽ ഫോൺ ഉപയോഗം അത്യാവശ്യത്തിന് മാത്രമായി ചുരുക്കുക. മൗനം ശീലിക്കുക.

ദിനം 7 : ഫെബ്രുവരി 24 ചൊവ്വ: കുടുംബത്തോടൊപ്പം ഇരുന്ന് സന്ധ്യാപ്രാർത്ഥന ചൊല്ലുക.

ദിനം 8 : ഫെബ്രുവരി 25 ബുധൻ: ഇന്ന് ആരോടും ദേഷ്യപ്പെടില്ലെന്ന് ഉറച്ച തീരുമാനം എടുക്കുക.

ദിനം 9 : ഫെബ്രുവരി 26 വ്യാഴം: വഴിയിൽ കാണുന്ന ബുദ്ധിമുട്ടുന്നവർക്ക് സഹായം നൽകുക.

ദിനം 10 : ഫെബ്രുവരി 27 വെള്ളി: വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം സംബന്ധിക്കുക.

ദിനം 11 : ഫെബ്രുവരി 28 ശനി: ഇഷ്ടപ്പെട്ട ഒരു വിഭവം ഉപേക്ഷിക്കുക.

ദിനം 12 : മാർച്ച് 1 രണ്ടാം ഞായർ: കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുക. യേശുവിന്റെ പീഡാനുഭവങ്ങളെ ധ്യാനിക്കുക.

## മൂന്നാം വാരം: കരുണയുടെയും സ്നേഹത്തിന്റെയും ദിനങ്ങൾ

ദിനം 13 : മാർച്ച് 2 തിങ്കൾ: ഏകാന്തതയിൽ കഴിയുന്ന പ്രായമായ ഒരു വ്യക്തിയെ സന്ദർശിക്കുക.

ദിനം 14 : മാർച്ച് 3 ചൊവ്വ: സഭയ്ക്കും വൈദികർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

ദിനം 15 : മാർച്ച് 4 ബുധൻ അനാവശ്യമായി വെള്ളവും വൈദ്യുതിയും പാഴാക്കാതിരിക്കുക.

ദിനം 16 : മാർച്ച് 5 വ്യാഴം: ഉപയോഗിക്കാത്ത നല്ല വസ്ത്രങ്ങൾ ദരിദ്രർക്ക് ദാനം ചെയ്യുക.

ദിനം 17 : മാർച്ച് 6 വെള്ളി: മറ്റൊരാളെക്കുറിച്ച് പരദൂഷണമോ കുറ്റപ്പെടുത്തലോ പറയാതിരിക്കുക.

ദിനം 18 : മാർച്ച് 7 ശനി: രാത്രി ഉറങ്ങുന്നതിന് മുൻപ് അല്പസമയം മനസ്സാക്ഷി പരിശോധന നടത്തുക.

ദിനം 19 : മാർച്ച് 8 മൂന്നാം ഞായർ: രോഗികൾക്ക് വേണ്ടി ഒരു ജപമാല ചൊല്ലി സമർപ്പിക്കുക.

## നാലാം വാരം: ശുദ്ധീകരണത്തിന്റെയും അറിവിന്റെയും ദിനങ്ങൾ

ദിനം 20: മാർച്ച് 9 തിങ്കൾ: വീടും പരിസരവും വൃത്തിയാക്കി വെക്കുക.

ദിനം 21: മാർച്ച് 10 ചൊവ്വ: മരിച്ചുപോയ വിശ്വാസികൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

ദിനം 22: മാർച്ച് 11 ബുധൻ: പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കി ഭൂമിയെ സംരക്ഷിക്കുക.

ദിനം 23: മാർച്ച് 12 വ്യാഴം: സഹപ്രവർത്തകർക്കോ സുഹൃത്തുക്കൾക്കോ അവരുടെ ജോലികളിൽ സഹായിയാവുക.

ദിനം 24: മാർച്ച് 13 വെള്ളി: ഏതെങ്കിലും ഒരു വിശുദ്ധന്റെ ജീവചരിത്രം വായിക്കുക.

ദിനം 25: മാർച്ച് 14 ശനി: പരാതികൾ പറയാതെ നന്ദിയുള്ളവരായി ഒരു ദിവസം ചെലവഴിക്കുക.

ദിനം 26: മാർച്ച് 15 നാലാം ഞായർ: ഒരു ചാരിറ്റി സ്ഥാപനത്തിന് ചെറിയൊരു തുക സംഭാവന നൽകുക.

## അഞ്ചാം വാരം: വചനത്തിന്റെയും വിനയത്തിന്റെയും ദിനങ്ങൾ

ദിനം 27: മാർച്ച് 16 തിങ്കൾ : സുവിശേഷത്തിലെ 'മലയിലെ പ്രസംഗം' (മത്തായി 5-7) വായിക്കുക.

ദിനം 28: മാർച്ച് 17 ചൊവ്വ : മാതാപിതാക്കളെ ആദരിക്കാനും അവർക്കായി സമയം കണ്ടെത്താനും ശ്രമിക്കുക.

ദിനം 29: മാർച്ച് 18 ബുധൻ : തെറ്റായ ശീലങ്ങളിൽ നിന്ന് (ലഹരി- അമിത ഉപയോഗം) മാറി നിൽക്കുക.

ദിനം 30: മാർച്ച് 19 വ്യാഴം : ദൈവാലയത്തിൽ പോയി ദിവ്യകാരുണ്യ ആരാധന നടത്തുക.

ദിനം 31: മാർച്ച് 20 വെള്ളി : പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ശ്രമിക്കുക.

ദിനം 32: മാർച്ച് 21 ശനി : നിങ്ങൾ ചെയ്ത തെറ്റുകൾക്ക് അർഹിക്കുന്നവരോട് മാപ്പ് ചോദിക്കുക.

ദിനം 33: മാർച്ച് 22 അഞ്ചാം ഞായർ : മറ്റുള്ളവരുമായി നല്ല ചിന്തകൾ പങ്കുവെക്കുക.

## ആറാം വാരം: ത്യാഗത്തിന്റെയും സേവനത്തിന്റെയും ദിനങ്ങൾ

ദിനം 34: മാർച്ച് 23 തിങ്കൾ : ടിവി ഒഴിവാക്കി ആ സമയം ബൈബിൾ വായനയ്ക്കായി മാറ്റുക.

ദിനം 35: മാർച്ച് 24 ചൊവ്വ: ദാഹിക്കുന്നവർക്കോ വിശക്കുന്നവർക്കോ സഹായമെത്തിക്കുക.

ദിനം 36: മാർച്ച് 25 ബുധൻ: കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് കുരിശിന്റെ വഴി ചൊല്ലുക.

ദിനം 37: മാർച്ച് 26 വ്യാഴം: ഇന്ന് കണ്ടുമുട്ടുന്ന എല്ലാവരോടും പുഞ്ചിരിയോടെ പെരുമാറുക.

ദിനം 38: മാർച്ച് 27 വെള്ളി: ഒരു ചെറിയ ചെടി നട്ടുപിടിപ്പിച്ചു പരിപാലിക്കുക.

ദിനം 39: മാർച്ച് 28 ശനി: അനാവശ്യ ഷോപ്പിംഗ് ഒഴിവാക്കി പണം ലാഭിക്കുക.

ദിനം 40: മാർച്ച് 29 **ഓശാന ഞായർ** : യേശുവിന്റെ വിനയത്തെക്കുറിച്ച് ധ്യാനിക്കുക.

## ഏഴാം വാരം: വിശുദ്ധ വാരം (Holy Week)



ദിനം 41: മാർച്ച് 30 തിങ്കൾ: അശുദ്ധമായ കാഴ്ചകളിൽ നിന്നും വായനയിൽ നിന്നും വിട്ടുനിൽക്കുക.

ദിനം 42: മാർച്ച് 31 ചൊവ്വ: നിങ്ങളുടെ ശത്രുക്കൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

ദിനം 43: ഏപ്രിൽ 1 ബുധൻ: മറ്റുള്ളവരെ വിധിക്കുന്ന മനോഭാവം ഉപേക്ഷിക്കുക.

ദിനം 44: ഏപ്രിൽ 2 പെസഹാ വ്യാഴം : ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ യേശുവിന്റെ ശുശ്രൂഷാ മനോഭാവം ധ്യാനിക്കുക.

ദിനം 45: ഏപ്രിൽ 3 ദുഃഖവെള്ളി : പൂർണ്ണമായ ഉപവാസവും പീഢാനുഭവ ധ്യാനവും.

ദിനം 46: ഏപ്രിൽ 4 ദുഃഖശനി : മരണത്തിനപ്പുറം ഉയിർപ്പുണ്ട് എന്ന പ്രത്യാശയോടെ കാത്തിരിക്കുക.

ദിനം 47: ഏപ്രിൽ 5 ഈസ്റ്റർ : ഉയിർപ്പിന്റെ സന്തോഷം ആഘോഷിക്കുക. പുതിയ മനുഷ്യനായി ജീവിക്കാൻ തുടങ്ങുക.

# നോമ്പും ഉപവാസവും



ഡോ. ജോഷി മയ്യാറ്റിൽ

**"പു**ലി പതുങ്ങുന്നത് ഒളിക്കാനല്ല, കുതിക്കാനാണ്" - ഇവിടെ ഈ കിടിലൻ ഡയലോഗിന്റെ പ്രസക്തിയെക്കുറിച്ചു നിങ്ങൾ അദ്ഭുതപ്പെടുന്നുണ്ടാവും. ലക്ഷ്യമുള്ളിടത്ത് ലക്ഷണവുമുണ്ടെന്നത് വിശദീകരണം ആവശ്യമില്ലാത്ത സത്യമാണ്. കനപ്പെട്ടതിലേക്കുള്ള വഴി ദുർഘടം പിടിച്ചതാണെന്നും ഏവർക്കും അറിയാം. യേശുവിന്റെ ഭാവനയിൽ വിരിഞ്ഞതാണ് 'ഇടുങ്ങിയ വാതിൽ' പ്രയോഗമെങ്കിലും ആ ആശയം സാർവജനീനമാണ്. കർക്കശമായ നിഷ്ഠകളിലൂടെ സ്വയം മെരുങ്ങുന്ന കായികാഭ്യാസിയും ഏകാന്തതയിലേക്കും നിശബ്ദതയിലേക്കും സ്വയം ഉൾവലിയുന്ന കലാ-സാഹിത്യ പ്രതിഭകളും വായനയുടെയും പഠനത്തിന്റെയും ചിന്തയുടെയും പരീക്ഷണത്തിന്റെയും ഉൾമുറിയിലേക്കു കയറി വാതിലടയ്ക്കുന്ന ശാസ്ത്രജ്ഞരും വ്രതമെടുത്തു മലയ്ക്കുപോകുന്ന അയ്യപ്പന്മാരും ക്ലേശങ്ങളേറ്റെടുത്ത് ഹജ്ജിനു പോകുന്ന ഹാജിമാരും 'ഇടുങ്ങിയ വാതിലി'ന്റെ സുവിശേഷം തിരിച്ചറിഞ്ഞവർതന്നെ. ഒരു പിറവിക്കായി മാസങ്ങൾ നീളുന്ന ത്യാഗങ്ങളനുഷ്ഠിക്കുന്ന അമ്മയുടെ സുവിശേഷവും ഇടുങ്ങിയ വാതിലിന്റേതുതന്നെ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ 'ഇടുങ്ങിയ വാതിലി'ന്റെ സുവിശേഷം സനാതന സത്യമായി നിലകൊള്ളുന്നു.

### *പദങ്ങളും ഇനങ്ങളും*
### *നൊയമ്പ് അഥവാ ഉപവാസം*

'നൊയമ്പ്' എന്ന തമിഴ്പദത്തിന്റെ അർത്ഥം മിതാഹാരവ്രതം എന്നാണ്. 'നോമ്പുപിടിക്കുക', 'നോമ്പു തുറക്കുക' എന്നീ പ്രയോഗങ്ങൾക്ക് നോമ്പു തുടങ്ങുക എന്നും 'നോമ്പ് അടയ്ക്കുക', 'നോമ്പു വീടുക' എന്നീ പ്രയോഗങ്ങൾക്ക് നോമ്പ് അവസാനിക്കുക എന്നുമാണ് അർത്ഥം. 1900-ത്തോടടുത്തുമാത്രമാണ് ഉപവാസം എന്ന സംസ്കൃതപദം ക്രിസ്ത്യാനികൾ ഉപയോഗിച്ചുതുടങ്ങിയത്. സമീപത്തു വസിക്കുക, ഒരു പ്രത്യേകകാര്യത്തിൽ നിലകൊള്ളുക എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. വർജനവും പ്രാർത്ഥനയും ഉപവിപ്രവർത്തനങ്ങളുമെല്ലാം ചേർന്നതാണ് നോമ്പ് അഥവാ, ഉപവാസം.

ക്രിസ്മസ്സിനോടനുബന്ധിച്ചുള്ള ഇരുപത്തിയഞ്ചുനോമ്പും വിശുദ്ധവാരത്തോടനുബന്ധിച്ചുള്ള വലിയനോമ്പുമാണ് മുഖ്യനോമ്പുകൾ. അമ്പതുനോമ്പ്, നാല്പതുനോമ്പ്, ഈസ്റ്റർ നോമ്പ് എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ വലിയനോമ്പ് അറിയപ്പെടുന്നുണ്ട്. പരിശുദ്ധമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പ്, യോനാപ്രവാചകന്റെ സ്മരണയിലുള്ള മൂന്നു നോമ്പ് തുടങ്ങി വ്യത്യസ്ത വ്യക്തിഗത സഭകൾക്കു സവിശേഷമായ നോമ്പുദിനങ്ങളുമുണ്ട്.

നോമ്പിന്റെ കാമ്പ് തിരിച്ചറിയാൻ വിശുദ്ധഗ്രന്ഥംതന്നെയാണ് നമുക്ക് ആശ്രയമായിട്ടുള്ളത്. പഴയനിയമത്തിലും പുതിയനിയമത്തിലും ഒന്നുപോലെ പരാമർശമുള്ളതാണ് സ്വന്തം ശൂന്യത അംഗീകരിച്ച് ഏറ്റുപറയുന്നതിന്റെ പ്രതീകമായ ഉപവാസം.

### *വിശുദ്ധഗ്രന്ഥത്തിൽ*
### *പഴയനിയമത്തിൽ*

തപോജീവിതത്തിന്റെ ലക്ഷണമല്ല, വലിയ മനോവേദനയുടെ പ്രതീകമാണ് പഴയനിയമത്തിലെ ഉപവാസം. ചാക്കുടുക്കൽ, ചാരംപൂശൽ, വിലാപം എന്നിവയോടൊപ്പമാണ് ഉപവാസത്തിന്റെ സ്ഥാനം (1 സാമു 31:13; 2 സാമു 1:12; 3:35). അനുതാപത്തിന്റെ അടയാളം കൂടിയാണ് ഉപവാസം (1 സാമു 7:6; ജറെ 14:12). കടുത്ത പ്രതിസന്ധിഘട്ടങ്ങളിലും ആവശ്യങ്ങളിലും ഇസ്രായേൽക്കാർ ഉപവാസം ആചരിക്കാറുണ്ടായിരുന്നു. ബെത്ഷെബായിലുണ്ടായ കുഞ്ഞ് മരണാസന്നനായപ്പോൾ ദാവീദ് ഉപവസിച്ചു (2 സാമു 12:16f). എന്നാൽ കുഞ്ഞു മരിച്ചപ്പോൾ ദാവീദ് ഉപവാസം അവസാനിപ്പിച്ചു. ഇത് ഭൃത്യരെ കുഴക്കി. മരണാനന്തര വിലാപമെന്ന നിലയിൽ ആചരിക്കേണ്ട ഉപവാസത്തിന്റെ പ്രയോഗവ്യതിയാനമാണ് അവരെ അമ്പരപ്പിച്ചത്. എന്നാൽ ദാവീദ്



കുഞ്ഞിനുവേണ്ടിയുള്ള മാധ്യസ്ഥ്യപ്രാർത്ഥനയുടെ ഭാഗമായാണത്രേ ഉപവസിച്ചത്! ദൈവികവെളിപാടു സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി മോശയും ദാനിയേലും ഉപവസിച്ചൊരുങ്ങിയതും സ്മർത്തവ്യമാണ് (പുറ 34:28; നിയ 9:9; ദാനി 9:3; 10:2f).

പൊതുവായ ഉപവാസ പ്രഖ്യാപനങ്ങളും പഴയനിയമത്തിൽ കാണാം. പൊതുവായ ആവശ്യങ്ങളിലോ പ്രതിസന്ധികളിലോ അനുതാപ-വിലാപപ്രകടനങ്ങളിലോ ആയിരുന്നു ഇത്തരം പരസ്യ ഉപവാസ പ്രഖ്യാപനങ്ങൾ നടത്തിയിരുന്നത് (ന്യായാ 20:26; 1 സാമു 14:24; 1 രാജാ 21:9; ജറെ 14:12; 36:6-9). ഇസ്രായേലിന്റെ ആചാരാനുഷ്ഠാന നിയമങ്ങളിൽ പരാമർശിച്ചിരിക്കുന്ന ഏക ഉപവാസം പാപപരിഹാരദിനത്തിലുള്ളതാണ് (ലേവ്യ 16:29f; 23:17f; സംഖ്യ 29:7).

### *പുതിയനിയമത്തിൽ*

ഫരിസേയരുടെ ധാരണയിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒന്നായിരുന്നു ഉപവാസത്തെക്കുറിച്ചുള്ള യേശുവിന്റെ കാഴ്ചപ്പാടും നിലപാടും. തന്റെ ശിഷ്യരുടെമേൽ ഈശോ ഉപവാസം നിർബന്ധമാക്കിയിരുന്നില്ല എന്ന സത്യം "ഞങ്ങളും ഫരിസേയരും ഉപവസിക്കുകയും നിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?" എന്ന യോഹന്നാന്റെ ശിഷ്യന്മാരുടെ ചോദ്യത്തിൽ നിഴലിക്കുന്നുണ്ട് (മത്താ 9:14). യേശു നല്കുന്ന വിശദീകരണത്തിൽ പരസ്യ ഉപവാസം വിലാപസൂചനയായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്, തപോനിഷ്ഠയായല്ല (cf. മർക്കോ 2:18f; ലൂക്കാ 5:33f).

മുഖ്യമായും രണ്ടു പ്രബോധനങ്ങളാണ് ഉപവാസത്തെ സംബന്ധിച്ച് യേശുവിന്റേതായുള്ളത്: ആദ്യത്തേത് ഉപവാസത്തിന്റെ ആന്തരികചൈതന്യത്തെ സംബന്ധിച്ചതാണ്. മനുഷ്യരിൽനിന്നു പ്രശംസ പിടിച്ചുപറ്റാനല്ല, മറിച്ച് ദൈവത്തിനു മഹത്വം നല്കാനാണ് എല്ലാ ഭക്താഭ്യാസങ്ങളും എന്ന പ്രവാചകനിലപാട് (ഏശ 58:3-4) യേശുവും പുലർത്തി. ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ ആന്തരികമനോഭാവമാണ് ദൈവം വിലമതിക്കുന്നത് എന്നാണ് യേശു വ്യക്തമാക്കിയത് (മത്താ 6:16-18; cf. ലൂക്കാ 18:9-14). രണ്ടാമത്തേത് സ്നാപകന്റെ ശിഷ്യരുടെ ചോദ്യവുമായി ബന്ധപ്പെട്ടതാണ് (മത്താ 9:14-15; മർക്കോ 2:18-20; മത്താ 5:3-25). തന്റെ ദൗത്യത്തിലൂടെയുള്ള ദൈവരാജ്യാഗമനം ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും അവസരമാണെന്നും അതിൽ ഉപവാസത്തിനു സ്ഥാനമില്ലെന്നുമാണ് യേശു വ്യക്തമാക്കിയത്. എന്നാൽ ഈ പ്രബോധനത്തിലെ രണ്ടാം ഭാഗം ("മണവാളൻ അവരിൽനിന്ന് അകറ്റപ്പെടുന്ന ദിവസങ്ങൾ വരും; അപ്പോൾ അവർ ഉപവസിക്കും", (മത്താ 9:15) ഉപവാസത്തിന് ക്രൈസ്തവജീവിതത്തിലുള്ള ഇടം

തിരിച്ചറിയാൻ സഭയെ സഹായിച്ചിട്ടുണ്ട്. യേശുവിന്റെ മരണത്തിൽ ശിഷ്യർ ഉപവസിക്കും എന്ന സൂചന ക്രൈസ്തവസഭയിൽ ഈസ്റ്ററിനു മുമ്പുള്ള നോമ്പാചരണത്തിന്റെ അടിസ്ഥാനമായിത്തീർന്നിട്ടുണ്ട് എന്നതിൽ സംശയമില്ല.

തപോനിഷ്ഠമായ ഉപവാസത്തെക്കുറിച്ചും അവിടന്നു പരാമർശിക്കുന്നുണ്ട്. അതു തികച്ചും രഹസ്യാത്മകമായിരിക്കണമെന്നാണ് യേശു അനുശാസിക്കുന്നത് (മത്താ 6:16). തന്റെ പരസ്യ ജീവിതാരംഭത്തിനു മുന്നേ 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർത്ഥിച്ചൊരുങ്ങിയവനാണ് ക്രിസ്തു (മത്താ 4:2; cf. മർക്കോ 1:13). പിശാചിനെ ബഹിഷ്കരിക്കുന്നതിൽ പ്രാർത്ഥനയോടൊപ്പം ഉപവാസത്തിനുള്ള സ്ഥാനം മർക്കോ 9:29 വ്യക്തമാക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ആത്മീയശക്തീകരണത്തിന് ഉപവാസം സഹായകമാണെന്ന് പുതിയനിയമം വ്യക്തമാക്കുന്നു.

## *രേഖകൾ*

നോമ്പും ഉപവാസവും ആചരിക്കുന്നതിന് ലത്തീൻസഭ ഇന്ന് അടിസ്ഥാനമാക്കിയിട്ടുള്ളത് 1966-ൽ പോൾ ആറാമൻ പാപ്പാ പ്രസിദ്ധീകരിച്ച പെനിത്തേമിനി എന്ന അപ്പസ്തോലികരേഖയും അതു ക്രോഡീകരിച്ച 1249-1253 എന്നീ കാനോനിക നിയമങ്ങളുമാണ്. വിഭൂതിബുധനും ദുഃഖവെള്ളി യുമാണ് എല്ലാ കത്തോലിക്കരും നോമ്പും ഉപവാസവും പാലിക്കേണ്ട ദിനങ്ങൾ. ചിലർക്ക് ഇതിൽ നിന്ന് ഒഴിവുനല്കിയിട്ടുണ്ട്. എല്ലാ വെള്ളിയാഴ്ചകളും പരിഹാരദിനങ്ങളാകയാൽ കത്തോലിക്കർ മാംസവർജനം നടത്തണമെന്നും ഈ രേഖ വ്യക്തമാക്കുന്നുണ്ട്. ഈ നിർദേശങ്ങൾ നല്കുമ്പോൾ ത്തന്നെ ഓരോ മെത്രാൻസമിതിക്കും ഇക്കാര്യത്തിൽ തങ്ങളുടെ പ്രദേശത്തിനുതകുന്ന വ്യതിയാനങ്ങൾ വരുത്താനുള്ള അനുവാദവും നല്കിയിട്ടുണ്ട്.

പൗരസ്ത്യ കത്തോലിക്കാസഭകളാകട്ടെ, തങ്ങളുടെ സഭാനിയമമാണ് ഇക്കാര്യത്തിൽ പിന്തുട രേണ്ടത്. ഓർത്തോഡ്ക്സു വിഭാഗത്തിൽപ്പെട്ട തങ്ങളുടെ സഹോദരങ്ങളെപ്പോലെതന്നെ കഠിനമായ തപശ്ചര്യകൾ പാലിക്കുന്ന പൗരസ്ത്യ കത്തോലിക്കാസഭാവിഭാഗങ്ങളുണ്ടെങ്കിലും പൗരസ്ത്യ സഭകൾക്കായുള്ള കാനോൻനിയമങ്ങൾ ഇക്കാര്യത്തിൽ അത്ര കർക്കശമല്ല.

## *സവിശേഷതകളുടെ കാലം*

നാല്പതുദിനങ്ങളിലെ (ഞായറാഴ്ചകൾ ഒഴിവാക്കിയാൽ) നോമ്പാചരണം വിശുദ്ധ ഗ്രന്ഥത്തിലെ ചില നാല്പതുകളെ അനുസ്മരിപ്പിക്കുന്നുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയവും ഇസ്രായേൽജനത്തിന്റെ നാല്പതു വർഷത്തെ മരുഭൂമിവാസവും മോശയുടെ നാല്പതു ദിനരാത്രങ്ങളിലെ അസാന്നിദ്ധ്യവും അതിനെത്തുടർന്നുണ്ടായ സംഭവങ്ങളും യേശുവിന്റെ മരുഭൂമിവാസവും അതിനിടയിലെ പ്രലോഭനങ്ങളുമെല്ലാം അതിൽപ്പെടുന്നു. നാല്പതുകൾ മുഖ്യമായും മരുഭൂമിക്കാലമാണ്; ഊഷരമെന്നു പൊതുവേ തോന്നാവുന്ന കാലം. സത്യത്തിൽ, അങ്ങേയറ്റം ശാദ്വലമായ കാലമാണത്; "വസ്ത്രങ്ങൾ പഴകിപ്പോവുകയോ കാലുകൾ വിങ്ങുകയോ" (നിയ 8:4) ചെയ്യാത്ത കാലം; "ഉടമ്പടിയുടെ രണ്ടു കല്പലകകൾ" (നിയ 9:11) ലഭിക്കാനെടുത്ത കാലം; ജനത്തിന്റെ പാപപരിഹാരത്തിനായി മോശ കർത്താവിന്റെ മുമ്പിൽ പ്രണമിച്ചുകിടന്ന കാലം (നിയ 9:18); "യേശു ആത്മാവിന്റെ ശക്തിയോടുകൂടി ഗലീലിയിലേക്കു" മടങ്ങിപ്പോകാൻ എടുത്ത കാലം (ലൂക്കാ 4:14).

## *ഉപവാസത്തിന്റെ ആധുനിക സാധ്യതകൾ*

2009-ൽ ഇറ്റലിയിലെ മോദെന അതിരൂപതയിലെ മെത്രാപ്പോലീത്ത മോൺസിഞ്ഞോർ ബെനീത്തോ കൊക്കി തപസ്സുകാലത്തിൽ എസ്.എം.എസ്. അയയ്ക്കുന്നതിൽനിന്ന് ഒഴിഞ്ഞു നില്ക്കാൻ യുവജനങ്ങളെ ആഹ്വാനം ചെയ്തത് ലോകശ്രദ്ധയാകർഷിച്ചിരുന്നു. ഉപവാസത്തിന്റെ ചില പ്രായോഗിക മാർഗങ്ങൾ നിർദേശിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

**തിരുശ്ശരീരരക്തങ്ങൾക്കു മുൻതൂക്കം:**
ശാരീരികാഹാരത്തെക്കാൾ ആത്മീയഭക്ഷണമായ പരിശുദ്ധ കുർബാനയ്ക്കു മുൻതൂക്കം നല്കേണ്ട കാലമാണ് നോമ്പുകാലം. നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ എന്ന യേശുവിന്റെ തിരുവചനം (യോഹ 6:27) ഇതിന് അടിത്തറയാണ്.

**നാവിനു പ്രഖ്യാപിക്കേണ്ട നോമ്പ്:**
"നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും... ആയിരിക്കണം" എന്ന വിശുദ്ധ യാക്കോബിന്റെ ഉപദേശവും (യാക്കോ 1:19) "വാക്ക് അളന്നുതൂക്കി ഉപയോഗിക്കുക; വായ്ക്ക് വാതിലും പൂട്ടും നിർമ്മിക്കുക" എന്ന പ്രഭാഷകന്റെ ഉപദേശവും (പ്രഭാ 28:25) ഈ നോമ്പിന് അടിത്തറയൊരുക്കുന്നു.

**ആലസ്യത്തിനു നോമ്പ്:**
അലാറം അടിക്കുമ്പോൾ സ്നൂസ്ബട്ടൺ അമർത്തുന്ന ഏർപ്പാട് പ്രതീകാത്മകം കൂടിയാണ്. ഉത്തരവാദിത്വങ്ങൾ മാറ്റിവയ്ക്കുന്ന സ്വഭാവവും എല്ലാറ്റിനും കുറുക്കുവഴി കണ്ടെത്തുന്ന ശൈലിയും അലസതയുടെ മൃഷ്ടാന്നഭോജനമാണ് വിളമ്പുന്നതും വിളംബരം ചെയ്യുന്നതും.

**കണ്ണുകളുടെ നോമ്പ്:**
ആത്മാവിന്റെ കണ്ണാടിയായ കണ്ണിന്റെ ഷട്ടറുകളുടെ നിയന്ത്രണം കർശനമായി പാലിക്കാൻ പറ്റിയ കാലമാണ് നോമ്പുകാലം. "കണ്ണാണ്

ശരീരത്തിന്റെ വിളക്ക്" എന്ന യേശുവിന്റെ തിരുവചനം (മത്താ 6:22) ഗൗരവമായി എടുക്കാൻ ഏറെ അനുകൂലമായ സാഹചര്യമാണത്. അത്യാവശ്യ കാഴ്ചകളിൽ മാത്രം കണ്ണു പതിപ്പിക്കുന്നതിനുള്ള പരിശീലനം നോമ്പിലൂടെ സിദ്ധിക്കും.

**പിൻനിരയുടെ നോമ്പ്:** മുൻനിരയിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അറിയപ്പെടാനും ആദരിക്കപ്പെടാനുമുള്ള സ്വാഭാവികപ്രവണത നിയന്ത്രിക്കാൻ ബോധപൂർവം പരിശ്രമിക്കുന്നത് നല്ലൊരു നോമ്പാചരണമാണ്.

**പരാതിപ്പെട്ടികൾ എടുത്തുമാറ്റുക:** സ്വജീവിതം പരാതികളുടെ കൂമ്പാരമാക്കാതെ ലഭിച്ച കൃപകൾക്കും നന്മകൾക്കും കൃതജ്ഞതാനിർഭരമായ ഒരു ഹൃദയം സ്വന്തമാക്കുന്നത് എത്രയോ ശ്രേഷ്ഠമാണ്! ദൈവത്തോടും സഹോദരങ്ങളോടും നിരന്തരം നന്ദിപറയുന്ന ശീലവും നന്ദിനിറഞ്ഞ ജീവിതശൈലിയും സ്വന്തമാക്കിയാൽ പരാതിപ്പെട്ടികളുടെ ജീവിതശൈലി സ്വാഭാവികമായി ഇല്ലാതായിക്കൊള്ളും. ഇത്തരം പരിശീലനത്തിന് ഏറ്റവും അനുയോജ്യമായ കാലമാണ് നോമ്പുകാലം.

**ആനന്ദത്തിന്റെ നോമ്പ്:** ക്രിസ്തുശിഷ്യത്വത്തിന്റെ ബാഹ്യാടയാളമാണ് ആനന്ദം, ഏതു സാഹചര്യത്തിലും വദനത്തിൽ പുഞ്ചിരി വിരിയുന്നത് വലിയ പുണ്യമാണ്. നിസ്സാരമാണെങ്കിലും പുഞ്ചിരിക്ക് വലിയ ശക്തിയുണ്ട്. പടർന്നുപിടിക്കാൻ കഴിവുള്ള ഒന്നാണത്. ക്ഷീണിതരോ ദു:ഖിതരോ ആയിരിക്കുമ്പോൾപോലും പുഞ്ചിരിയിലൂടെ അപരർക്ക് ഹൃദ്യതയും സ്വീകാര്യതയും പകരുന്നത് വീരോചിതമായ കാര്യംതന്നെയാണ്.

**പ്രാർത്ഥനയുടെ: പുണ്യകാലം:** തളർന്നിരിക്കുമ്പോഴും വ്രണപ്പെട്ടിരിക്കുമ്പോഴും പ്രാർത്ഥിക്കാൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. പലർക്കും പ്രാർത്ഥന വൈകാരിക വേലിയേറ്റങ്ങൾക്കനുസരിച്ചുള്ള ഒരഭ്യാസമാണ്. വെയിലേറ്റു വറ്റിവരണ്ടുപോകുന്ന മഞ്ഞിനെപ്പോലെയാണ് പ്രതിസന്ധിഘട്ടങ്ങളിൽ പലർക്കും പ്രാർത്ഥന. ഗത്സമനിയിലെ യേശുവിന്റെ പ്രാർത്ഥന (ലൂക്കാ 22:39-46) മാനസികസംഘർഷങ്ങളിൽ കൂടുതൽ തീവ്രതയോടെ പ്രാർത്ഥിക്കാനാകും എന്നതിന്റെ നിത്യസാക്ഷ്യമാണ്. പ്രാർത്ഥനാജീവിതത്തിൽ സ്ഥായിത്വവും ക്രമവും സ്വന്തമാക്കാനുമുള്ള പരിശീലനകാലഘട്ടമായി നോമ്പുകാലത്തെ കരുതാവുന്നതാണ്.

## ഓർമ്മച്ചെപ്പ്



*1986 ഫെബ്രുവരി 7, 8 ദിനങ്ങളിൽ വരാപ്പുഴ അതിരൂപത സന്ദർശിച്ച സമയത്ത് അതിമെത്രാസന മന്ദിരത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ അരമനയിൽ സേവനം ചെയ്ത വൈദികരെ ആശീർവദിക്കുന്നു. ഇടത്തുനിന്ന് അഭിവന്ദ്യ ജോസഫ് കേളന്തറ പിതാവ് അരമന സ്റ്റാഫ് വിക്ടർചേട്ടൻ, റവ. ഫാ. ചാൾസ് പടുത്തുരുത്തി, അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവ്, റവ. ഫാ. പോൾ തുണ്ടിയിൽ എന്നിവർ സമീപം.*

# പുത്തൻ ജനനത്തിന്റെ പുത്തൻ അച്ചന്മാർ



ഫാ. ഷാമിൽ ജോസഫ്

***2025 ഡിസംബർ 29-ാം തീയതി വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപറമ്പിൽ പിതാവിന്റെ കൈവയ്പ്പുവഴി പൗരോഹിത്യജീവിതത്തിലേക്ക് ഉയർത്തപ്പെട്ടവരാണ് ഈ എട്ട് നവവൈദികർ***



## *ഫാ. മിഥുൻ പോൾ ചേരിയിൽ*

കാക്കനാട് സെന്റ് മൈക്കിൾസ് ഇടവക ചേരിയിൽ പോൾ, മിനി ദമ്പതികളുടെ മകനാണ് മിഥുൻ അച്ചൻ. മീനു പോൾ ആണ് സഹോദരി. തൃക്കാക്കര മേരി മാതാ സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. മിഥുൻ അച്ചൻ തന്റെ ദൈവവിളിയെ ഓർത്തെടുക്കുന്നത് ഇങ്ങനെയാണ് 'ഒരു അൾത്താര ബാലൻ ഒന്നും ആയിരുന്നില്ലെങ്കിലും അച്ചൻ ആവാൻ ഇഷ്ടമായിരുന്നു. മറ്റ് എന്തെങ്കിലും പഠിച്ച് ജീവിക്കാം എന്ന് വിചാരിച്ചിരിക്കുമ്പോഴാണ് പ്ലസ് ടു കഴിഞ്ഞ് സെമിനാരിയിൽ പോയാലോ എന്ന് തോന്നിയത്. അച്ചന്മാരുടെ ജീവിതം കണ്ട് തന്നെയാണ് അച്ചൻ ആവാൻ താൽപര്യം തോന്നിയത്. കളമശ്ശേരി വിയാനി ഹോം, സെന്റ്. ജോസഫ്സ് മൈനർ സെമിനാരി, കളമശ്ശേരി, കാർമൽഗിരി സെമിനാരി ആലുവ, പൂനെ പേപ്പൽ സെമിനാരി എന്നീ സെമിനാരികളിൽ ആയിരുന്നു വൈദിക പഠനം. ഈശോയെ കൂട്ടുകാരനായി സ്വീകരിച്ചിരിക്കുന്ന അച്ചന്റെ പൗരോഹിത്യ സ്വപ്നം ആത്മാക്കളെ നേടുക, സ്വന്തം ആത്മാവിനെ രക്ഷിക്കുക എന്നതാണ്.



## *ഫാ. ലാൽ ആന്റണി വൈപ്പിശ്ശേരി*

പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ മധ്യസ്ഥതയിലുള്ള, ചരിയംത്തുരുത്ത് ഇടവകയിലെ ആന്റണി, കൊച്ചുത്രേസ്യ ദമ്പതികളുടെ മകനാണ് ലാൽ ആൻറണി അച്ചൻ. ജോസഫ് ലാൽ, ലൗലി ത്രേസ്യ എന്നിവരാണ് സഹോദരങ്ങൾ. വരാപ്പുഴ. കൂനമാവ് സെന്റ് ഫിലോമിനാസ് എന്നീ സ്കൂളുകളിൽ ആയിരുന്നു

പ്രാഥമിക വിദ്യാഭ്യാസം. അൾത്താര ശുശ്രൂഷകൻ ആയിരുന്ന സമയത്ത് തന്നെ വൈദികൻ ആകണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ലാലിന് പൗരോഹിത്യ വഴിയിൽ കൂടുതൽ പ്രോത്സാഹനം നൽകിയത് കൂനമ്മാവ് ബോയ്സ് ഹോമിലെ തന്റെ ഡയറക്ടർ ആയിരുന്നു വിൻസന്റ് നടുവിലപറമ്പിൽ അച്ചൻ ആയിരുന്നു. കളമശ്ശേരി വിയാനി ഹോം, സെന്റ്. ജോസ ഫ്സ് മൈനർ സെമിനാരി, കളമ ശ്ശേരി, കാർമൽഗിരി സെമിനാരി ആലുവ, സെൻറ് ജോസഫ് സെമിനാരി, ബാംഗ്ലൂർ എന്നീ സെമിനാരി കളിൽ ആയിരുന്നു വൈദിക പഠനം. ഈശോയെ തന്റെ സഹോദരനായി സ്വീക രിച്ചിരിക്കുന്ന ലാലച്ചന്റെ പൗരോഹിത്യ സ്വപ്നം ഇപ്രകാരമാണ്:

Be there for all in all the way.

------------------------------------



## ഫാ. ക്രിസ്റ്റഫർ ജോസഫ് ഇല്ലിപ്പറമ്പിൽ

ഇല്ലിപ്പറമ്പിൽ ജോസഫ്, ഗ്രേസി ജോസഫ് ദമ്പതികളുടെ മകനായ ക്രിസ്റ്റഫർ അച്ചൻ ഓച്ചന്തുരുത്ത് നിത്യ സഹായമാതാ പള്ളി ഇടവകാംഗമാണ്. സഹോദരൻ ടോണി. സെന്റ് പീറ്റേഴ്സ് സ്കൂൾ മാലിപ്പുറം, സെന്റ് മേരീസ് സ്കൂൾ ഞാറക്കൽ, ഹൈസ്കൂൾ എന്നിവിടങ്ങളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം. അൾത്താരയിൽ ശുശ്രൂഷ ചെയ്യാൻ അച്ചന് കുട്ടിക്കാലം മുതലേ താല്പര്യം ഉണ്ടായിരുന്നു. അൾത്താര ബാലന്മാരുടെ കൂട്ടായ്മ ദൈവവിളിയിലേക്ക് നയിച്ചു. ആലുവ കാർമൽഗിരി സെമിനാരി, ഇൻസ്ബ്രൂക്ക് സെമിനാരി, ഓസ്ട്രിയ എന്നീ സെമിനാരികളിലാണ് അച്ചൻറ വൈദിക പരിശിലനം. അച്ചന്റെ പൗരോഹിത്യ സ്വപ്നം ദൈവത്തോടായിരിക്കാനും ദൈവ ജനത്തോടായിരിക്കാനും പരിശ്രമിക്കണം എന്നതാണ്.

------------------------------------



## ഫാ. ആൽഫിൻ ജോർജ്ജ് ചക്കുങ്കൽ

മൗണ്ട് കാർമ്മൽ ചർച്ച്, ചാത്യാത്ത് ഇടവകാംഗളായ ജോർജ്ജ് സി.ആർ, മേഴ്സി ജോർജ്ജ് ദമ്പതികളുടെ മകനാണ് ആൽഫിനച്ചൻ. അരുൺ സിയോൺ ആണ് സഹോദരൻ. വടുതല ഡോൺ ബോസ് കോയിലാണ് അച്ചന്റെ സ്കൂൾ വിദ്യാഭ്യാസം. ചെറുപ്പം മുതൽ വൈദികരുമായുള്ള പരിചയം, അൾത്താര ശുശ്രൂഷ എന്നിവ ആയിരുന്നു ദൈവവിളിയുടെ പ്രചോദനം. കളമശ്ശേരി വിയാനി ഹോം, സെന്റ്. ജോസഫ്സ് മൈനർ സെമിനാരി കളമശ്ശേരി, സേക്രട്ട് ഹാർട്ട് സെമിനാരി, പൂനമല്ലി, കാർമൽഗിരി സെമിനാരി ആലുവ എന്നിവിടങ്ങളിലായിരുന്നു വൈദിക പരിശീലനം. തന്നെ ചേർത്ത് പിടിക്കുന്ന ഇടയനായി യേശുവിനെ സ്വീകരിച്ചിരിക്കുന്ന ആൽഫിനച്ചന്റെ പൗരോഹിത്യ സ്വപ്നം ഈശോ പറയുന്ന, കാണിച്ച് തരുന്ന വഴിയിലൂടെ നടക്കുക എന്നതാണ്.

------------------------------------



## ഫാ. ഹിരൻ റാഫേൽ ചൂളക്കൽ

വള്ളുവള്ളി അമലോത്ഭവമാതാ ഇടവക ഹിലരിയുടെയും റീനയുടെയും മകനാണ് ഹിരണച്ചൻ. ഹിമ സോബിൻ ആണ് സഹോദരി. കൂനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. ഇടവകയിലെ വികാരി അച്ചന്മാരുടെ പ്രചോദനത്താലാണ് ഹിരൺ സെമിനാരിയിൽ ചേരുന്നത്. കളമശ്ശേരി വിയാനി ഹോം, കാക്കനാട് ജോൺപോൾ ഭവൻ, കളമശേരി സെൻറ് ജോസഫ് മൈനർ, മംഗലാപുരം സെൻറ് ജോസഫ് സെമിനാരി എന്നിവിടങ്ങളിൽ ആയിരുന്നു വൈദിക വിദ്യാഭ്യാസം. ഈശോയെ സ്നേഹിതനായി അനുഭവിച്ചറിഞ്ഞിരിക്കുന്ന ഹിരൺ അച്ചന്റെ പൗരോഹിത്യ സ്വപ്നം അർപ്പിക്കുന്ന ബലിയിൽ ഈശോയെ അനുഭവിക്കണം എന്നതാണ്.



## ഫാ. അമൽ ആന്റണി മാളിയേക്കൽ

വാടേൽ സെന്റ് ജോർജ് ചർച്ച് ഇടവകമാണ് അമലച്ചൻ. മാളിയേക്കൽ ആന്റണി, ജസീന്ത ദമ്പതികളുടെ മകനാണ്. ടോണി ആന്റണി ആണ് സഹോദരൻ. നായരമ്പലം ബി.വി.എച്ച്.എസ്. ൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ അമലച്ചന് ചെറുപ്പം മുതൽ തന്നെ സെമിനാരിയിൽ ചേരണം എന്നുള്ള ആഗ്രഹം ഉണ്ടായിരുന്നു. വിയാനി ഹോം, സെൻറ് ജോസഫ് മൈനർ സെമിനാരി, പൊന്തിഫിക്കൽ സെമിനാരി കാർമൽഗിരി, പൂനെ പേപ്പൽ സെമിനാരി എന്നിവിടങ്ങളിലാണ് അമലച്ചൻ തന്റെ വൈദിക പഠനം പൂർത്തിയാക്കിയത്. ഈശോ ജീവിതത്തിൽ ഒരു നേർവഴികാട്ടിയാണ് എന്നാണ് അമലച്ചൻ ഈശോയെ അനുഭവിച്ചറിഞ്ഞിരിക്കുന്നത്. തന്റെ ജീവിതത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം തന്നവനല്ല ഈശോ, പക്ഷേ ഉത്തരം കിട്ടാതെ നിൽക്കുന്ന നിമിഷങ്ങളിലും തന്നെ കൈവിടാത്ത സാന്നിധ്യമാണ് യേശു, അമലച്ചന്. പൗരത്വത്തെ കുറിച്ചുള്ള അച്ചന്റെ കാഴ്ചപ്പാട് - പൗരോഹിത്യം ഒരു സ്ഥാനമോ ബഹുമാനമോ അല്ല. അത് ദൈവം ഒരാളുടെ ഹൃദയത്തിൽ നിശബ്ദമായി വിതയ്ക്കുന്ന ഒരു സ്വപ്നമാണ് എന്നതാണ്.



## ഫാ. ആഷിക് ലെനിൻ മുക്കത്ത്

മുപ്പത്തടം സെന്റ്. ജോൺ ദി അപ്പോസ്തൽ ഇടവാംഗമാണ് ആഷിക് അച്ചൻ. ജോസഫ് ജോണി ലെനിൻ, ബീന ലെനിൻ ദമ്പതികളുടെ മകനാണ്.  ബ്രദർ ആൽഫ്രഡ് ലെനിൻ ആണ് സഹോദരൻ. മുപ്പത്തടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലായിരുന്നു അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം. ചെറുപ്പം മുതലേ ഒരു വൈദികൻ ആകണം എന്ന ആഗ്രഹം അച്ചന് മനസ്സിൽ ഉണ്ടായിരുന്നു. അതിനു കാരണം തന്റെ മാതാപിതാക്കളുടെ സഹനത്തിലൂടെയുള്ള വിശ്വാസ ജീവിതമായിരുന്നു. അവരുടെ പ്രാർത്ഥനാജീവിതവും വിശ്വാസവുമൊക്കെ ഈശോയിലേക്ക്  കൂടുതൽ അടുപ്പിച്ചു  . വിയാനി ഹോം, സെന്റ്. ജോസഫ് മൈനർ സെമിനാരി, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, കാർമൽഗിരി, പൂനെ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ ആയിരുന്നു വൈദികപഠനം. ഈശോ തനിക്ക് എല്ലാമാണ് എന്ന് വിശ്വസിക്കുന്ന ആഷിക് അച്ചന്റെ പൗരോഹിത്യ സ്വപ്നം ഇങ്ങനെയാണ്: 'എന്നെക്കുറിച്ച് ഈശോ കാണുന്ന സ്വപ്നങ്ങൾ പൂർത്തീകരിക്കാൻ വേണ്ട കൃപ തരണമേയെന്ന് മാത്രമാണ് എന്റെ പ്രാർഥന.'



## ഫാ. ശരത് ജോസ് പനക്കൽ

ചരിയംതുരുത്ത് വേളാങ്കണ്ണി മാതാ ഇടവക പി. കെ. ജോസ്, സിസിലി ജോസ് ദമ്പതികളുടെ മകനാണ് ഫാ. ശരത്. സിസ്റ്റർ ശാലിനി ജോസ് ആണ് സഹോദരി. ഹോളി ഇൻഫന്റ്സ് ബോയ്സ് ഹൈ സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. അൾത്താര ബാലൻ ആയിരുന്നപ്പോൾ മുതൽ വൈദികൻ ആകാൻ ശരതിന് ഇഷ്ടമായിരുന്നു. വിയാനി ഹോം, സെന്റ്. ജോസഫ് മൈനർ സെമിനാരി, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി കാർമൽഗിരി, പൂനെ പേപ്പൽ സെമിനാരി എന്നിവിടങ്ങളിൽ ആയിരുന്നു വൈദിക പരിശീലനം. ഈശോയെ ഒരു കൂട്ടുകാരനായി അനുഭവി ച്ചറിഞ്ഞ ശരത് അച്ചന്റെ പൗരോഹിത്യ സ്വപ്നം ഇങ്ങനെയാണ്: Fulfil the spiritual needs of the people and to be with people those who marginalized.

# ചിറക് മറന്ന താറാവും ആകാശം തേടിയ കാക്കയും: നോമ്പുകാല രൂപകങ്ങൾ

**ഡാ**നിഷ് തത്ത്വചിന്തകനായ സോറൻ കീർക്കഗോറിന്റെ ചിറക് മറന്ന താറാവുകളെക്കുറിച്ചുള്ള കഥ ചിന്തോദ്ദീപകമാണ്. ഒരു പ്രദേശത്ത് ഒരു കൂട്ടം താറാവുകൾ വസിച്ചിരുന്നു. താറാവുകൾ വിശ്വാസികളാണ്. എല്ലാ ഞായറാഴ്ചയും അവർ ഉപദേശിയുടെ അടുത്ത് പോകും. ഉപദേശി എന്നും അവരോട് പറയുന്നത് ഒരേ കാര്യമാണ്. "താറാവ് സഖാക്കളെ, നമ്മൾ പക്ഷികളാണ്; നിലത്ത് നീന്തിയോ ഇഴഞ്ഞോ നടക്കേണ്ട ഉഭയ ജീവികളോ ഉരഗ ജീവികളോ അല്ല. നമുക്ക് ചിറകുകളുണ്ട്. നമ്മൾ ഉയർന്ന് പറക്കേണ്ടവരാണ്. അതിനാൽ അമിതമായി ഭക്ഷിച്ച് ശരീരഭാരം കൂട്ടരുത്. മേദസ്സ് വർദ്ധിച്ച് വിശാലമായ ആകാശം നിങ്ങൾ അന്യമാക്കരുത്. ഇത് കേട്ട് എല്ലാ താറാവുകളും സമ്മതത്തോടെ തലയാട്ടും. ചിറകടിച്ച് ഉപദേശിയെ അഭിനന്ദിക്കും. എന്നിട്ട് വീട്ടിലേക്ക് മടങ്ങിച്ചെന്ന് മൂക്കുമുട്ടെ ഭക്ഷിക്കും. കൊഴുപ്പും ദുർമേദസ്സും വർദ്ധിച്ച് അവരുടെ ശരീരഭാരം കൂടി. അങ്ങനെ ചിറകുകൾ അവർക്ക് കാഴ്ച വസ്തുക്കളായി; ആകാശത്തിന്റെ തുറസ്സിടങ്ങൾ അന്യമായി!

ഈ കഥ വിവരിച്ചിട്ട് സോറൻ കീർക്കഗോർ ഇപ്രകാരം എഴുതി: ദുർമേദസ് വർദ്ധിച്ച മധ്യകാല ക്രൈസ്തവികതയ്ക്കും ഇത് തന്നെയാണ് സംഭവിച്ചത്. അവർക്ക് ആകാശത്തിന്റെ തുറസ്സുകൾ അന്യമായി; പകരം ആദവും ഹവ്വയും ചെയ്തതു പോലെ സ്വത്വനഷ്ടത്തിന്റ കുടുസ്സുകളിൽ ഒളിച്ചു. ദൈവത്തിന്റെ ആകാശങ്ങളെ അന്യമാക്കുന്ന ദുർമേദസ്സുകളെ ഉരുക്കിക്കളയാനുള്ള തപസ്സ് കാലമല്ലേ നോമ്പുകാലം? ആത്മാവിനെ ഭാരപ്പെടുത്തുന്ന കൊഴുപ്പും കൊളസ്ട്രോളും അകറ്റി സ്വാതന്ത്ര്യത്തിന്റെ ചിറകുകളെ വീണ്ടെടുക്കാൻ നോമ്പുകാല മെഡിക്കൽ ചെക്കപ്പുകൾ സഹായിക്കട്ടെ!

സഭാപിതാവ് ലിയോൺസിലെ ഇരണേവൂസ് ഒരു കാക്കയുടെ കഥ പറയുന്നുണ്ട്. ഐക്യത്തിന്റെ വേദപാരംഗതൻ എന്ന് അറിയപ്പെടുന്ന വിശുദ്ധ ഇരണേവൂസ് പറയുന്ന ഒരു കഥയുണ്ട്. ഒരു കാക്കയ്ക്ക് ഒരു ഇറച്ചിക്കഷണം കിട്ടി. ഇറച്ചിക്കഷണം സ്വസ്ഥമായി ഇരുന്ന് കഴിക്കാൻ പറ്റിയ ഒരു മരക്കൊമ്പ് അന്വേഷിച്ച് കാക്ക പറക്കുകയാണ്. ഈ സമയം മറ്റു കാക്കകൾ ഇറച്ചിക്കഷണത്തിനായി ആദ്യത്തെ കാക്കയെ ആക്രമിക്കുകയാണ്. ആദ്യത്തെ കാക്ക ചാഞ്ഞുപറന്നും ചെരിഞ്ഞു പറന്നും ഒക്കെ രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ടെങ്കിലും മറ്റു കാക്കകൾ ഇറച്ചിക്കഷണത്തിനായി ആദ്യത്തെ കഥാനായകനായ കാക്കയെ ആക്രമിക്കുകയാണ്. അവസാനം സഹികെട്ടപ്പോൾ, ഗത്യന്തരമില്ലാതായപ്പോൾ ആദ്യത്തെ കാക്ക ഇറച്ചിക്കഷണം താഴേക്കിട്ടു. മറ്റു കാക്കകൾ ഇറച്ചിക്കഷണത്തിന്റെ പിറകെ പോയി. അപ്പോൾ ആദ്യത്തെ കാക്ക പറയുന്നത് ഇങ്ങനെയാണ്: ഇറച്ചിക്കഷണം പോയെങ്കിലെന്ത്? എന്റെ ചിറകുകൾ സ്വതന്ത്രമാണല്ലോ? എനിക്ക് പറന്നുയരാൻ വിശാലമായ ആകാശങ്ങൾ ഉണ്ടല്ലോ."

ചില ഇറച്ചിക്കഷണങ്ങൾ താഴേക്കിടുമ്പോഴല്ലേ ദൈവത്തിന്റെ ആകാശങ്ങൾ നമുക്ക് സ്വന്തമാകുന്നത്? ദൈവത്തിനും മനുഷ്യർക്കും വേണ്ടി ചിലതൊക്കെ വേണ്ടെന്ന് വയ്ക്കുമ്പോഴല്ലേ ചിറകുകളുടെ സ്വാതന്ത്ര്യം നമ്മൾ തിരിച്ചറിയുന്നത്? നോമ്പുകാലം ഉപേക്ഷയുടെ മൂല്യം നമ്മെ പഠിപ്പിക്കുന്ന തപസ്സ് കാലമാണ്. ഉള്ളിലേക്ക് നോക്കുമ്പോൾ ഓരോരുത്തരും താഴേക്കിടേണ്ട ഇറച്ചിക്കഷണങ്ങൾ ആത്മാവിന്റെ കണ്ണാടിയിൽ തെളിഞ്ഞ് വരും. ദൈവത്തിന്റെ ആകാശങ്ങളെ തേടാൻ നമ്മെ പ്രാപ്തരാക്കുന്നത് ചിറകുകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തുന്ന ഉപേക്ഷയുടെ താഴേക്കിടലുകളാണ്.



ഡോ. മാർട്ടിൻ ശങ്കൂരിക്കൽ



# ലൂർദ്ദിലെ കൃപാസാഗരം: വിശ്വാസവും ശാസ്ത്രവും സംഗമിക്കുന്ന പുണ്യഭൂമി



ഫാ. ജോബ് കുണ്ടോണി

**1858** ഫെബ്രുവരി 11. ഫ്രഞ്ച് പൈറനീസ് പർവതനിരകളുടെ താഴ്വരയിലുള്ള മസാബിയേൽ എന്ന വിജനമായ ഗുഹ. ആ പരിസരത്തെ ആളുകൾ ചപ്പുചവറുകൾ തള്ളാനും പന്നികളെ മേയ്ക്കാനുമായിരുന്നു ആ സ്ഥലം ഉപയോഗിച്ചിരുന്നത്. എന്നാൽ, ലോകം 'അശുദ്ധം' എന്ന് കരുതിയ ആ ഇടത്തെ സ്വർഗ്ഗം തിരഞ്ഞെടുത്തു. അവിടെ വച്ചാണ് ആസ്തമ രോഗിയായ ബർണഡെറ്റ് സുബീരു എന്ന 14 വയസ്സുകാരിക്ക് പരിശുദ്ധ കന്യകാമറിയം ദർശനം നൽകിയത്.

സഭയുടെ ചരിത്രത്തിൽ ലൂർദ്ദിലെ ദർശനങ്ങൾ ഒരു വിസ്മയമായി തുടരുന്നത് അത് കേവലം ഒരു അത്ഭുതകഥയായതുകൊണ്ടല്ല, മറിച്ച് അത് വിശ്വാസസത്യങ്ങളെ ലളിതമായി സാധാരണക്കാരിലേക്ക് എത്തിച്ചു എന്നതുകൊണ്ടാണ്.

***'ഞാൻ അമലോത്ഭവയാകുന്നു***

ലൂർദ്ദിലെ ദർശനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത മാതാവ് സ്വയം വെളിപ്പെടുത്തിയ രീതിയാണ്. 1858 മാർച്ച് 25-ന്, മംഗളവാർത്താ തിരുനാൾ ദിനത്തിൽ ബർണഡെറ്റ് ആ സ്ത്രീയുടെ പേര് ചോദിച്ചു. അന്ന് തന്റെ കൈകൾ കൂപ്പി ആകാശത്തേക്ക് നോക്കി അവൾ പറഞ്ഞു: 'ഞാൻ അമലോത്ഭവയാകുന്നു' (I am the Immaculate Conception).

വെറും നാല് വർഷം മുൻപാണ് പയസ് ഒമ്പതാമൻ മാർപ്പാപ്പ 'അമലോത്ഭവ' എന്ന വിശ്വാസ സത്യം പ്രഖ്യാപിച്ചത്. വലിയ ദൈവശാസ്ത്ര അറിവൊന്നുമില്ലാത്ത ബർണഡെറ്റിന് ഈ വാക്കിന്റെ അർത്ഥം പോലും അറിയില്ലായിരുന്നു. ഒരു ഗ്രാമീണ ബാലികയിലൂടെ സഭയുടെ വലിയൊരു വിശ്വാസരഹസ്യം സ്വർഗ്ഗം ശരിവയ്ക്കുകയായിരുന്നു അവിടെ.

***ലൂർദ്ദ് നൽകുന്ന മൂന്ന് സന്ദേശങ്ങൾ.***

* *പ്രായശ്ചിത്തം:* *പാപികൾക്ക് വേണ്ടി പ്രാർത്ഥിക്കാനും പ്രായശ്ചിത്തം ചെയ്യാനുമുള്ള ആഹ്വാനം.*

* ***നീരുറവയിലെ വിശുദ്ധി:*** *ചെളിക്കടിയിൽ നിന്ന് തെളിനീരുറവ കണ്ടെത്തിയ ബർണഡെറ്റിന്റെ അനുഭവം നമ്മുടെ പാപാവസ്ഥയിൽ നിന്ന് മാമോദീസയുടെ കൃപയിലേക്ക് നമ്മെ നയിക്കു ന്നതിന്റെ പ്രതീകമാണ്.*

* *കൂട്ടായ പ്രാർത്ഥന:*



*വിശ്വാസികൾ ഒരുമിച്ച് പ്രാർത്ഥിക്കണമെന്നും പ്രദക്ഷിണമായി വരണമെന്നുമുള്ള മാതാവിന്റെ ആഗ്രഹം സഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്നു.*

***ശാസ്ത്രം തോൽക്കുന്നിടം***

ലൂർദ്ദിനെ മറ്റു തീർത്ഥാടന കേന്ദ്രങ്ങളിൽ നിന്ന് വേറിട്ടു നിർത്തുന്നത് അവിടത്തെ കണിശമായ പരിശോധനകളാണ്. അത്ഭുത രോഗശാന്തികൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻ സഭ അത് അംഗീകരിക്കാറില്ല. 1883-ൽ സ്ഥാപിതമായ ലൂർദ്ദ് മെഡിക്കൽ ബ്യൂറോ ഓരോ കേസിലും സൂക്ഷ്മമായ പരിശോധന നടത്തും. അത്ഭുതമായി പ്രഖ്യാപിക്കണമെങ്കിൽ ആ രോഗം വൈദ്യശാസ്ത്രത്തിന് ഭേദമാക്കാൻ

കഴിയാത്തതാകണം, രോഗശാന്തി പെട്ടെന്നുള്ളതാകണം, രോഗം പൂർണ്ണമായും മാറിയിരിക്കണം. ആയിര ക്കണക്കിന് അവകാശവാദങ്ങൾ വന്നെങ്കിലും ഇന്നുവരെ വെറും 70 എണ്ണത്തെ മാത്രമേ സഭ ഔദ്യോഗികമായി 'അത്ഭുതം' എന്ന് അംഗീകരിച്ചിട്ടുള്ളൂ. ഇതിലൂടെ ശാസ്ത്രത്തെയും യുക്തിയെയും ബഹുമാനിച്ചുകൊണ്ട് തന്നെ വിശ്വാസത്തെ സഭ മുറുകെ പിടിക്കുന്നു.

***പീഡിതരുടെ ആശ്വാസം***

***ലൂർദ്ദിലെ ഓരോ പ്രദക്ഷിണത്തിലും മുൻനിരയിൽ നിൽക്കുന്നത് വീൽചെയറിലിരിക്കുന്ന രോഗികളും അവശരുമാണ്. ലോകം ആരെയാണോ മാറ്റിനിർത്തുന്നത്, അവരെയാണ് ലൂർദ്ദ് നെഞ്ചോട് ചേർക്കുന്നത്. വിശുദ്ധ ബർണഡെറ്റ് പറയാറുള്ളത് പോലെ, ദൈവം തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ തിരഞ്ഞെടുത്തത് ഏറ്റവും നിസ്സാരയായ ഒരു കുട്ടിയെയാണ്. ശാരീരികമായ രോഗശാന്തിയേക്കാൾ ഉപരിയായി, ദൈവഹിതത്തിന് വഴങ്ങിക്കൊടുക്കാനുള്ള മനസ്സും ആന്തരികമായ സമാധാനവുമാണ് ലൂർദ്ദ് നൽകുന്ന ഏറ്റവും വലിയ അത്ഭുതം.***

***നിശബ്ദതയുടെ സംഗീതം***

ലൂർദ്ദിലെ മസാബിയേൽ ഗുഹ ഇന്ന് വെറുമൊരു ചരിത്രസ്മാരകമല്ല, മറിച്ച് ദശലക്ഷക്കണക്കിന് മനുഷ്യർ തങ്ങളുടെ ഹൃദയഭാരങ്ങൾ ഇറക്കിവയ്ക്കുന്ന ഒരു ശാന്തിതീരമാണ്. മെഴുകുതിരി വെളിച്ചത്തിൽ അലിയുന്ന പ്രാർത്ഥനകളും, ജപമാലമണികളുടെ നിശബ്ദമായ മന്ത്രോച്ചാരണങ്ങളും അവിടെ ഒരു സ്വർഗ്ഗീയ സംഗീതം തീർക്കുന്നു. ലോകത്തിന്റെ തിരക്കുകളിൽ നിന്ന് ഒഴിഞ്ഞുമാറി, ആ ഗുഹ യുടെ തണുപ്പിൽ അല്പനേരം ചെലവഴിക്കുമ്പോൾ ഓരോ തീർത്ഥാടകനും തിരിച്ചറിയുന്നത് ഒന്നു മാത്രം; ദൈവം സംസാരിക്കുന്നത് ആഡംബരങ്ങളിലൂടെയല്ല, മറിച്ച് വിനീതമായ ഹൃദയങ്ങളിലെ നിശബ്ദതയിലൂടെയാണ്. ബർണഡെറ്റിന്റെ ലാളിത്യവും മറിയത്തിന്റെ മാതൃവാത്സല്യവും അവിടെ ഓരോ ആത്മാവിനും പുതുജീവൻ നൽകുന്നു.

***അവസാനിക്കാത്ത പ്രത്യാശയുടെ പ്രവാഹം***

നൂറ്റാണ്ടുകൾക്കിപ്പുറവും ലൂർദ്ദ് ഒരു പ്രവാഹമായി തുടരുന്നു ഭക്തിയുടെയും, പ്രത്യാശയുടെയും, അളവറ്റ കരുണയുടെയും പ്രവാഹം. ശാസ്ത്രം കൈവിട്ടവർക്കും ലോകം തള്ളിക്കളഞ്ഞവർക്കും ഒരു അഭയസ്ഥാനമായി ഈ പുണ്യഭൂമി ഇന്നും നിലകൊള്ളുന്നു. ശാരീരികമായ രോഗശാന്തിയേക്കാൾ ഉപരിയായി, ജീവിതത്തിന്റെ കുരിശുകളെ പുഞ്ചിരിയോടെ സ്വീകരിക്കാനുള്ള കരുത്താണ് ലൂർദ്ദ് നൽകുന്ന യഥാർത്ഥ അത്ഭുതം. ഓരോ തീർത്ഥാടകനും ആ പുണ്യനഗരം വിടുമ്പോൾ ഉള്ളിൽ കരുതിവയ്ക്കുന്നത് മസാബിയേലിലെ ആ നീരുറവയുടെ തണുപ്പല്ല, മറിച്ച് 'നീ ഒറ്റയ്ക്കല്ല' എന്ന സ്വർഗ്ഗീയനാഥന്റെ ഉറച്ച വാഗ്ദാനമാണ്.

---

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ഫെബ്രുവരി മാസത്തെ പരിപാടികൾ:**

FAMILY COMMISSION
ARCHDIOCESE OF VERAPOLY

**വിവാഹ ഒരുക്ക കോഴ്സ്** : ഫെബ്രുവരി 6, 7, 8 & 20, 21, 22രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

**മാതൃവേദി കൂട്ടായ്മ** : ഫെബ്രുവരി 7, ശനിയാഴ്ച രാവിലെ 10.00 ന്

**വിധവ സംഗമം (അൽമാന)** : ഫെബ്രുവരി 14, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്

**ഏകസ്ഥ കൂട്ടായ്മ** : ഫെബ്രുവരി 19, വ്യാഴാഴ്ച, രാവിലെ 10.00 ന്

DIRECTORATE OF
FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 ഫെബ്രുവരി 22 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

# അതിരുകൾ ഭേദിക്കുന്ന സഞ്ചാരം

ദീപ്തി കൂട്ടം

***ഫെബ്രുവരി 13-ാം തീയതി ലോക റേഡിയോ ദിനമായി ആചരിക്കുകയാണ്. ഈയവസരത്തിൽ റേഡിയോയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ലേഖനമാണ് ചുവടെ.***





**ഫാ. ഗാരിസൺ പൈവ**

**എ**ല്ലാ വർഷവും ഫെബ്രുവരി പതിമൂന്നാം തീയതിയാണ് ലോക റേഡിയോ ദിനമായി ആഘോഷിക്കപ്പെടുന്നത്. 'റേഡിയോയും നിർമ്മിത ബുദ്ധിയും' എന്ന വിഷയമാണ് ഈ വർഷത്തെ റേഡിയോ ദിനത്തിന്റെ മുഖ്യ ചർച്ചാ വിഷയമായി യുനെസ്കോ (UNESCO) തിരഞ്ഞെടുത്തിരിക്കുന്നത്. റേഡിയോയുടെ പൊതുസേവനങ്ങളും, ക്രിയാത്മകതയും, ശ്രോതാക്കളോടുള്ള ബന്ധവും, മനുഷ്യാംശത്തെ പകരം വയ്ക്കാതെ തന്നെ നിർമ്മിത ബുദ്ധിയുപയോഗിച്ച് എപ്രകാരം ധാർമ്മികമായി പിന്തുണയ്ക്കാനാകും എന്നതിപ്രാവശ്യം പ്രധാന ചർച്ചയാകും.

സ്മാർട്ട് ഫോണുകളും, സോഷ്യൽ മീഡിയയും, മറ്റ് സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും അരങ്ങു വാഴുന്ന ഈ കാലഘട്ടത്തിലും, വിവരങ്ങൾ അറിയിച്ചും, അറിവുകൾ പങ്കുവച്ചും, സംസ്കാരത്തി ന്റെയും, ഭാഷയുടെയും, തലമുറകളുടെയും അതിരുകളെ ഭേദിച്ചുകൊണ്ട് ആളുകളെ ഒരുമിപ്പി ക്കുകയാണ് റേഡിയോ. 'മനസിന്റെ നാടകശാല' എന്ന് റേഡിയോയെ വിശേഷിപ്പിക്കുന്നത്.

ശാസ്ത്രജ്ഞനായ ഗൂലിയേൽമോ മാർക്കോണി (Guglielmo Marconi) റേഡിയോ തംരംഗങ്ങളെ ദീർഘദൂരത്തിലേക്ക് വിജകരമായി വിക്ഷേപിച്ചതോടെ, 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തോടെയും റേഡിയോ വിക്ഷേപണം തുടങ്ങി. വളരെ പെട്ടെന്നാണ് റേഡിയോ ഒരു വിപ്ലവാത്മകമായ വിനിമയ മാർഗ്ഗമായി മാറിയത്. വാർത്തകൾ ഞൊടിയിടയിൽ പങ്കുവയ്ക്കപ്പെടുന്നു, സംഗീതം ഒരേ സമയം വലിയൊരുകൂട്ടം ആളുകളിലേക്കെത്തുന്നു, അതിർത്തികളും കടന്ന് ശബ്ദം സഞ്ചരിക്കുന്നു. അങ്ങനെ 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ എല്ലാ കുടുബങ്ങളിലും റേഡിയോയ്ക്ക് ഒരു പ്രധാനസ്ഥാനം കൈവന്നു.

എന്നാൽ ഇന്നീ ഡിജിറ്റൽ യുഗത്തിൽ റേഡിയോയ്ക്കുള്ള പ്രാധാന്യം എന്താണ് ? ആധുനിക സാങ്കേതിക വിദ്യയുടെ അഭിശയകരമായ വളർച്ചയ്ക്കിടയിലും റേഡിയോയുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല. റേഡിയോ തന്നെയാണ് ഏറ്റവുമധികം വിശ്വാസ്യതയും, ലഭ്യതയും ഉള്ള മാധ്യമം. മറ്റു മാധ്യമങ്ങൾ പങ്കുവയ്ക്കുന്ന പല കാര്യങ്ങളും റേഡിയോയും നൽകുന്നുണ്ട്. എന്നാൽ അവർക്കാർ ക്കും അവകാശപ്പെടാനാവാത്ത ചില സവിശേഷതകൾ റേഡിയോയ്ക്കുണ്ട്. അവയൊന്ന് നോക്കാം:

* *റേഡിയോ എല്ലാവർക്കും കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നതാണ്. അതിന് ഇന്റർനെറ്റ് ആവശ്യമില്ല.*
* *ഉൾഗ്രാമങ്ങളിലും വികസനമെത്താത്ത പ്രദേശങ്ങളിലും റേഡിയോ സിഗ്നലുകളെത്തും.*
* *അപകട മുന്നറിയിപ്പുകളും സുരക്ഷാ നിർദേശകളും റേഡിയോയിലൂടെ നൽകാൻ സാധിക്കുക വഴി അപകട തീവ്രത കുറക്കാൻ കഴിയുന്നു.*

ഈ റേഡിയോ ദിനം എങ്ങനെ ആഘോഷിക്കാം? ചില പ്രായോഗിക വഴികൾ നമുക്ക് നോക്കാം.

***1. റേഡിയോ അനുകരണം***
***ഒരു റേഡിയോ അവതാരകനെ/അവതാരകയെ പോലെ ഒരു റേഡിയോ പരുപാടിയുടെ അവതരണം കൂട്ടുകാർക്ക് മുൻപിൽ നടത്താം.***
***2. ഒരു റേഡിയോ നിലയം സന്ദർശിക്കാം.***
***3.റേഡിയോ വാർത്തകൾ കേട്ട് കുറിപ്പ് തയ്യാറാക്കാം.***
***4.ഒരു റേഡിയോ നിലയത്തിൽ ഒരു ദിവസത്തിൽ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികൾ എന്തൊക്കെയെന്ന് കണ്ടെത്താം.***

# വരദാനങ്ങളുടെ 70 വർഷം



*ജോസഫ് മാനിഷാദ്*
*മട്ടയ്ക്കൽ*
*കൊങ്ങോർപ്പിള്ളി*

***വരാപ്പുഴ അതിരൂപത ഭദ്രാസന ദേവാലയമായ എറണാകുളം ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽ നിത്യസഹായ മാതാവിന്റെ നൊവേന ആരംഭിച്ചിട്ട് എഴുപതു വർഷങ്ങൾ പൂർത്തിയാവുകയാണ്. ഇതിന്റെ ചരിത്രസ്മരണകളിലേക്കും പ്രാധാന്യത്തിലേക്കും വെളിച്ചം വീശുന്നതാണ് ഈ ലേഖനം.***




**1956** ഫെബ്രുവരി 11-ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ എറണാകുളം സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിൽ ആദ്യമായി നിത്യസഹായമാതാവിന്റെ നൊവേന ആരംഭിച്ച ദിനം. വരാപ്പുഴ മെത്രാപ്പോലീത്തായും തികഞ്ഞ മരിയഭക്തനുമായിരുന്ന ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ മാതൃസ്നേഹം അതിരൂപതയിൽ പടരാൻ തുടങ്ങിയ ദിനം. അന്നത്തെ കത്തീഡ്രൽ വികാരി മോൺ. ജോസഫ് വൈപ്പിശ്ശേരിയുടെ സഹകരണത്തോടെയായിരുന്നു, ഈ ഭക്തിപ്രസ്ഥാനം കേരളത്തിൽ പടർന്നു പന്തലിച്ചത്.

ജോസഫ് അട്ടിപ്പേറ്റി പിതാവ് റോമിൽ പഠിക്കുമ്പോൾ ഹൃദയത്തിലലിഞ്ഞു ചേർന്ന നിത്യസഹായഭക്തി, അതിരൂപതാദ്ധ്യക്ഷനായ സമയം മുതൽ ഇവിടെ പ്രചരിപ്പിക്കാനുള്ള ആലോചനകൾ തുടങ്ങിയിരുന്നു. അതിന്റെ ഭാഗമായി 1945-ൽ കാക്കനാട് ചെമ്പുമുക്കിലുള്ള അതിരൂപതയുടെ സ്ഥലത്ത് 'വില്ലാ സൊക്കോർസോ' എന്ന പേരിൽ നിത്യസഹായമാതാവിന്റെ നാമത്തിൽ ചെറിയ പള്ളി പണിതു.

നിത്യസഹായമാതാവിന്റെ നൊവേന ലോകത്തിൽ പ്രചരിപ്പിക്കാനും നൊവേനകൾ ചൊല്ലുവാനും കത്തോലിക്കാ സഭയുടെ അനുമതിയുള്ളത് ദിവ്യരക്ഷകസഭയിലെ (ഇന്ന് മാലോത്ത് ദൈവാലയത്തിന്റെ ചുമതലയുള്ള, നമ്മുടെ ഇടവകാതിർത്തിയിൽ-കരിങ്ങാംതുരുത്ത് ഭവനമുള്ള) പുരോഹിതർക്കാണ്. അക്കാലത്ത് ഈ സഭയിലെ ഒരു ഭവനംപോലും ഇന്ത്യയിൽ ഇല്ലായിരുന്നു. എന്നാൽ, ആയിടെ ബാംഗ്ലൂർ ആസ്ഥാനമാക്കി ഈ സഭയുടെ ഒരു ഭവനം തുടങ്ങി. അവിടെനിന്നും ഇംഗ്ലീഷിൽ ധ്യാനപ്രസംഗത്തിനായി എറണാകുളം ഉണ്ണിമിശിഹാ ദൈവാലയത്തിൽ എത്തിയ ഫാ. മക്ഡോണൽ, ഫാ. ഹിക്കി എന്നിവർ നിത്യസഹായമാതാവിന്റെ ഭക്തി പ്രചരിപ്പിച്ചു.

ജോസഫ് അട്ടിപ്പേറ്റി പിതാവ് ഇവരോട് കത്തീഡ്രൽ ദൈവാലയത്തിൽ നൊവേന ആരംഭിക്കുവാൻ അഭ്യർത്ഥിച്ചതിൻപ്രകാരം അവരുടെ സഭാംഗമായിരുന്ന ഫാ. ആൻഡ്രു മക്കായി എന്ന അയർലണ്ടുകാരൻ പിതാവിന്റെ അതിഥിയായി ഇവിടെയെത്തി.

വല്ലാർപാടത്ത് താമസിച്ച് മലയാളം വശമാക്കിയ ഇദ്ദേഹം, റോമിൽ നിന്നും കൊണ്ടുവന്ന നിത്യസഹായമാതാവിന്റെ മനോഹരചിത്രം കത്തീഡ്രൽ ദൈവാലയത്തിൽ സ്ഥാപിച്ചതോടൊപ്പം ഇംഗ്ലീഷിലും മലയാളത്തിലും നൊവേന അവിടെ ആരംഭിക്കുകയും ചെയ്തു.

ഐറിഷ് വംശജനായിരുന്ന ഇദ്ദേഹത്തിന്റെ മലയാളത്തിലുള്ള പ്രസംഗം മലയാളികളെ വല്ലാതെ ആകർഷിക്കുകയും പതിനായിരക്കണക്കിനാളുകൾ, അതിരൂപതയുടെ വടക്ക് തൃശ്ശൂരിൽ നിന്നു പോലും വിശ്വാസികൾ യാത്രാസൗകര്യം തുലോം പരിമിതമായിരുന്ന അക്കാലത്ത് എറണാകുളത്ത് എത്തുകയും നിത്യസഹായ മാതാവിന്റെ അനുഗ്രഹം ഏറ്റുവാങ്ങി സന്തോഷത്തോടെ തിരിച്ചുപോവുകയും ചെയ്തിരുന്നു.

അക്കാലത്ത്, റോഡ്മാർഗ്ഗം വാഹനഗതാഗതം ഇല്ലാതിരുന്നപ്പോൾ, പെരിയാറിന്റെ തീരങ്ങളിലുള്ള വിശ്വാസികൾ മക്കളോടൊപ്പം ശനിയാഴ്ചകളിൽ രാവിലെതന്നെ, ഓരോ ബോട്ട്ജെട്ടികളിൽ എത്തുമായിരുന്നു. വൈദ്യുതവിളക്കുകൾ ഇല്ലാതിരുന്ന അക്കാലത്ത് ചൂട്ട് കത്തിച്ചുപിടിച്ചായിരുന്നു പലരും പോയിരുന്നത്. അവിടെ യാത്രക്കാരെ കാത്ത് അധികം ഇടവേളകളില്ലാതെ ബോട്ടുകൾ വരിവരിയായി വരുന്നുണ്ടാകും. നിറയെ ജനങ്ങളുമായി യാത്ര ചെയ്ത് ബോട്ട് എറണാകുളം ജെട്ടിയിലടുപ്പിക്കുമ്പോൾ തന്നെ പലരും ബോട്ടിൽനിന്നും ചാടി ഓടുമായിരുന്നു, നടുവിലെ പള്ളിയിലേക്ക്. തുടർന്ന്, വിശ്വാസപൂർവ്വം നൊവേനയിൽ പങ്കെടുത്ത് മക്കായി അച്ചന്റെ ഇംഗ്ലീഷ് ചുവയുള്ള മലയാള പ്രസംഗം ഉൾക്കൊണ്ട് തിരിച്ച് ബോട്ടുയാത്ര ആരംഭിക്കുകയായി. അടുത്തുള്ളവർ കാൽനടയായും.

***റോമിൽ ആയിരിക്കുന്ന ചെറിയ കാലയളവ് ഒഴികെ മറ്റെവിടെയായിരുന്നാലും ജോസഫ് അട്ടിപ്പേറ്റി പിതാവ് ഈ നൊവേന മുടക്കില്ലായിരുന്നു. ഒരിക്കൽ പാലായിൽ മെത്രാൻ സമിതിയുടെ യോഗം നടക്കുന്നതിനിടയിൽ അവിടെനിന്നും കാറിൽ എറണാകുളത്തു വന്ന് 11.30-ന്റെ നൊവേന കൂടി തിരിച്ച് വീണ്ടും യോഗത്തിൽ പങ്കുചേർന്ന ചരിത്രംപോലും ഉണ്ടായിട്ടുണ്ട്. മരണംവരെയുള്ള എല്ലാ ശനിയാഴ്ചകളിലും നൊവേനയിൽ പങ്കുചേർന്ന പിതാവിന്റെ വലിയൊരു ആഗ്രഹപൂർത്തീകരണമാണ് ഇന്ന് കേരളക്കരയിൽ അങ്ങുമിങ്ങുമുള്ള ദൈവാലയങ്ങളിൽ തുടരുന്ന നിത്യസഹായമാതാവിന്റെ നൊവേന.***

ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ സെക്രട്ടറി ആയിരുന്ന ഫാ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ, മോൺ. ജോസഫ് വൈപ്പിശ്ശേരിയുടെ സഹവികാരി ആയി കത്തീഡ്രലിൽ നിയമിതനായി. മക്കായി അച്ചനൊക്കെ മടങ്ങിപ്പോയശേഷം ഫാ. കൊർണേലിയൂസ് നൊവേന തുടർന്നു. വൈദികനായിരിക്കെ, മറ്റൊരു മാതൃഭക്തനായ കൊർണ്ണേലിയൂസ് പിതാവാണ് ഈ നൊവേന ഇന്നത്തെ രൂപത്തിൽ മലയാളത്തിൽ പരിഭാഷ പൂർണ്ണമാക്കിയത്. ഇതിലെ ഗാനങ്ങൾ ചിട്ടപ്പെടുത്തിയത്.

ആളുകളുടെ ജീവിതവേഗത സമയത്തിൽ ദൗർലഭ്യമുണ്ടാക്കാൻ തുടങ്ങിയപ്പോൾ, ഓരോ ഇടവകകളിലും നിത്യസഹായമാതാവിന്റെ നൊവേന തുടങ്ങാനാരംഭിച്ചു. അങ്ങനെ, കേരളമണ്ണിൽ നിത്യസഹായമാതാഭക്തി പ്രചരിക്കാനും അനുഗ്രഹങ്ങളുടെ വരമാരി പെയ്തിറങ്ങാനും തുടങ്ങിയിട്ട് 70 വർഷങ്ങൾ തികയുമ്പോൾ അതിന് ചുക്കാൻ പിടിച്ചവരെ നന്ദിയോടെ ഓർക്കാം.

## CARTOON **DEEPTHI**

John Kakkanad



ചിന്താജാലകം

# ഇരുളിൽ ഉദിച്ച പ്രഭാതം

**ഷാലി ജോസഫ്**

**പാ**പത്തിന്റെ കറുത്ത വീഥി കളിലൂടെ അലഞ്ഞുതിരിഞ്ഞ ഒരു യുവാവായിരുന്നു ജാക്വസ് ഫെഷ്. 1954-ലെ രക്തരൂക്ഷിതമായ ഒരു രാത്രി അയാളുടെ ജീവിതത്തിന്റെ ഗതി മാറ്റിമറിച്ചു. അശ്രദ്ധമായി വലിച്ച കാഞ്ചി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ജീവനെടുത്തു. നിയമം അയാൾക്ക് വിധിച്ചത് മരണശിക്ഷയായിരുന്നു. ഗില്ലറ്റിൻ മുനയുടെ തണുപ്പ് സ്വപ്നം കണ്ട്, വെറുപ്പും വിദ്വേഷവും പേറി ആ തടവറയ്ക്കുള്ളിൽ അയാൾക്ക് ഒടുങ്ങാമായിരുന്നു.

എന്നാൽ, ആ ഏകാന്തതയുടെ ഇരുളിൽ മറ്റൊരു പ്രകാശം ജാക്വസിനെ തേടിയെത്തി. നിശബ്ദമായ പ്രാർത്ഥനകൾക്കിട യിൽ അയാൾ തന്നെത്തന്നെ കണ്ടുമുട്ടി; ഒപ്പം കരുണാനി ധിയായ ദൈവത്തെയും. ഉള്ളിലെ ഭയം ദൈവത്തോടുള്ള സമർപ്പണ ത്തിന് വഴിമാറി. കുറ്റബോധ ത്തിന്റെ വിങ്ങൽ പശ്ചാത്താപ ത്തിന്റെ കണ്ണീരായി ഒഴുകി. ജയിൽ അഴികൾക്കുള്ളിലിരുന്ന് അയാൾ എഴുതിയ കത്തുകളിൽ ദൈവസ്നേഹത്തിന്റെ തേൻതുള്ളികളുണ്ടായിരുന്നു.

മരണശിക്ഷ നടപ്പാക്കാൻ നിശ്ചയിച്ച ആ പ്രഭാതത്തിൽ, പരിഭ്രമമില്ലാത്ത ഒരു പുണ്യവാള നെപ്പോലെ ജാക്വസ് മരണത്തെ പുൽകി. അയാളുടെ മുഖത്ത് കണ്ട ആത്മീയ തേജസ്സ് കണ്ടു നിന്നവരെയെല്ലാം വിസ്മയിപ്പിച്ചു. പാപത്തിന്റെ കറകൾ കഴുകിക്ക ളഞ്ഞ്, നിത്യതയുടെ മണവാളനെ കാത്തിരിക്കുന്ന ഒരു ആത്മാവായി ജാക്വസ് മാറിയിരുന്നു.

പരിവർത്തനത്തിന്റെ വലിയൊരു സന്ദേശമാണ് ജാക്വസ് ഫെഷിന്റെ ജീവിതം നമുക്ക് നൽകുന്നത്. നമ്മുടെ വീഴ്ചകൾ എത്ര വലുതാ യാലും, കഴിഞ്ഞകാലത്തിന്റെ ഭാരം എത്ര കഠിനമായാലും ദൈവ ത്തിന്റെ കാരുണ്യം നമ്മെയും തേടിയെത്തും. ഉള്ളിലെ ഇരുട്ടിനെ വെടിഞ്ഞ്, ദൈവത്തിന്റെ പ്രകാശത്തിലേക്ക് ഹൃദയം തുറക്കാൻ ഈ നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ നോമ്പുകാലം കേവലം ഒരു ചടങ്ങല്ല, മറിച്ച് നമ്മുടെ ആത്മാവിന്റെ വസന്തകാലമാണ്. ജാക്വസിന്റെ തടവറ മുറി പോലെ, നമ്മുടെ ഹൃദയത്തിലെ ഏകാന്ത മായ ഇടങ്ങളെയും ദൈവത്തിന് വിട്ടുകൊടുക്കാം. അവിടെ പരി വർത്തനത്തിന്റെ പുതുമുകുളങ്ങൾ വിരിയട്ടെ. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ നഷ്ടപ്പെട്ടു പോയ ആ ദൈവസ്വരത്തെ വീണ്ടെടുക്കാനും, പാപത്തിന്റെ കറകൾ കഴുകി വിശുദ്ധിയുടെ പുത്തൻ വസ്ത്രം ധരിക്കാനും നമുക്ക് ഈ ദിനങ്ങൾ പ്രയോജന പ്പെടുത്താം. കാരണം, ദൈവത്തി ന്റെ മുൻപിൽ വൈകിപ്പോയ ഒരു ജീവിതവുമില്ല.

നമുക്ക് ഓർക്കാം: ദൈവകരുണ യുടെ സ്പർശനമേൽക്കാത്ത ഒരു ഹൃദയവുമില്ല; ഏത് പാപിയെയും വിശുദ്ധനാക്കാൻ അവിടുത്തെ സ്നേഹത്തിന് കരുത്തുണ്ട്.



# വാർത്തകൾ

NEWS

*കേരള ആരോഗ്യ സർവകലാശാല എം.എസ്. സി. നഴ്സിംഗ് പരീക്ഷയിൽ എറണാകുളം ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഒന്നാം റാങ്ക്*

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല എം.എസ്.സി. നഴ്സിംഗ് പരീക്ഷയിൽ ലൂർദ് കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾ ഒന്നാം റാങ്ക് നേടി. മെന്റൽ ഹെൽത്ത് നഴ്സിംഗിൽ **ഒന്നാം റാങ്ക് നേടിയ സിസ്റ്റർ സീന ജോസഫ്. ആർ.** കൊല്ലം തോപ്പിൽ കായൽ വാരത്ത് ജോസഫിന്റെയും റജനയുടെയും മക





ളാണ്. ഏലൂർ സെന്റ് മേരി മാഗ്ദലിൻ പോസ്റ്റൽ മഠാംഗമാണ്. മെഡിക്കൽ സർജിക്കൽ നഴ്സിംഗിൽ **ഒന്നാം റാങ്ക് നേടിയ ട്രീസ ഐറിൻ എം.ജെ.**, മഞ്ഞുമ്മൽ മുളങ്ങോത്ത് വീട്ടിൽ എം.പി. ജോസഫിന്റെയും ബെറ്റി ജോസഫിന്റെയും മകളാണ്. ഭർത്താവ് മുട്ടിനകം കോളരിക്കൽ വീട്ടിൽ കെ.ആർ. അനിൽ. അഭിമാനകരമായ ഈ നേട്ടത്തിൽ വിദ്യാർത്ഥികളെ മാനേജുമെന്റും അധ്യാപകരും സഹപാഠികളും അഭിനന്ദിച്ചു.

*മതബോധന വാർത്തകൾ*

രണ്ടാം സെമസ്റ്റർ പരീക്ഷകൾ :
9 മുതൽ 13 വരെയുള്ള കുട്ടികളുടെ രണ്ടാം സെമസ്റ്റർ വിശ്വാസപരിശീലന പരീക്ഷ ഫെബ്രുവരി ഒന്നിനും ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികളുടെ പരീക്ഷ ഫെബ്രുവരി 15നും നടക്കും.

**തിരുബാലസഖ്യ ദിനം :**
ഫെബ്രുവരി 8 ന് എല്ലാ ഇടവകകളിലും തിരുബാലസഖ്യം ദിനം ആഘോഷിക്കണം.

**ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസ് മത്സരം**
വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസ് മത്സരം സംഘടിപ്പിച്ചു. 3 വിഭാഗങ്ങളിലായി 500 ലധികം പേർ മത്സരത്തിൽ പങ്കെടുത്തു. മുന്നൂറോളം ദൈവവചനങ്ങൾ കാണാതെ എഴുതിയ മുതിർന്നവരും 16 ലധികം വചനങ്ങൾ എഴുതിയ LKG കുട്ടികളും മത്സരത്തിൽ പങ്കെടുത്തു. അടുത്തമാസം ആദ്യം വിജയികളെ പ്രഖ്യാപിക്കും.

*അഭിനന്ദനങ്ങൾ*



ബെൽജിയം ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്നും തിയോളജിക്കൽ എത്തിക്സിൽ (From Commodification To Communion: Re-Envisioning Nonhuman Animal Moral Status in Post-Laudato Si Catholic Theology and Its Ethical Implications For Genetically Modified Nonhuman Animals foc Xenotransplantation) ഡോക്ടറേറ്റ് നേടിയ റവ. ഫാ. ഡാറ്റ്സൻ ദൗരേവിന് അഭിനന്ദനങ്ങൾ. ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടുന്ന വരാപ്പുഴ അതിരൂപതയിലെ പ്രഥമ വൈദികനാണ് ഫാ. ഡാറ്റ്സൻ. വരാപ്പുഴ അതിരൂപത മൂലമ്പിള്ളി സെന്റ്. അഗസ്റ്റിൻ ഇടവകാംഗമാണ്.

*സേവനത്തോടോപ്പം പഠനമികവും: ഡോക്ടറേറ്റ് കരസ്ഥമാക്കി വില്ല്യം ആലത്തറ*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്നും മാനേജ്മെന്റിൽ മാർക്കറ്റിംഗ് ഓഫ് ഹൗസിങ്ങ് ഫിനാൻസ് എന്ന വിഷയത്തിൽ പി.എച്.ഡി. നേടിയ വില്ല്യം ആലത്തറയുടെ ജീവിതം പലർക്കും മാതൃകയാവുന്നു.



രണ്ട് വ്യാഴവട്ടത്തിലധികമായി പോതുസേവന രംഗത്ത് സജീവമായ വില്ല്യം ആലത്തറ പഠനവും സേവനവും ഒരുമിച്ച് മുന്നോട്ട് കോണ്ടുപോകുകയാ യിരുന്നു. ഡിഗ്രി പഠന കാലഘട്ടത്തിൽ സി.എൽ.സി. എന്ന ഭക്തസംഘടനയിലൂടെ നേതൃത്വരംഗത്തേയക്ക് കടന്നുവന്ന വില്യം പിന്നീട് സി.എൽ.സി.യുടെ വരാപ്പുഴ അതിരൂപതയുടെ ഭാരവാഹിയായി.

രാഷ്ട്രീയ സേവനത്തോടോപ്പം ഡോക്ടറേറ്റ് കരസ്ഥമാക്കിയ വില്ല്യം, ജോസഫ് ആലത്തറ യുടെയും ജോവാൻ ജോസഫിന്റെയും മകനാണ്. ഭാര്യ ഡോ. അനു വർഗീസ്. മകൾ ആൻ മരിയ, സി.സി.ബി.ഐ. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഡോ. സ്റ്റീഫൻ ആലത്തറ ഏക സഹോദരനാണ്. ഒരു ഭവനത്തിൽ മൂന്നുപേർക്ക് പി.എച്.ഡി. എന്ന ബഹുമതിയും വില്ല്യം ആലത്തറയുടെ കഠിന പ്രയത്നത്തിനു പിന്നിലുണ്ട്.

*ചാത്യാത്ത് മൗണ്ട് കാർമൽ ചർച്ച് ജേതാക്കൾ*

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ ഫാ. ജോളി തപ്പലോടത്ത്



മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റിൽ ചാത്യാത്ത് മൗണ്ട് കാർമൽ ഇടവക വിജയികളായി. രണ്ടാം സ്ഥാനം നേടിയവർക്കുള്ള സിസ്റ്റർ മേരി ട്രീസാ മെമ്മോറിയൽ ട്രോഫി മൂലമ്പിള്ളി സെന്റ് അഗസ്റ്റിൻ ഇടവകയും എ.ജെ. സേവിയർ മെമ്മോറിയൽ ട്രോഫിക്ക് വേണ്ടിയുള്ള മൂന്നാം സ്ഥാനം തുതിയൂർ വ്യാകുല മാതാ ഇടവകയും കരസ്ഥമാക്കി. വിജയികൾക്ക് കേരള പോലീസ് ഡെപ്യൂട്ടി കമാണ്ടന്റ് കെ.എ. ആൻസൻ സമ്മാനങ്ങൾ നൽകി. വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ, സെക്രട്ടറി ജോസ് ഡിക്സൺ, മാനേജർ എൻ.വി. ജോസ് എന്നിവർ നേതൃത്വം നൽകി.

### *മനു മാർട്ടിന് ഫോയിഡ് അവാർഡ്*

എഞ്ചിനീയറിങ് മികവിന്റെ പ്രതീകമായി അങ്കമാലിയിലെ 'അമേത്തിസ്റ്റ്'. അതിന്റെ വാസ്തുവിദ്യാ ഡിസൈൻ ആണ് ഈ വർഷത്തെ ലോകപ്രശസ്തമായ ഫോയിഡ് അവാർഡ് നേടിയിരിക്കുന്നത്. പ്രകൃതിവിഭവങ്ങൾ വേർതിരിച്ചെടുക്കുന്നതിൽ വിശ്വപ്രസിദ്ധമായ ഫ്രഞ്ച് കമ്പനി മാനെ കാൻകോർ ആണ് 2024ൽ ഈ കോർപ്പറേറ്റ് ഓഫീസ് കെട്ടിടം നിർമിച്ചത്. ഒരു വർഷം മുമ്പ് അതിന്റെ രൂപകല്പനയും നിർമാണവും അവർ ഭരമേല്പിച്ചത് യുവ ആർക്കിടെക്റ്റ് മനു മാർട്ടിന്റെ നേതൃത്വത്തിലുള്ള Curved Dimension എന്ന വാസ്തുവിദ്യാ ഡിസൈൻ സ്ഥാപനത്തെയാണ്. അവർ സമർപ്പിച്ച ഡിസൈൻ അംഗീകരിക്കപ്പെടുകയും വെറും ഒരു വർഷത്തിനുള്ളിൽ അതിൻപ്രകാരമുള്ള നിർമാണം പൂർത്തിയാവുകയും ചെയ്തു.

വിവിധ വിഭാഗങ്ങളിലെ വാസ്തുവിദ്യാ രൂപകല്പന കൾക്ക് നൽകുന്ന അവാർഡാണ് ഫോയിഡ്. കൊമേഴ്സ്യൽ ബിൽഡിങ് വിഭാഗത്തിൽ അമേത്തിസ്റ്റ് പ്ലാറ്റിനം അവാർഡ് നേടി. അവാർഡിനായി വന്ന രണ്ടായിരത്തോളം ഡിസൈനുകളിൽ നിന്നാണ് മനു മാർട്ടിന്റെയും സംഘത്തിന്റെയും ഡിസൈൻ തിരഞ്ഞെടുക്കപ്പെട്ടത്. ഇക്കഴിഞ്ഞ ഡിസംബർ 20ന് മുംബൈയിൽ വച്ചായിരുന്നു അവാർഡു ദാനം.

'ദൈവത്തിന്റെ കൈയൊപ്പ് ഉള്ള ഡിസൈൻ' എന്നാണ് അമേത്തിസ്റ്റിനെ കുറിച്ചുള്ള ശ്രീ. മനു മാർട്ടിന്റെ വിലയിരുത്തൽ. സ്വപ്നം കാണാൻ കഴിയുന്നതിനു മൊക്കെ അപ്പുറത്തേക്കു നീളുന്ന അനുഭവമായിരുന്നത്രേ ആ നിർമിതിക്കാലം.'അപ്പൂപ്പൻ എവിടെ വച്ച് തന്റെ നിർമാണ പ്രവർത്തനങ്ങൾ സുവിശേഷവേലയ്ക്കായി നിറുത്തിയോ അവിടെ വച്ച് ചെറുമകനെ വാസ്തുവിദ്യാ മികവിലേക്ക് ദൈവം ഉയർത്തി' - ഇതാണ് മനുവിന്റെ പിതാവ് ശ്രീ. മാർട്ടിൻ ജോസിന് പറയാനുള്ളത്.

## വാർത്തകൾ NEWS

'ആധുനിക എറണാകുളത്തിന്റെ മുഖ്യശില്പി' എന്നറിയപ്പെടുന്ന, പരേതനായ ശ്രീ. പി.പി. ജോർജ് ചേട്ടന്റെ പേരക്കിടാവാണ് മനു മാർട്ടിൻ. കൊച്ചിൻ ഷിപ്പ് യാർഡിലെ 110 അടി വാട്ടർ ടാങ്ക് (1975), എം.ജി. റോഡിലെ ജോസ് ബ്രദേഴ്സ് കെട്ടിടം, ഫയർ സ്റ്റേഷൻ കെട്ടിടം, എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷൻ, ജിസിഡിഎ ക്വാർട്ടേഴ്സ്, ആലപ്പാട്ട് ബ്രദേഴ്സിന്റെ രണ്ടു ബംഗ്ലാവുകൾ, ലിസി ആശുപത്രിയുടെ ചാപ്പൽ, കലൂർ റിന്യൂവൽ സെന്റർ, സെന്റ് മേരീസ് ബസിലിക്കയുടെ എതിർ വശത്തുള്ള കാത്തലിക് സെന്റർ, മറൈൻ ഡ്രൈവിലെ കൊച്ചിൻ ബാങ്ക് (അക്കാലത്തെ ഏറ്റവും വലിയ കെട്ടിടം ഇപ്പോൾ SBI ഓഫീസാണ്), കപ്പൽപള്ളി (1985), സരിത-സവിത-സംഗീത തിയേറ്റർ കോംപ്ലക്സ് എന്നിവയുടെ രാജശില്പിയായിരുന്നു അദ്ദേഹം.



### *ഡെൻ ക്ലാസിക് ബോഡി ബിൽഡിംഗ്: അമൽ റോയ്ക്ക് നേട്ടം; മിസ്റ്റർ കേരള കിരീടം എറണാകുളത്തിന്*

തിരുവനന്തപുരം: തലസ്ഥാനത്ത് നടന്ന ഡെൻ ക്ലാസിക് ഓപ്പൺ കേരള ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പിൽ മിന്നുന്ന പ്രകടനവുമായി എറണാകുളം സ്വദേശി അമൽ റോയ്. ജനുവരി 17 ശനിയാഴ്ച നടന്ന ആവേശകരമായ മത്സരത്തിൽ മെൻസ് ഫിസിക് 180+ സെ.മി വിഭാഗത്തിൽ ഒന്നാം സ്ഥാനവും 'മിസ്റ്റർ കേരള' പട്ടവും അമൽ സ്വന്തമാക്കി.വിവിധ ജില്ലകളിൽ നിന്നുള്ള പ്രമുഖ താരങ്ങൾ മാറ്റുരച്ച 'മെൻസ് ഫിസിക് ചാമ്പ്യൻ ഓഫ് ചാമ്പ്യൻസ്' പോരാട്ടത്തിൽ ഫസ്റ്റ് റണ്ണർ അപ്പ് സ്ഥാനവും അമൽ കരസ്ഥമാക്കി. എറണാകുളം ഇരുമ്പനം പുല്ലേശ്ശേരി റോയിയുടെയും ലൈസയുടെയും മകനാണ് അമൽ റോയ്.കഠിനമായ പരിശീലനത്തിലൂടെയും ചിട്ടയായ ജീവിതശൈലിയിലൂടെയും കായിക വേദിയിൽ ശ്രദ്ധേയമായ വിജയം കൈവരിച്ച അമലിനെ വിവിധ സംഘടനകൾ അഭിനന്ദിച്ചു.



# പുതിയ തലമുറയിലെ പുതിയ പ്രശ്നം

മത്താ 19: 3-6



ഡോ. വിൻസെന്റ്
വാര്യത്ത്



**ഇ**ന്ന് വായിച്ചുകേട്ട സുവിശേഷ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നത് ദാമ്പത്യം ദൈവം യോജിപ്പിച്ചത് ആണെന്നും മനുഷ്യർ വേർപിരിക്കുവാൻ പാടില്ലാത്തതാണെന്നുമാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ട പാഠമാണ്.

സന്തതികളുടെ വർദ്ധനയ്ക്കും സ്നേഹത്തിന്റെ പങ്കുവയ്ക്കലിനും വേണ്ടി പുരുഷനും സ്ത്രീയും ഒന്നുചേരുന്നു. അങ്ങനെ കുടുംബം ഉണ്ടാവുന്നു, സമൂഹം ഉണ്ടാവുന്നു. ദൈവിക പദ്ധതി അനുസരിച്ച് ലോകം, കുടുംബത്തിലൂടെ, സമൂഹത്തിലൂടെ മുന്നേറുന്നു. പക്ഷേ സകല ദൈവീക നിയമങ്ങളേയും പ്രപഞ്ചത്തിന്റെ താളത്തേയും കാറ്റിൽ പറത്തുന്ന പ്രവണതകളാണ് നമുക്കു ചുറ്റും. നമ്മൾ അത് വളരെ ഗൗരവത്തോടുകൂടി നോക്കിക്കണ്ട് വിചിന്തനം ചെയ്യണം.
2023 ലെ പഠനമനുസരിച്ച് കേരളത്തിലെ യുവതീ-യുവാക്കൾ വിവാഹം കഴിക്കാൻ താല്പര്യം ഏറെ കുറഞ്ഞവരായി മാറിയിരിക്കുന്നു. ഈ പഠനം അനുസരിച്ച് ക്രൈസ്തവ യുവതികളിൽ 84% പെൺകുട്ടികൾ വിവാഹമേ വേണ്ട എന്ന് പലവട്ടം ചിന്തിക്കുന്നവരാണ്. 2023 ലെ തന്നെ മറ്റൊരു പഠനമനുസരിച്ച് മാട്രിമോണിയൽ വെബ്സൈറ്റുകളിൽ പേര് രജിസ്റ്റർ ചെയ്യപ്പെടുന്ന ആൺകുട്ടികളുടെ എണ്ണം 20,919 ആണെങ്കിൽ പെൺകുട്ടികളുടെ എണ്ണം 2758 മാത്രമാണ്. അതായത് 86% വ്യത്യാസമാണ് ഉള്ളത്!

### *എന്തുകൊണ്ട് പുതുതലമുറയിൽ പലരും വിവാഹം വേണ്ട എന്ന് ചിന്തിച്ചു തുടങ്ങുന്നു?*

1.സ്വാതന്ത്ര്യം പോകും എന്നുള്ള ചിന്ത. ആർക്കെങ്കിലും വിധേയപ്പെട്ട് കഴിയാനോ, വ്യക്തി താല്പര്യങ്ങൾ മാറ്റിവയ്ക്കാനോ തയ്യാറല്ലാത്തവരുടെ എണ്ണം വളരെയധികം കൂടുന്നുണ്ട്.

2.ദാമ്പത്യ പ്രശ്നങ്ങളെക്കുറിച്ചുള്ള ഉൾഭയം. സ്വന്തം കുടുംബത്തിൽ തന്നെ മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങളും സ്ഥിരമായ വഴക്കുകളും കണ്ടു മനസ്സു മടുത്ത് യുവതീ-യുവാക്കന്മാർ ഇത്തരം വിഷകാരികളായ (toxic) ബന്ധങ്ങളിലേക്ക് പ്രവേശിക്കുവാൻ താല്പര്യം ഇല്ലാത്തവരായി മാറുകയാണ്. ബന്ധങ്ങൾ ബന്ധനമാണെന്ന ഒരു ചിന്തമൂലം അവർ ബന്ധമേ വേണ്ടെന്ന് വയ്ക്കുകയാണ്.

3.പണ്ടത്തെ ആളുകളെ അപേക്ഷിച്ച് സാമ്പത്തിക സ്ഥിരതയ്ക്കും ഉന്നമനത്തിനും വേണ്ടി കൂടുതൽ കരുനീക്കം നടത്തുന്നവരുടെ എണ്ണം കൂടുതലാണ്. പണ്ട്, ഉള്ളതുകൊണ്ട് ഓണം എന്ന മട്ടിൽ ധാരാളം കുഞ്ഞുങ്ങളെയൊക്കെ

പോറ്റി പോന്നിരുന്ന തലമുറയുടെ സ്ഥാനത്ത് ഇന്ന് ഏറ്റവും ഭദ്രമായ സാമ്പത്തികനില വന്നാൽ മാത്രമേ വിവാഹം കഴിക്കൂ എന്നൊരു ചിന്തയുള്ള തലമുറയാണുള്ളത്. അതുകൊണ്ടുതന്നെ 95% പെൺകുട്ടികളും, രണ്ടു പങ്കാളികൾക്കും സാമ്പത്തിക ഭദ്രത വന്നതിനു ശേഷമേ വിവാഹം കഴിക്കൂ എന്ന നിലപാട് എടുത്തിരിക്കുകയാണ്.

4.ജോലിക്ക് അമിതപ്രാധാന്യം. സ്വന്തം ജോലി, സ്വന്തം കാലിൽ നിൽക്കുവാനുള്ള വരുമാനം, സ്വന്തം താൽപര്യങ്ങൾ കൃത്യമായി സംരക്ഷിക്കുവാനുള്ള സാമൂഹിക ഉന്നമനം ഇവയൊക്കെ മനസ്സിൽ ഉള്ളതുകൊണ്ട് തന്നെ ദാമ്പത്യം ഇതിനു ഒരു വിലങ്ങുതടി ആകുമോ എന്ന് ചിന്തിക്കുന്നവരുടെ എണ്ണം വളരെ കൂടുതലാകുന്നു. വിദേശത്ത് പോയി ജോലിചെയ്ത് പണം സമ്പാദിച്ച് സ്വസ്ഥതയോടുകൂടി ജീവിച്ചാൽ പോരേ! വിവാഹത്തിലേക്ക് എന്തിന് പ്രവേശിക്കണം എന്ന ചിന്ത പലരിലും ശക്തമായി മാറുന്നുണ്ട്.

5.ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള മടി. കുഞ്ഞുങ്ങളെ വളർത്തുന്നതും വൃദ്ധരായവരെ സംരക്ഷിക്കുന്നതുമൊക്കെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ആയി കാണുന്നവർ ധാരാളമുണ്ട് ഇന്ന്. ശരിയായി പറഞ്ഞു കഴിഞ്ഞാൽ സ്വന്തം സ്വാർത്ഥതയുടെ കംഫർട്ട്സോണിൽ നിന്നും പുറത്തേക്കിറങ്ങാൻ പോലും പലരും തയ്യാറല്ല. അതുകൊണ്ടുതന്നെ സ്വന്തം ജീവിതം അടിച്ചുപൊളിച്ച് ആസ്വദിച്ച് മുന്നേറിയാൽ പോരെ, വെറുതെ റിസ്ക് എടുക്കേണ്ടത് എന്തിന് എന്ന ചോദ്യം വരുന്നു! മാതാപിതാക്കളെ സംരക്ഷിക്കുന്നതും, കുഞ്ഞുങ്ങളെ വളർത്തുന്നതും സഹോദരങ്ങൾക്ക് വേണ്ടി ജീവിക്കുന്നതുമൊക്കെ ഭാരമായി ഒരു തലമുറ കാണാൻ തുടങ്ങുമ്പോൾ അത് സമൂഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ദയനീയമായ ഒരു അധഃപതിക്കൽ ആയി നമ്മൾ തിരിച്ചറിയണം.

*സന്തതികളുടെ വർദ്ധനയ്ക്കും സ്നേഹത്തിന്റെ പങ്കുവയ്ക്കലിനും വേണ്ടി പുരുഷനും സ്ത്രീയും ഒന്നുചേരുന്നു. അങ്ങനെ കുടുംബം ഉണ്ടാവുന്നു, സമൂഹം ഉണ്ടാവുന്നു. ദൈവിക പദ്ധതി അനുസരിച്ച് ലോകം, കുടുംബത്തിലൂടെ, സമൂഹത്തിലൂടെ മുന്നേറുന്നു. പക്ഷേ സകല ദൈവീക നിയമങ്ങളേയും പ്രപഞ്ചത്തിന്റെ താളത്തേയും കാറ്റിൽ പറത്തുന്ന പ്രവണതകളാണ് നമുക്കു ചുറ്റും. നമ്മൾ അത് വളരെ ഗൗരവത്തോടുകൂടി നോക്കിക്കണ്ട് വിചിന്തനം ചെയ്യണം.*

6.വിവാഹത്തിന് ബദൽ ആയിട്ട് പല പുതിയ സങ്കേതങ്ങളും യുവാക്കൾക്കിടയിൽ പ്രചാരത്തിൽ ആവുന്നുണ്ട്. വളരെയധികം പേർ ഏകസ്ഥ ജീവിതം തിരഞ്ഞെടുക്കുന്നു. വിവാഹം എന്ന കെട്ടല്ലാതെ, കാറ്റത്ത് പറക്കുന്ന നിലവിട്ട പട്ടങ്ങൾ പോലെ ജീവിക്കാൻ അവർ ആഗ്രഹിക്കുന്നു. പുതിയ തലമുറ നെഞ്ചോട് ചേർക്കുന്ന കുറേ പുതിയ പദപ്രയോഗങ്ങളും ഉണ്ട്. സിറ്റുവേഷൻഷിപ്പ് (Situationship) എന്ന് പുതിയ തലമുറക്കാർ വിളിക്കുന്നത് വിവാഹബന്ധത്തിന് ബദലായ ഒരു സംവിധാനത്തെയാണ്. അതായത് ആരോടും പ്രത്യേക കമ്മിറ്റ്മെന്റ് ഇല്ലാതെ, ദാമ്പത്യ ബന്ധം ഇല്ലാതെ സാഹചര്യമനുസരിച്ച് തൽക്കാലത്തേക്ക് ഒരുമിച്ച് ജീവിക്കുന്ന സ്വാർത്ഥരീതിയാണത്. അടുത്ത ഒരു പദപ്രയോഗം Virtual intimacy എന്ന പ്രയോഗമാണ്. ലോങ്ങ് ഡിസ്റ്റൻസ് റിലേഷൻഷിപ്പ് ആണത്. ഫോണിലൂടെയും ചാറ്റിലൂടെയും ഉള്ള ബന്ധം മാത്രം! ഹൃദയത്തിൽ തൊട്ട ആത്മബന്ധം ഒന്നുമില്ല. മറ്റൊരു രീതി ഏതെങ്കിലും വ്യക്തിയോട് പ്രത്യേകമായ കമ്മിറ്റ്മെന്റ് ഇല്ലാതെ ഒരേസമയം പലരുമായിട്ട് ബന്ധം പുലർത്തുന്ന രീതിയാണത്. Open relation എന്നാണിതിന്റെ ഓമന പേര്.

ഈ സംസ്കാരങ്ങൾ മരണസംസ്കാരം ആണെന്ന് എടുത്തു പറയേണ്ട ആവശ്യമില്ല. പേടിയോടുകൂടി നമ്മൾ ചിന്തിക്കണം. ഗാർഹിക സഭ എന്ന് വിളിക്കപ്പെടുന്ന, സംസ്കാരത്തിന്റെ ഈറ്റില്ലമായ, ആത്മീയതയുടെ വിദ്യാലയമായ കുടുംബം ഇല്ലാതാകുന്ന ഒരു സംസ്കാരം വന്നാൽ എങ്ങനെയാണ് ഒരു സമൂഹത്തിന് മുന്നേറുവാൻ സാധിക്കുക! നമ്മൾ കൃത്യമായി വിചിന്തനങ്ങളും ബോധവൽക്കരണ പരിപാടികളും ആരംഭിക്കേണ്ട സമയം ആയിട്ടുണ്ട്.

**ചോദ്യങ്ങൾ**

*1.വിവാഹം വേണ്ടെന്ന് വെയ്ക്കുന്നവരുടെ എണ്ണം നമ്മുടെ സമൂഹത്തിൽ കൂടുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാം.*

*2.നല്ല കുടുംബജീവിതത്തിന്റെ സാക്ഷ്യം നൽകുവാൻ വിവാഹിതർക്ക് പറ്റാത്ത സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ടോ?*

*3.ദൈവിക പരിപാലനയിൽ ആശ്രയിക്കാതെ മനുഷ്യന്റെ പദ്ധതികളിൽ മാത്രം ആശ്രയിക്കുന്ന പ്രവണത പുതിയ തലമുറയിൽ കൂടുതലാണോ?*

പിൻമൊഴി

# പുലരെ പൂന്തോണിയിൽ



ഫാ. യേശുദാസ് പഴമ്പിള്ളി

ജനുവരിയുടെ സ്നേഹതീരങ്ങളിൽ നിന്നും പുലരെ പൂന്തോണിയിൽ ഒരു യാത്ര. പ്രതീക്ഷ കളുടെ അക്കരയ്ക്കാണ് കിനാവ് നിറച്ച മനസ്സുമായുള്ള ഈ തുഴയെറിയൽ. എത്രമാത്രം പ്രതീക്ഷകളോടെയാണ് യാത്ര ആരംഭിച്ചത്. ചെറുകാറ്റിന്റെ അകമ്പടിയോടെയുള്ള തുടക്കത്തിൽ മനസ്സിങ്ങനെ നിർത്താതെ തുള്ളുകയായിരുന്നു. പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ തീരം അകന്നു പോകുന്ന കാഴ്ച, മുന്നോട്ട് നോക്കുമ്പോഴോ കടവ് അടുത്ത് വരുന്ന പോലെ.. വള്ളം തുള്ളിതുളുമ്പുന്ന തിരകൾക്കൊത്ത് മുന്നോട്ട് പായുന്നു, ഒപ്പം മനസ്സും. അക്കരയെന്ന യാഥാർത്ഥ്യത്തിന്റെ ശാദ്വല തീരം ദൈവം ഒരുക്കി വച്ചിരിക്കുന്ന സ്വർഗ്ഗീയ അനുഭവമാണ്. സിരകളിൽ ഒഴുകുന്ന രക്തത്തിന് വേദനിക്കുംവിധം ആഞ്ഞു തുഴയണം. കാരണം കാലം കാത്തുവെച്ച കടവ് എനിക്ക് ഒരിക്കലും നഷ്ടപ്പെടരുത്. ഒരുപക്ഷേ തിരകൾ സ്നേഹത്തോടെ ഉമ്മ കൊടുക്കുന്ന തീരത്ത് കാനാൻദേശത്തിന്റെ സമ്പന്നതകൾ ഉണ്ടാകാം. അതോ ദുർഭഗതയുടെ, വേരറ്റുപോയ മരക്ഷണങ്ങളോ. തുഴയാം തീരത്തെത്തും വരെ. ആകാശത്തു മുങ്ങിത്താണ് അത്ഭുത ചിത്രങ്ങൾ വരയ്ക്കുന്ന ചെറുകിളികൾ വട്ടമിട്ട് പറന്ന് ഉറ്റുനോക്കുന്നുണ്ട്. പുഴയുടെ ഗർഭത്തിൽ നിന്നും ചെറുമീനുകൾ ചാടിത്തുള്ളി ചാഞ്ചക്കം മറിഞ്ഞ് ചിരിച്ചു കൊഞ്ചുന്നുണ്ട്. ചുറ്റുമലയടിക്കുന്ന ചെറുകാറ്റ് വേഗം പോ എന്ന് പറഞ്ഞ് കവിളിൽ നുള്ളുന്നുണ്ട്. ക്ഷീണത്തിൽ അണക്കാതെ ചെറുതോണി മുന്നോട്ടു പോട്ടെ. കാരണം ഈശോയാണല്ലോ അമരത്തിരിക്കുന്നത്. എന്റെ യാത്ര അസ്വസ്ഥതകളുടെ പ്രയാണമാകാതെ, സ്നേഹാസ്വാദനത്തിന്റെ തീർത്ഥാടനമാകട്ടെ. ആകാശത്തേക്ക് കുതിച്ചു കയറുന്ന നിറപ്പട്ടത്തിന്റെ വർണ്ണനൂലിൽ പിടിച്ച് അമ്പരക്കുന്ന യുവ മനസ്സിനെ പോലെ, ഞാനും ഒരു നിമിഷം, ആനന്ദത്തുടിപ്പ് ചങ്കിൽ ചേർത്ത് പിടിക്കട്ടെ. നനവുള്ള തിരകൾക്കപ്പുറം സ്നേഹത്തുടിപ്പുള്ള തീരം എത്താറായി.... മനസ്സേ തുഴയുക.



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004